# വൈദ്യ ചന്ദ്രിക

DEEPIKA BOOK HOUSE
KOTTAYAM

964
M90

മൂലക്കാട്ട്

# വൈദ്യചന്ദ്രിക


സൈമൺ മൂലക്കാട്ട്



DEEPIKA BOOK HOUSE • KOTTAYAM •

Q64
M90

DHARMARAM COLLEGE LIBRARY, BANGALORE.



വിതരണം

ദീപിക ബുക്ക് ഹൗസ്

കോട്ടയം — 686001

വില 2. 50

(Malayalam)
**Vaidyachandrika**
By Simon Mulakkattu
Rights Reserved
First Published November 1973
Copies: 2000
Printed at
H. M. Major Press, Kuravilangad
Price Rs. 2. 50
Published by the Author
Distributors:
Deepika Book house
Kottayam - 686001

# ഉള്ളടക്കം


I ആമുഖം
II ആശംസകൾ
III വിവിധ സുഖക്കേടുകൾ — പേജ്

| | | |
|---|---|---|
| 1. | ജലദോഷപ്പനി | 1 |
| 2. | ചെവികുത്ത് | 5 |
| 3. | വയറുനോവ് | 7 |
| 4. | ദഹനക്കുറവ് | 9 |
| 5. | ഛർദ്ദി | 10 |
| 6. | ഗർഭകാലഛർദ്ദി | 11 |
| 7. | ഛർദ്ദിയും ഒഴിച്ചിലും | 13 |
| 8. | അർശ്ശസ്സ് | 16 |
| 9. | വയറുകടി | 18 |
| 10. | സുഖവിരേചനങ്ങൾ | 19 |
| 11. | എക്കിൾ | 19 |
| 12. | പല്ലുവേദന | 20 |
| 13. | വാതം | 22 |
| 14. | അഗ്നിമാന്ദ്യം | 24 |
| 15. | അതിസ്ഥൗല്യം | 24 |
| 16. | അതിസാരം | 24 |
| 17. | അനലറി | 25 |
| 18. | അവബാഹു | 25 |
| 19. | അപസ്മാരം | 25 |
| 20. | അരുചി | 25 |
| 21. | അർദ്ദിതവാതം | 26 |
| 22. | അസ്ഥിസ്രാവം | 26 |
| 23. | ആർത്തവദോഷം | 27 |
| 24. | ആലസ്യം | 27 |
| 25. | ഇന്ദ്രിയസ്ഖലനം | 27 |
| 26. | മഞ്ഞപ്പിത്തം | 28 |
| 27. | കാസം | 28 |
| 28. | കഷ്ഠം | 28 |

| | | പേജ് |
|---|---|---|
| 29. | കൃമി | 28 |
| 30. | ഗർഭിണികഠം ശീലിക്കേണ്ടവ | 29 |
| 31. | ഗുന്മൻ | 29 |
| 32. | നാസാരോഗം | 30 |
| 33. | പക്ഷവാതം | 30 |
| 34. | പാണ്ഡുരോഗം | 30 |
| 35. | പീനസം | 31 |
| 36. | പ്രമേഹം | 31 |
| 37. | ബലക്കുറവ് | 32 |
| 38. | ബുദ്ധിമാന്ദ്യം | 32 |
| 39. | ബോധക്ഷയം | 32 |
| 40. | ഭഗന്ദരം | 32 |
| 41. | മദാത്യയം | 33 |
| 42. | മലബന്ധം | 33 |
| 43. | മൂത്രംചുടിച്ചിൽ | 34 |
| 44. | ശിരസ്തോഭം | 34 |
| 45. | ശുക്ലക്ഷയം | 34 |
| 46. | ശുക്ലസ്രാവം | 35 |
| 47. | ശൂല | 35 |
| 48. | ശ്വാസംമുട്ടൽ | 35 |
| IV | അനുഭവചികിത്സകഠം | 36 |
| V | അതിസാരത്തിനു കഷായങ്ങഠം | 63 |
| VI | ശുദ്ധികഠം | 69 |
| VII | സർപ്പമൃത്യു | 73 |
| VIII | അരിഷ്ടാസവങ്ങഠം കൂട്ടിയോജിപ്പിച്ചതു് | 83 |
| IX | വിവിധ സുഖക്കേടുകഠംക്കുപയോഗിക്കേണ്ട ആസവാരിഷ്ടങ്ങഠം | 94 |
| X | വെളുപ്പുദീനം | 97 |
| XI | ദേഹം നന്നാകാനുള്ള മരുന്നുകഠം | 99 |
| XII | നേത്രരോഗചികിത്സകഠം | 102 |

# ആമുഖം

ഞാൻ പ്രസിദ്ധീകരിക്കുന്ന പുസ്തകപരമ്പരയിലെ ആറാമത്തെ പുസ്തകമാണിതു്. ഇതിനുമുമ്പു് പ്രസിദ്ധീകരിച്ചിട്ടുള്ള അഞ്ചു പുസ്തകങ്ങളും വിഷചികിത്സയെക്കുറിച്ചാണു് പ്രതിപാദിച്ചിരിക്കുന്നതു്. എന്നാൽ നമ്മുടെയിടയിൽ സാധാരണ കണ്ടുവരാറുള്ള രോഗങ്ങൾക്കു പ്രതിവിധി നിർദ്ദേശിക്കുന്ന ഒരു പുസ്തകം തയ്യാറാക്കുവാൻ ഇക്കാലമത്രയും എനിക്കു തീവ്രമായ അഭിലാഷമുണ്ടായിരുന്നു. ഇന്നാണു് ആ ആഗ്രഹം സാധിതമാകുന്നതു്. ആരംഭത്തിൽ സൂക്ഷിച്ചു കൈകാര്യം ചെയ്താൽ ഗുരുതരമാകാത്ത തരത്തിലുള്ള പലതരം അസുഖങ്ങൾ നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങളെ ഇന്നു ബാധിക്കുന്നുണ്ടു്. എന്നാൽ നമ്മുടെ സൂക്ഷ്മക്കുറവുമൂലം പലപ്പോഴും ഈ രോഗങ്ങൾ വളരെ ഗുരുതരമായിത്തീരാറുണ്ടു്. അസുഖങ്ങൾ മൂർച്ഛിക്കുമ്പോൾ മാത്രമാണല്ലോ നാം മരുന്നു വാങ്ങുന്ന കാര്യംതന്നെ ശ്രദ്ധിക്കുക. അശ്രദ്ധ എന്നും മററും കുററാരോപണം ചെയ്യാമെങ്കിലും നമ്മുടെ സാഹചര്യവും കണക്കിലെടുക്കേണ്ടതുണ്ടല്ലോ.

ഈ സന്ദർഭത്തിൽ നിസ്സാര ചെലവിൽ പ്രയോഗിക്കാവുന്നതും നിരുപദ്രവകരവുമായ ഔഷധങ്ങളെപ്പററി സാധാരണക്കാർക്കറിവുണ്ടെങ്കിൽ അതൊരനുഗ്രഹമായിരിക്കും എന്നെനിക്കു തോന്നി. അതാണു് ഈ പുസ്തകപ്രസിദ്ധീകരണത്തിനു് എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. എൻെറ ലക്ഷ്യം സഫലമാകണമെങ്കിൽ ഈ പുസ്തകത്തെ സമീപിക്കുന്നവർ ചില കാര്യങ്ങൾ കാലേ കൂട്ടി ധരിച്ചിരിക്കേണ്ടതുണ്ടു്.

മഹാരോഗങ്ങളായ ന്യൂമോണിയ, റൈറഫോയിഡ്, കോളറ, ക്ഷയം, അർബ്ബുദം മുതലായവയല്ല ഇതിലെ പ്രതിപാദ്യവിഷയം. പ്രത്യുത താണതരം

രോഗങ്ങളോ, രോഗങ്ങളെന്നു വിശേഷിപ്പിക്കേണ്ടതി ല്ലാത്ത അസുഖങ്ങളോ മാത്രമാണ് ഇതിൽ പ്രതിപാദി ക്കപ്പെട്ടിരിക്കുന്നതു്. പ്രാഥമിക ചികിത്സമാത്രം ഉദ്ദേ ശിച്ചുകൊണ്ടു എഴുതപ്പെട്ടിട്ടുള്ളതാണ് ഈ പുസ്തകം. ഇതിൽ കൊടുത്തിട്ടുള്ള പ്രതിവിധികൾകൊണ്ടു അസുഖം കുറയുന്നില്ലെന്നു കണ്ടാലുടനെ നേരിട്ടുള്ള വൈദ്യസഹാ യം തേടേണ്ടതാണ്.

പുസ്തകത്തിൽനിന്നും മനസ്സിലാക്കി സ്വന്ത മായി ചികിത്സിക്കേണ്ടതാകയാൽ ഔഷധങ്ങൾ പാകു പ്പെടുത്തുന്നതിനും പ്രയോഗിക്കുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ കൊടുക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ഓരോ അസുഖത്തിനും പ്രത്യേകം പ്രതിവിധികൾ നിർദ്ദേശി ച്ചിട്ടുണ്ടു്. പക്ഷെ കൂട്ടുകൂടാതെ അസുഖങ്ങളും പ്രത്യക്ഷ പ്പെടാറില്ലല്ലോ. അതുകൊണ്ടു് ഒന്നിലധികം അസുഖ ങ്ങൾ ഒരേസമയം ബാധിക്കുന്നതും സർവ്വസാധാരണവുമാ യവസ്ഥ അതനുസരിച്ചുള്ള ചികിത്സയും നിർദ്ദേശിച്ചിട്ടു ണ്ടു്. നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത വിധത്തിലും രോ ഗലക്ഷണങ്ങൾ കണ്ടെന്നുവരാം. ഈ സന്ദർഭത്തിൽ ന മ്മുടെ സാമാന്യബുദ്ധിയും ഔചിത്യബോധവുമാണ് മു ഖ്യമായി പ്രവർത്തിക്കേണ്ടതു്. ഓരോ രോഗത്തിനും പല പല പ്രതിവിധികൾ നിർദ്ദേശിച്ചിട്ടുണ്ടു്. അവ യുക്തംപോലെ പ്രയോഗിച്ചു നോക്കാവുന്നതാണ്.

എന്റെ മുൻഗ്രന്ഥങ്ങളെ സഹർഷം സ്വീകരി ച്ച് അംഗീകരിച്ച കേരളീയർ ഈ ഗ്രന്ഥത്തിനും ഹാർദ്ദ മായ സ്വാഗതം നൽകുമെന്നു് എനിക്കുറപ്പുണ്ടു്. എന്റെ 75-ാം ജന്മദിന സ്മാരകമായി ഈ പുതിയ ഗ്രന്ഥത്തെ സഹൃദയസമക്ഷം ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ.

# ഗ്രന്ഥകാരൻെറ കൃതികൾ


1. വിഷവൈദ്യാമൃതം
2. വിഷവൈദ്യം
3. ഭൈഷജ്യരത്നാകരം
4. വിഷചികിത്സാസമുച്ചയം
5. വിഷപ്പാമ്പുകളും വിഷാന്തകങ്ങളും
6. വൈദ്യചന്ദ്രിക

# വിഷഹരങ്ങളായ ഔഷധങ്ങൾ

1. ഗരളഭേദി
2. വിഷകുഠാരം
3. വിഷസംഹാരി
4. മൃതസഞ്ജീവനി
5. കാത്സ്യാടോണിക്ക്
6. വെട്ടുമാറൻ ഗുളിക
7. ടിർഹാക്
8. വിഷമരുന്ന്
9. കോസ്മോണൽ പ്ലാസ്റ്റർ
10. സർപ്പമൃത്യ
11. വിഷക്കല്ല്

ആവശ്യപ്പെടുക —

സെൻറ് ആൻറണീസ് വിഷചികിത്സാലയം
(രജി. നമ്പർ 14003/G2/73/HD)
പുതുപ്പള്ളി P. O., കോട്ടയം 686011
വൈദ്യൻ: റവ. സൈമൺ മൂലക്കാട്ട് സി. എം. ഐ.



# Most Holy Father

**Br. Simom CMI**

humbly implore from Your Holiness a special

**Apostolic Blessing**

as a pledge of divine graces and favors.
who completes his 75th birth day and the
60th year of treating those poisoned by
snake-bite

SSmus Dominus [illegible] Apostolicam
concessit Ex Aedibus Vat. die [illegible]

[illegible]

# 1. ജലദോഷപ്പനി (മല്ലൻപനി)

കാലാവസ്ഥയുടെ മാററം അനുസരിച്ച് നമ്മുടെ നാട്ടിൽ പലരേയും കൂടെക്കൂടെ അലട്ടുന്ന ഒരസുഖമത്രെ മല്ലൻപനി. ഈ അസുഖം പിടിപെടുന്നതു് എപ്പോഴെന്നു് നാം അനുഭവത്തിൽനിന്നും മനസ്സിലാക്കിയിട്ടുണ്ടു്. മഴ നനയുക, മഞ്ഞുകൊള്ളുക, തണുപ്പടിക്കുക, ദൂഷിച്ചവെള്ളം കുളിക്കുവാനും കുടിക്കുവാനും ഉപയോഗിക്കുക, ചൂടുവെള്ളത്തിൽ കുളിച്ചുപരിചയിച്ചവർ പച്ചവെള്ളത്തിൽ കുളിയ്ക്കുക, പൊടിനിറഞ്ഞ വായു ശ്വസിക്കുക ഇതെല്ലാം അസുഖത്തിനു കാരണമാകുന്നു. തുമ്മൽ, മൂക്കടെപ്പ്, തൊണ്ടനൊമ്പരം, ക്രമേണ കഫമിളക്കം, ചുമ, ശരീരത്തിനു ചൂടുകൂടുതൽ, തലവേദന, ദേഹമാകെ നൊമ്പരം ഇത്രയുമായാൽ ജലദോഷപ്പനി അഥവാ മല്ലൻപനി ബാധിച്ചതായി കരുതാം.

ആരംഭത്തിൽ സൂക്ഷിച്ചാൽ നിസ്സാരമത്രെ. എന്നാൽ സൂക്ഷ്മതക്കുറവുകൊണ്ടു് മററു രോഗങ്ങളായി മാറാവുന്നതാണു്.

## ജലദോഷത്തിൻെറ ആരംഭത്തിൽ എന്തുചെയ്യണം

ഒന്നാമതായി ശരീരാദ്ധ്വാനം ഉപേക്ഷിക്കണം. അടുത്ത പടിയായി സാധാരണ കഴിക്കാറുള്ള ഭക്ഷണം തൽക്കാലത്തേയ്ക്കു് കഴിക്കാതിരിക്കണം. വിശപ്പും, ദാഹവും അനുസരിച്ച് മൊരിച്ച റൊട്ടി, ബാർലരിവെള്ളം ഇവ കഴിക്കാം. കുളിയ്ക്കുകയോ പകലുറങ്ങുകയോ ചെയ്തുകൂടാ.

അമൃതാരിഷ്ടം, പർപ്പടാരിഷ്ടം ഇവ സമം ചേർത്തു് ഒരൗൺസ് എടുത്തതിൽ ഒരു ''സർവ്വരോഗ കലാന്തകം'' ഗുളിക അരച്ചുചേർത്തു് ദിവസം മൂന്നുനേരം സേവിക്കുക. അതായതു് ഒരു ദിവസം മൂന്നു ഗുളികവീതം സേവിക്കണം.

ശക്തമായ പനിയുണ്ടെങ്കിൽ ''വെട്ടുമാറൻ ഗുളിക'' ഒരെണ്ണംവീതം ഊറൽ നീക്കിയെടുത്ത ഇഞ്ചിനീരിൽ ദിവസം രണ്ടുനേരം സേവിക്കുക. രാവിലെയും വൈകിട്ടും ''വെട്ടുമാറൻ'' ഗുളിക ഇഞ്ചിനീരിൽ സേവിക്കുമ്പോൾ അരിഷ്ടത്തിൽ സേവിക്കുവാനുള്ള ''സർവ്വരോഗകുലാന്തകം'' ഗുളിക ഉച്ചയ്ക്കുമാത്രം സേവിച്ചാൽ മതിയാകും.

രാസ്നാദിപൊടി നിറുകയിൽ തിരുമ്മുക. ചെറുനാരങ്ങാനീരിൽ രാസ്നാദിപൊടി ചാലിച്ച് നിറുകയിൽ തളം വയ്ക്കുക. അമൃതാരിഷ്ടത്തിൽ ധാന്വന്തരം ഗുളിക അരച്ചുചേർത്ത് ദിവസം 2 നേരം സേവിക്കണം. കൂടുതൽ ഉള്ളപക്ഷം വിഷമജ്വരാന്തകം ഗുളിക അരച്ച് (അമൃതാരിഷ്ടത്തിൽ) ദിവസം 3 നേരം സേവിക്കുക. കുരുമുളകു വെന്ത വെള്ളവും കട്ടംചായയിൽ ചെറുനാരങ്ങാനീര് ചേർത്തും കുടിക്കാം. താലീശപത്രാദി പൊടിയോ വടകമോ കൂടെക്കൂടെ ഉപയോഗിക്കുക. നാസികാചൂർണ്ണം മൂക്കിൽ വലിക്കുകയും ചെയ്യുക. പാചനാമൃതം, അമൃത്തോത്തരം എന്നീ കഷായങ്ങൾ സൂര്യപ്രഭാവടി, വിഷമജ്വരാന്തകം, ധാന്വന്തരം, വില്വാദിഗുളികയും ചേർത്ത് സേവിക്കുക ഹിതങ്ങളാണ്.

തലവേദനയുണ്ടെങ്കിൽ മുലപ്പാലിൽ കച്ചൂരാദി പൊടിചേർത്ത് എണ്ണത്തുടത്തിലോ കരണ്ടിയിലോ വച്ചു തിളപ്പിച്ച് കുഴമ്പുപാകത്തിലാക്കി ചെറുചൂടോടെ നിറുകയിൽ വെയ്ക്കുക.

ദാഹത്തിനു് ചെറുനാരങ്ങാനീര് തിളപ്പിച്ചാറിയ വെള്ളത്തിൽ ഒഴിച്ച് ആവശ്യത്തിനു കൽക്കണ്ടവും പൊടിച്ചുചേർത്ത് കൊടുക്കാവുന്നതാണ്. ദാഹം കൂടുതലുണ്ടെങ്കിൽ താഴെ കുറിക്കുന്ന കഷായം കൊടുക്കുക.

## കഷായത്തിനു്

മുത്തങ്ങാക്കിഴങ്ങ്, ചന്ദനം, ചുക്ക്, ഇരുവേലി, രാമച്ചം, പർപ്പടകപ്പുല്ല്, ഇവ രണ്ടു കഴഞ്ചുവീതം കഴുകി ചതച്ച് $1\frac{1}{4}$ (ഒന്നേകാലിടങ്ങഴി) വെള്ളത്തിൽ വെ

ന്നു് നാഴിയാക്കിയിട്ടുകൊണ്ടു് ഓരോ തുടം കഷായമെടു ത്തു് ഇന്തുപ്പു് മേമ്പൊടിചേർത്തു് കുടിക്കാൻ കൊടുക്കുക.

ചുമയുള്ളപക്ഷം വില്വാദിലേഹ്യം ഒരു ടീസ്പൂൺ വീതം കൂടെക്കൂടെ സേവിക്കുക.

ശരീരവേദനയുണ്ടെങ്കിൽ തിളപ്പിച്ച വെള്ളത്തിൽ തോർത്തുമുക്കി നന്നായിപ്പിഴിഞ്ഞു് ആവി പിടിപ്പിക്കാം.

ചങ്കുവേദന (നെഞ്ചിനുനൊമ്പരം) അനുഭവപ്പെടുന്നെങ്കിൽ പാത്ഥാരിഷ്ടവും ദശമൂലാരിഷ്ടവും സമം കൂട്ടിച്ചേർത്തു് ദിവസം രണ്ടു പ്രാവശ്യം കൊടുക്കുകയും ചെറിയ തോതിൽ ചൂടുവയ്ക്കുകയും ചെയ്യാം.

പനി കുറഞ്ഞുകഴിഞ്ഞാൽ വിശപ്പനുസരിച്ചു് പൊടിയരിക്കഞ്ഞി കൊടുക്കാം. ഇഞ്ചി ചമ്മന്തിയോ, ചുട്ട പപ്പടമോ കഞ്ഞിക്കു കൂട്ടാവുന്നതാണു്. മററു ഭക്ഷണമൊന്നും കഴിക്കരുതു് വിശ്രമം വളരെ ആവശ്യമാണെന്നു് പ്രത്യേകം ഓർമ്മിക്കണം.

പനി നല്ലവണ്ണം വിട്ടുമാറിക്കഴിഞ്ഞാൽ ആദ്യമായി എണ്ണ തേക്കാതെ ചൂടുവെള്ളത്തിൽ കുളിക്കുക. തലയിലെ വെള്ളമയം തീർത്തു പോകത്തക്കവിധം ശരിയായി തോർത്തണം. അഞ്ചാറു മിനിട്ടു കഴിഞ്ഞു് രാസ്നാദിപൊടി നിറുകയിൽ അല്പം തിരുമ്മിയാൽ നല്ലതാണു്. ഇങ്ങിനെ വെറും കുളി ഒന്നോ രണ്ടോ കഴിഞ്ഞശേഷം ഉപദ്രവമില്ലെന്നു കണ്ടാൽ ലാക്ഷാദി എണ്ണ തണുപ്പുമാററി എടുത്തു് തലയിൽ അല്പം തേച്ചു ചൂടുവെള്ളത്തിൽ കുളിക്കുക. അസുഖങ്ങാം വിട്ടുമാറിയെന്നു ബോദ്ധ്യപ്പെട്ടാൽ മുൻപതിവനുസരിച്ചു് കുളിക്കാവുന്നതാണു്.

പനി വിട്ടുമാറി കുളികഴിഞ്ഞാലും കുറേ ദിവസത്തേക്കു് വിശ്രമം ആവശ്യമാണു്. ഈ സമയങ്ങളിൽ ദഹനം അനുസരിച്ചു് കാച്ചിയ പാൽ കുടിക്കുന്നതു നല്ലതാണു്. എന്നാൽ ദഹനക്കുറവുണ്ടാകാതെ ശ്രദ്ധിക്കണം.

## മററു പ്രതിവിധികൾ

ജലദോഷപ്പനി പിടിപെട്ടാൽ നെഞ്ചുവേദന, ചുമ, ഭക്ഷണത്തിനു രുചിയില്ലായ്മ, ശരീരത്തിനു നല്ല ചൂട്, ഛർദ്ദി, ദാഹം, ഇവയെല്ലാം ചിലർക്കനുഭവപ്പെടും. ഈ അവസ്ഥയിൽ ഗുളൂച്യാദി കഷായം സേവിക്കുന്നതു നല്ലതാണ്.

## ഗുളൂച്യാദികഷായം

അമൃത്, വേപ്പിൻതൊലി, കൊത്തമല്ലി, പതിമുഖം, രക്തചന്ദനം ഇവ രണ്ടരക്കഴഞ്ചുവീതം കഴുകി ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി പിഴിഞ്ഞരിച്ച് രണ്ടുതുടം കഷായമെടുത്ത് കുറുക്കി ഒരു തുടമാക്കി അതിൽ ഓരോ ''സൂര്യപ്രഭാവടി'' ഗുളിക അരച്ചുചേർത്ത് സേവിക്കുക. പ്രായം കുറഞ്ഞവർക്കു അളവു കുറയ്ക്കണം.

ഗുളൂച്യാദി കഷായത്തിനു പകരം തോയതോയദാദി കഷായവും നല്ലതാണ്

---

## തോയതോയദാദി കഷായം

ഇരുവേലി, മുത്തങ്ങാക്കിഴങ്ങ്, പുത്തരിച്ചുണ്ടവേരു്, പാടത്താളിക്കിഴങ്ങ്, കൊത്തമ്പാലരി, ചുക്ക് ഇവ രണ്ടുകഴഞ്ചുവീതം കഴുകി ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം കഷായമെടുത്ത് കുറുക്കി ഒരു തുടമാക്കി അതിൽ സൂര്യപ്രഭാവടി ഗുളിക 1 വീതം അരച്ചുചേർത്ത് സേവിക്കുക. (ദിവസം 2 നേരം.)

അഗസ്ത്യരസായനം ഒരു ടീസ്പൂൺ വീതം ദിവസം 2 നേരം സേവിക്കുക. കട്ടിയായ ആഹാരപദാർത്ഥങ്ങൾ ഉപേക്ഷിക്കുക.

ജലദോഷത്തോടു ബന്ധപ്പെട്ടുണ്ടാകുന്ന ചുമയും കഫമിളക്കവും ഈ സന്ദർഭത്തിൽ പരാമർശിക്കുന്നത് യുക്തമെന്നു തോന്നുന്നു.

ശരിയായ വിശ്രമത്തോടുകൂടി ഔഷധസേവ ചെയ്യുന്നവരുടെ ചുമയും കഫദൂഷ്യവും ജലദോഷപ്പനിയും ഭേദപ്പെടുന്നതോടുകൂടി വിട്ടുമാറുന്നതാണ്. എങ്കിലും പനി പോയാലും ചിലർക്കു് ഈ ഉപദ്രവം ദീർഘകാലം അനുഭവപ്പെടും ചുമ ഒരു രോഗമല്ല. പിന്നെയോ പല രോഗങ്ങളുടെയും പ്രത്യക്ഷലക്ഷണം മാത്രമാണ് നമ്മുടെ നാട്ടിൽ കണ്ടുവരാറുള്ള പല രോഗങ്ങളുടെയും ആരംഭത്തെ കുറിക്കുന്നതു് ചുമയാണ്. ജലദോഷം, ബ്രോങ്കയ്റ്റീസ്, ന്യൂമോണിയ, പ്ലൂറിസി, ക്ഷയം, കണ്ഠനാളസംബന്ധമായ പല രോഗങ്ങൾ ഇവയുടെ എല്ലാം പ്രധാന ലക്ഷണം ചുമയാണ്. ചില പ്രത്യേക കാലങ്ങളിൽ മാത്രം ചിലർക്കു ബാധിക്കുന്ന ചുമ ശ്വാസകോശരോഗങ്ങൾ സംബന്ധിച്ചും മററുമുണ്ടാകുന്നതാണ്. ശ്വാസകോശത്തിൻെറ കഫനീർ പാടമുണ്ടാകുന്ന അസഹ്യത മൂലവും ചുമയുണ്ടാകാം. ആമാശയം സംബന്ധമായും ദഹനേന്ദ്രിയങ്ങൾക്കു് വളരെക്കാലം ഉണ്ടായിക്കൊണ്ടിരുന്ന ക്ഷീണംമൂലവും കരൾസംബന്ധമായ രോഗങ്ങൾ നിമിത്തവും ചുമയുണ്ടാകാം. സ്ത്രീകൾക്കു് ഗർഭാശയസംബന്ധമായ സുഖക്കേടിൻെറ ലക്ഷണമായി ചുമയുണ്ടാകും. ഗർഭിണികൾക്കും ഹിസ്റ്റീരിയ രോഗമുള്ള സ്ത്രീകൾക്കും പല്ലുമുളക്കുന്ന സമയത്തു കുട്ടികൾക്കും ചുമയുണ്ടാകുന്നതു് സിരകൾക്കുണ്ടാകുന്ന അസഹ്യതമൂലമാണ്.

## 2. ചെവികുത്തു്.

അതിവേദനയുണ്ടാക്കുന്ന അസുഖങ്ങളിലൊന്നാണ് ചെവികുത്തു് അഥവാ ചെവിവേദന. രാത്രികാലങ്ങളിൽ കൂടുതലായി അനുഭവപ്പെടുന്നതുകൊണ്ടും ഇതിനുള്ള ഔഷധങ്ങൾ ചെറുചൂടോടെ പ്രയോഗിക്കുന്നതുകൊണ്ടും തണുപ്പ് ചെവിവേദനയെ വർദ്ധിപ്പിക്കുമെന്നു മനസ്സിലാക്കാം. ചെവിക്കുള്ളിൽ കാററുതട്ടാതെ സൂക്ഷിക്കുന്നതു് നല്ലതാണ്. ചെവികുത്തിനുള്ള പ്രതിവിധികൾ പലതുണ്ടു്. അവ ഓരോന്നായി താഴെ വിവരിക്കുന്നു.

1) ഊറൽ നീക്കി എടുത്ത ഇഞ്ചിനീരു് സ്വല്പം ചൂടാക്കി ഏതാനും തുള്ളികൾ ചെവിയിൽ ഒഴിക്കുക.

2) ആട്ടിൻമൂത്രം ചൂടാക്കി ചെവിയിൽ നിർത്തുന്നതും നല്ലതാണു്.

3) ചങ്ങലംപരണ്ട വാട്ടിപ്പിഴിഞ്ഞ നീരു് ചെറുചൂടോടെ ചെവിയിൽ നിർത്താവുന്നതാണു്.

4. അസന ഏലാദി എണ്ണ, വാചാ ലശുനാദിതൈലം, ക്ഷാരതൈലം, ഇവയിലേതെങ്കിലും ചൂടാക്കി ചെവിയിൽ ഒഴിക്കുക.

5) നാഗരാദി എണ്ണ, ഏലാദി എണ്ണ, ഇവയിലേതെങ്കിലും തണുപ്പുമാററി തലയിൽ വയ്ക്കുകയും ചെറുചൂടോടെ ചെവിയിൽ നിർത്തുകയും ചെയ്യുക.

6) കർണ്ണശൂലാന്തകതൈലം ചൂടാക്കി ചെവിയിൽ ഒഴിക്കുന്നതും ചെവിക്കുത്തു് ശമിക്കുവാൻ മതിയാകും.

7) കാട്ടുകടുകിൻെറ ഇല വാട്ടി പിഴിഞ്ഞ നീരിൽ കായം പൊരിച്ചു് അരച്ചുചേർത്തു് ചൂടാക്കി പലപ്രാവശ്യം ചെവിയിൽ ഒഴിക്കുക.

8) മുളമൊരി ആറുപണവിട, അരത്തുടം നല്ലെണ്ണ, ഒരു തുടം ഗോമൂത്രം ഇവ യോജിപ്പിച്ചു് കാച്ചിയരിച്ചു് അല്പാല്പം ചെവിയിൽ ഒഴിക്കുക.

9) വെളുത്തുള്ളി, ഇഞ്ചി, മുരിങ്ങത്തൊലി, മുലേതിക്കിഴങ്ങ്, കദളിവാഴമാണം ഇവസമം എടുത്തു് ഇടിച്ചു പിഴിഞ്ഞനീരു് ചെറുചൂടാക്കി ആവശ്യാനുസരണം ചെവിയിൽ ഒഴിക്കുക.

10) എരുക്കിൻകുരുന്നിൽ അസനഏലാദി എണ്ണ പുരട്ടി പുറമേ മൂന്നടുക്കു് എരിക്കില പൊതിഞ്ഞുകെട്ടി മണ്ണു പൊതിഞ്ഞു് അടുപ്പിലിട്ടു ചുടുക. മണ്ണുവിള്ളുമ്പോൾ എടുത്തു് മണ്ണുപൊതിഞ്ഞ ഇലയും മണ്ണും കളയണം. ഉള്ളിൽ വച്ചിട്ടുള്ള കുരുന്നു് പിഴിഞ്ഞു കിട്ടുന്ന നീരിൽ കാൽതുടത്തിനു് പന്ത്രണ്ടുതുള്ളി ചെറുനാരങ്ങാനീരും അല്പം ഇന്തുപ്പുപൊടിച്ചതും ചേർത്തു് ചൂടാക്കി അരിച്ചെടുത്തു് ആവശ്യാനുസരണം ചെവിയിൽ ഒഴിക്കുക.

മേൽവിവരിച്ച പ്രയോഗങ്ങരം ഓരോന്നും ചെവി ക്കുത്തിനെ ശമിപ്പിക്കുവാൻ മതിയാകുന്നതാണു്.

11) കർപ്പൂരാദിതൈലം ചെവിയിൽ ഒഴിക്കുക.

12) എരിക്കില, ആവണക്കില ഇവ ഉപ്പും എണ്ണയും പുര ട്ടി വാട്ടിപ്പിഴിഞ്ഞെടുത്തു് ചെവിയിൽ വീഴ്ത്തുക ചെറുചൂടിൽ.

13) ചുവന്നുള്ളി കുത്തിപ്പിഴിഞ്ഞ നീരിൽ കായം പൊ ടിച്ചുചേർത്തു് തിളപ്പിച്ച് ചെറുചൂടിൽ ചെവി യിൽ നിർത്തുക.

14) കൊല്ലമുളകു് ചതച്ചിട്ടു് എണ്ണമൂപ്പിച്ചു് ചെവിയിൽ നിർത്തുക.

15) കാട്ടുകടുകിൻെറ ഇല വാട്ടിപ്പിഴിഞ്ഞ നീരിൽ കാ യം പൊടിച്ചുചേർത്തു് തിളപ്പിച്ചു് ചെറുചൂടേ ചെ വിയിൽ നിർത്തുക.

തൈലങ്ങരം ചെറുതായി ചൂടാക്കിവേണം ചെവി യിൽ നിർത്തുവാൻ. അസനവില്ലാദി, ഏലാദി എന്ന എണ്ണകരം തലയിൽ തേയ്ക്കുക. ഒരു സമയത്തു് എണ്ണ കരം രണ്ടുംകൂടി ഉപയോഗിച്ചുകൂടാ.

## 3. വയറുനോവ്

ഭക്ഷണം കഴിച്ചതു് ദഹിക്കാത്തതുകൊണ്ടോ വായു ക്ഷോഭംകൊണ്ടോ ഉണ്ടാകുന്ന നോവാണു് പ്രകൃതം. വ യറുനോവുണ്ടായാൽ പ്രയോഗിക്കാവുന്ന ഔഷധങ്ങരം താ ഴെപ്പറയുന്നു. ഔഷധത്തിൻെറ അളവു പ്രായഭേദമനുസ രിച്ചാകാം.

1. ഇഞ്ചിനീരു് ഊറൽ കളഞ്ഞു് ഉദ്ദേശം ഒരൗൺസ് എ ടുത്തു് അതിൽവില്വാദി ഗുളിക ഒരെണ്ണം അരച്ചുചേർത്തു് സേവിക്കുക. വില്വാദിഗുളികയ്ക്കു പകരം ഹിംഗുവചാ ദി ഗുളികയും ഉപയോഗിക്കാവുന്നതാണു്.

2. മുസ്താരിഷ്ടം, ദശമൂലാരിഷ്ടം ഇവ സമം ചേർത്ത് ഒരൗൺസുവീതം രണ്ടോ മൂന്നോ പ്രാവശ്യം ഓരോ ധാന്വന്തരം ഗുളികചേർത്ത് സേവിക്കുക.

3. കല്യാണക്ഷാരം പ്രായപൂർത്തിയായവർ ഒരു ടീസ്പൂൺ ഉരുക്കുനെയ്യിൽ ചേർത്ത് സേവിക്കുക. പശുവിൻനെയ്യായിരിക്കണമെന്ന് പ്രത്യേകം ഓർമ്മിക്കണം.

4. കുട്ടികൾക്ക് അഷ്ടചൂർണ്ണം ഒരു ടേബിൾസ്പൂൺ പഞ്ചസാര ചേർത്തോ ഉരുക്കുനെയ്യിലോ കൊടുക്കാം. വയറുനോവിനു കാരണം വായുക്ഷോഭമാണെന്നു വ്യക്തമായാൽ:—

1. ധാന്വന്തരം ഗുളിക ഒരെണ്ണം ജീരകം വെന്ത വെള്ളത്തിൽ അരച്ചു കലക്കി സേവിക്കുക. ജീരകവെള്ളം ഒരൗൺസ് മതിയാകും.

2. നല്ല കായം പൊരിച്ചു ഊറൽ കളഞ്ഞ ഇഞ്ചിനീര് ഒരൗൺസ് എടുത്ത് അതിൽ കലക്കി സേവിക്കുക. (പാൽക്കായമല്ലെന്നു ധരിക്കണം)

3. പൂത്തുമ്പ സമൂലം കത്തിപ്പിഴിഞ്ഞ നീരിൽ കായം പൊരിച്ച് കലക്കി സേവിക്കുക.

4. ദ്രാലഭാരിഷ്ടം, ചവികാസവം ഇവ യോജിപ്പിച്ച് ഒരൗൺസ് എടുത്തതിൽ ഭാസ്കരലവണം, പഞ്ചലവണഭസ്മം ഇവ രണ്ടും ചേർത്ത് ഒരു ടിസ്പൂൺ എടുത്ത് എല്ലാം യോജിപ്പിച്ച് ദിവസം രണ്ടുനേരം സേവിക്കാം. ലവണഭസ്മം ചേർക്കാത്തപക്ഷം ദിവസവും മൂന്നുനേരം പരിപ്പുമാത്രം സേവിക്കുക. അജീർണ്ണമാണ് വയറുനോവിനു കാരണമെങ്കിൽ (വ്യക്തമായാൽ) ആഹാരമൊന്നും കഴിക്കരുത്. ഊറൽ കളഞ്ഞ ഇഞ്ചിനീരിൽ തേൻ ചേർത്ത് ഒരൗൺസു എടുത്ത് അതിൽ വില്വാദി ഗുളിക ഒരെണ്ണം അരച്ചുചേർത്ത് സേവിക്കുക.

അജീർണ്ണമാണോ, വായുക്ഷോഭമാണോ നോവിനു കാരണമെന്ന് അനുഭവപരിചയത്തിന്റെ വെളിച്ചത്തിൽ മിക്കവാറും ആളുകൾക്ക് നിർണ്ണയിക്കാവുന്നതാണ്.

തദനുസരണം ഔഷധം പ്രയോഗിക്കാവുന്നതുമാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരങ്ങളിലുള്ള പല പരീക്ഷണങ്ങൾകൊണ്ടും ശമിക്കാത്തതായി കണ്ടാൽ നോവിൻെറ കാരണം മറേറതെങ്കിലുമായിരിക്കും. അപ്പോൾ വൈദ്യസഹായം തേടേണ്ടതാണ്.

## 4. ദഹനക്കുറവ്

ദഹനക്കുറവ്, അജീർണ്ണം, പുളിച്ചുതികട്ടൽ എന്നൊക്കെ കേൾക്കുമ്പോൾ അനുഭവസ്ഥന്മാരാണെങ്കിൽ നോവ് വയറുനികപ്പ്, ഓക്കാനം, വായിലെ വെള്ളംവരവ്, ഒഴിച്ചിൽ, ഛർദ്ദി, ദാഹം ഇവയെല്ലാമോ ഇവയിൽ ചിലതോ ഓർമ്മയിലെത്തുകയായി. ഒഴിച്ചിലും ഛർദ്ദിയുംകൂടി വരുന്നതിനെപ്പററി അടുത്തുതന്നെ പറയുന്നതിനാൽ മററുള്ള ലക്ഷണങ്ങളാണ് ഇവിടെ ഉദ്ദേശിക്കുന്നതു്. ഭക്ഷണം കഴിച്ചതു് ദഹിക്കായ്കയാലുണ്ടാകുന്ന നോവിനു് മുൻപ്രസ്താവിച്ച പ്രതിവിധികൾ ചെയ്യാവുന്നതാണ്. എന്നാൽ കൂടുതലായ അസുഖങ്ങളുണ്ടെങ്കിൽ താഴെ വിവരിക്കുന്നവയിൽ യുക്തമായതു പ്രയോഗിക്കുക.

1. കർപ്പൂരാസവം, പിപ്പ്ല്യാസവം ഇവ സമംചേർത്തു് ഒരു ടീസ്പൂൺ, വെട്ടുമാറൻ ഗുളിക ഒരെണ്ണം അരച്ചു കൊടുക്കുക

2. അഗ്നികുമാരം ഗുളികയോ വില്വാദിഗുളികയോ ഊറൽ കളഞ്ഞ ഇഞ്ചിനീററിൽ കൊടുക്കാം.

3. അഭയദശമൂലാരിഷ്ടം ഒരൗൺസിൽ ഒരു ധാന്വന്തരം ഗുളിക കൊടുക്കാം.

ദാഹിക്കുന്നെങ്കിൽ കൊത്തമല്ലി, ചുക്ക് ഇവ വെന്ത വെള്ളം ചെറുചൂടോടെ കൂടെക്കൂടെ കൊടുക്കാവുന്നതാണ്. ദാഹമില്ലെങ്കിലും ഈ വെള്ളം കൊടുക്കുന്നതു കൊള്ളാം.

ദഹനക്കുറവു മാറുന്നതുവരെ ഭക്ഷണം കഴിക്കരുതു്. പകലുറക്കം, കുളി, മുറുക്ക് ഇവ അരുതു്. വയറു കൂടുത

ലായി നികയ്യുന്നുണ്ടെങ്കിൽ (വീർക്കുക) അണ്ണാക്കിൽ കൈകടത്തിയോ റബ്ബർകുഴൽകൊണ്ടു് അണ്ണാക്കിൽ തൊട്ടോ ഛർദ്ദിപ്പിക്കുക, അതു നല്ലതാണു്. ആമാശയത്തിൽനിന്നും ജീർണ്ണാഹാരം പുറത്തുകളയുന്നതിനു് വാചാദിചൂർണ്ണം ചൂടുവെള്ളത്തിലോ,തൈരിൻവെള്ളത്തിലോ കലക്കിക്കൊടുത്താൽ ഛർദ്ദിക്കും.

വയമ്പു്, ഇന്തുപ്പു് ഇവ സമം പൊടിച്ചു് ചൂടുവെള്ളത്തിൽ കലക്കി കുടിക്കുക. അല്ലെങ്കിൽ ഉപ്പുവെള്ളം ചൂടാക്കി കുടിച്ചാൽ ഛർദ്ദിച്ചും ഒഴിഞ്ഞും ജീർണ്ണാഹാരം പുറത്തുപോകും. പകലുറക്കം പാടില്ലെന്നു മുൻസൂചിപ്പിച്ചിട്ടുണ്ടു്. എന്നാൽ ആഹാരം കുറെയെല്ലാം ദഹിക്കുകയും കുറെ ദഹിക്കാതെയും വരുന്ന സ്ഥിതിയിൽ പകലുറങ്ങുന്നതിൽ അപകടമില്ല.

വാചാദിചൂർണ്ണം

കടുക്കാത്തോടു്, തിപ്പലി, തുവർച്ചിലകാരം ഇവ സമം എടുത്തു് പൊടിച്ചു് നന്നായി യോജിപ്പിക്കുക.

വൈശ്വാനരം പൊടി തേനിൽ ചാലിച്ചു സേവിക്കുക.

## 5. ഛർദ്ദി

1. ഛർദ്ദി പല കാരണങ്ങളാലുണ്ടാകാം. ഏതെങ്കിലും കാരണവശാലുണ്ടാകുന്ന നിസ്സാരമായ ഛർദ്ദിക്കു് ആളിന്റെ മുഖത്തു് പെട്ടെന്നു് മുന്നറിവുകൊടുക്കാതെ പച്ചവെള്ളം തളിച്ചു ഞെട്ടിപ്പിക്കുക. അതിനുശേഷം ഏലത്തരിതൈലം, എലവർങ്ങതൈലം ഇവയിലേതെങ്കിലും ഒന്നു് ചൂടുവെള്ളത്തിൽ ചേർത്തു കൊടുക്കുക.

2. താലീശപത്രാദിവടകം ദിവസം മൂന്നു കൊടുക്കുക.

3. ഗോരോചനാദി ഗുളികയോ, ധാന്വന്തരം ഗുളികയോ മലരുവെന്ത വെള്ളത്തിൽ ചേർത്തു് സേവിക്കുക.

4. തേനിൽ വെണ്ണനെയ്യു് ചേർത്തു് ഒരു ടേബിൾ സ്പൂൺ സേവിക്കുക.

# 6. ഗർഭകാലഛർദ്ദി

ലക്ഷണം: ഗർഭാരംഭംമുതൽ മൂന്നുനാലു മാസത്തേയ്ക്കു് ഛർദ്ദി നീണ്ടുനില്ക്കുന്നു. എപ്പോഴും ഛർദ്ദിക്കുമെന്നോ എല്ലാ ദിവസവും ഛർദ്ദിക്കുമെന്നോ ഉദ്ദേശിക്കുന്നില്ല. ഈ മൂന്നുനാലുമാസക്കാലം ഭക്ഷണത്തിനു് പ്രീതിയില്ലെന്നുമാത്രമല്ല, ഭക്ഷണം കഴിക്കുവാനും പ്രയാസം തോന്നാം. എന്തു കഴിച്ചാലും മനസ്സിൽ പിടിക്കയില്ല. ഛർദ്ദിക്കുന്നതു മഞ്ഞവെള്ളമാണു്. അതിനു ദുർഗന്ധമുണ്ടു്. ക്ഷീണം, തളർച്ച, തലകറക്കം ഇവയെല്ലാമുണ്ടാകും. മനസ്സിനു പിടിക്കുന്ന ചില ആഹാരങ്ങൾ കണ്ടേക്കാം. അവ കഴിച്ചാൽ ചിലപ്പോൾ ഛർദ്ദിച്ചില്ലെന്നും വരാം. ആ വക ആഹാരം രണ്ടോ മൂന്നോ പ്രാവശ്യം കഴിച്ചാൽ പിന്നെ അതും വേണ്ട എന്നു തോന്നും. ആഹാരത്തിൻെറ ഗന്ധംപോലും ഏൽക്കാൻ പ്രയാസം വരും. ഗർഭാരംഭത്തിലെ ഈ പ്രത്യേകത മൂന്നുനാലു മാസത്തേയ്ക്കുണ്ടാകും.

## ഈ അസുഖത്തിനു കൊടുക്കാവുന്ന കഷായം:

കൂവളത്തിൻവേരു്, മലരു്, ജീരകം, ഇവ വെന്ത വെള്ളത്തിൽ ധാന്വന്തരം ഗുളിക ഒന്നുവീതം 3 നേരം കൊടുക്കുക. വില്വാദി ലേഹ്യം കൂടെക്കൂടെ കൊടുക്കുക. ഇഷ്ടമുള്ള ഭക്ഷണം കഴിക്കുക. കൂടാതെ ഗർഭിണി അനുഷ്ഠിക്കേണ്ട ചില കാര്യങ്ങളും ശ്രദ്ധിക്കുന്നതു നല്ലതാണു്. ഇഷ്ടമുള്ള ഭക്ഷണം കഴിക്കണം. കിടക്കയിൽനിന്നു് രാവിലെ എഴുന്നേൽക്കുന്നതിനു മുമ്പായി ഇഷ്ടമുള്ള ദ്രവാഹാരം പാലോ അതുപോലുള്ള എന്തെങ്കിലുമോ ചെറുചൂടോടെ മൂന്നുനാലു തുടത്തോളം കഴിച്ചു് പതിനഞ്ചു മിനിട്ടു സമയം ഇടതുവശം ചരിഞ്ഞു് കിടന്നതിനുശേഷം എഴുന്നേൽക്കുക. ഛർദ്ദിയോ ഓക്കാനമോ പലർക്കും ഉണ്ടാകയില്ല.

## ഗർഭിണികൾക്കുണ്ടാകാറുള്ള ഛർദ്ദിയാണെങ്കിൽ

1. കൂവളത്തിൻവേരു് വെന്ത വെള്ളം ഉദ്ദേശം ഒരു തുടം എടുത്തു് ധാന്വന്തരം ഗുളികയോ മഹാധാന്വന്തരം ഗുളികയോ അരച്ചു് കൊടുക്കുക.

2. മല്ലി അരച്ച് ഉണക്കലരിക്കാടിയിൽ കൊടുക്കുക.
3. ഏലാദി ചൂർണ്ണം തേനിൽ ചാലിച്ചു സേവിക്കുക
4. വില്വാദി ഗുളിക കരിക്കിൻവെള്ളത്തിൽ അരച്ചു കലക്കി സേവിക്കുന്നതും കൊള്ളാം.
5. കൂവളത്തിൻവേരു്, മലരു്, ചുക്കു്, ജീരകം ഇവ കുറേശ്ശെ എടുത്തു് വെന്ത വെള്ളത്തിൽ ധാന്വന്തരം ഗുളിക ഒന്നുവീതം അരച്ച് ചേർത്തു് കൊടുക്കാവുന്നതാണു്.

ദഹനക്കുറവാണു് ഛർദ്ദിക്കു കാരണമെങ്കിൽ അതിനുള്ള ഔഷധങ്ങൾ മുൻവിവരിച്ചതനുസരിച്ച് സേവിക്കേണ്ടതാണു്.

മനംമറിച്ചിൽ, ഓക്കാനം, ഛർദ്ദി മുതലായതിനു് മുസ്താരിഷ്ടം, കുടജാരിഷ്ടം, പിപ്പല്ല്യാസവം ഇവയിലേതെങ്കിലും വില്വാദി ഗുളിക രണ്ടെണ്ണം ചാലിച്ചു സേവിക്കുക. രോഗം കുറയുന്നതുവരെ കുളിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്തുകൂടാ.

ആമാശയത്തിൽനിന്നുണ്ടാകുന്ന ഉൾക്ലേശം ദഹനാവസ്ഥയിൽനിന്നുണ്ടാകുന്ന നലവു് നിമിത്തമാണു്. മിക്കവാറും ഛർദ്ദിയുണ്ടാകുന്നതുകൊണ്ടു് ഉപവാസം ഏററവും ആവശ്യമാണു്.

## മററു ചികിത്സാവിധികൾ

1. ഛർദ്ദിയുണ്ടാകുമ്പോൾ ഉപ്പുവെള്ളം ചൂടാക്കി കുടിക്കുക. ആമാശയത്തിൽ ദൂഷിച്ചു കിടക്കുന്ന കഫവും പിത്തനീരും ശേഷിച്ചിരിക്കുന്ന ഭക്ഷണാംശവും ഛർദ്ദിച്ച് ആമാശയം ശുദ്ധമാകും.
2. വില്വാദി ലേഹ്യം സേവിക്കുക.
3. ചന്ദനം, താമരവളയം, ഇരുവേലി, ചുക്കു്, ആടലോടകവേരു് ഇവ സമം ഉണക്കലരിക്കാടിയിൽ അരച്ച് കലക്കി തേനും ചേർത്തു് സേവിക്കുക. ഛർദ്ദി ശമിക്കും.
4. ഏലത്തരി ഇലവർഗ്ഗം, അത്തിത്തിപ്പലി, ലന്തക്കുരുപരിപ്പ്, മലരു്, ഞാഴൽപ്പൂവ്, മുത്തങ്ങാമൊ

രി കളഞ്ഞതു്, ചന്ദനം, തിപ്പലി ഇവ സമം പൊടിച്ചു് പഞ്ചസാരയും തേനും ചേർത്തു് കൂടെക്കൂടെ നാക്കിൽ തേയ്ക്കുക. ഛർദ്ദി ശമിക്കും.

## 7. ഛർദ്ദിയും ഒഴിച്ചിലും

കോളറ എന്ന മഹാവ്യാധിയുടെ സ്വഭാവമായ ഛർദ്ദിയും അതിസാരവുമല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. ദഹനക്കുറവുകൊണ്ടോ മറേറാ ഉണ്ടാകുന്ന ഛർദ്ദിയും ഒഴിവും ഉണ്ടാകുമ്പോൾ കടുകു്, ഇഞ്ചി, കറിവേപ്പില, അയമോദകം ഇവ വറുത്തു് ചുവക്കുന്ന പാകത്തിൽ ഇവയെല്ലാം ചേർന്നാലുള്ള അളവിൽ വീണ്ടും കടുകിട്ടു് കടുക പൊട്ടുന്ന പാകത്തിൽ മൂന്നാഴി വെള്ളം ഒഴിച്ചു് വററിച്ചു് നാഴിയാക്കി ഒരു തുടം വീതമെടുത്തു് അതിൽ അഗ്നികുമാരം ഗുളികയോ വില്വാദി ഗുളികയോ രണ്ടെണ്ണം അരച്ചുചേർത്തു് കൊടുക്കണം. രണ്ടു മണിക്കൂർ ഇടയിട്ടു കൊടുത്തുകൊണ്ടിരിക്കണം.

പിന്നീടും കൂടുതലായി ഛർദ്ദിക്കുന്നപക്ഷം കർപ്പൂരാസവം 24 തുള്ളിവീതം പച്ചവെള്ളത്തിൽ ഒഴിച്ചുകൊടുക്കണം.

### സ്ത്രീകൾക്കു് ആർത്തവകാലത്തുണ്ടാകുന്ന വേദന

1. സ്ത്രീകൾക്കു് ആർത്തവകാലങ്ങളിൽ (മാസമുറ) ഉണ്ടാകുന്ന വയററുവേദനയ്ക്കു് കല്യാണക്ഷാരം ഉരുക്കുനെയ്യും ശർക്കരയും ചേർത്തു് യോജിപ്പിച്ചു് മൂന്നുനേരവും സേവിക്കുക.

2. ഋതുകാലം കൂടുതലായ രക്തസ്രാവം (രക്തംപോക്കു്) ഉണ്ടാകുകയും അതുനിമിത്തം കൂടുതൽ വേദനയുണ്ടാകുകയും ചെയ്താൽ അശോകാരിഷ്ടം സമം ക്യാമൽ ബ്രാണ്ടിയും ചേർത്തു് സേവിക്കുക.

ക്രമത്തിൽ കൂടുതലായും കൂടുതൽ ദിവസങ്ങളിലായും ഉണ്ടാകുന്ന രക്തംപോക്കു് നിശ്ചയമായും മാറും. വയററുവേദനയ്ക്കു് ശൂലകുഠാരം ഗുളിക ഇഞ്ചിനീരിൽ ചാലിച്ചു സേവിക്കുന്നതും നല്ലതാണു്.

## ശൂലകുഠാരം ഗുളിക പാകപ്പെടുത്തുന്നവിധം

രസം, പൊൻകാരം, ഗന്ധകം, ത്രിഫല, ചുക്ക്, കുരുമുളക്, തിപ്പലി, അരിതാരം, വത്സനാഭി, താമ്ര ഭസ്മം, നീർവാളക്കുരു. ഇവ കയ്യുന്ന്യനീരിൽ അരച്ച് കുന്നിക്കുരു പ്രമാണം ഗുളികയാക്കിയെടുക്കുക. ശുദ്ധി ചെയ്യേണ്ട മരുന്നുകൾ ശുദ്ധിചെയ്യണം.

3. അശോകാരിഷ്ടം, ദശമൂലാരിഷ്ടം ഇവ സമം യോജിപ്പിച്ച് അതിൽ ധാന്വന്തരം ഗുളിക അരച്ചുകലക്കിസേവിക്കുക. എരിവ് പുളി, പച്ചവെള്ളം ഇവ കൊടുക്കരുത്. തണുത്ത ഭക്ഷണം കഴിക്കുവാൻ പാടില്ല. കുറച്ചു ചൂടുവെള്ളുന്നതിൽ ദോഷമില്ല. എന്നാൽ കുളിയ്ക്കുവാൻ പാടില്ല. മൂന്നു ദിവസത്തേയ്ക്കു വഴി നടക്കുകയോ, യാത്ര ചെയ്യുകയോ പാടില്ല.

4. കല്യാണക്ഷാരം ശർക്കരക്കൂട്ടിത്തിരുമ്മി സുകുമാരം നെയ്യിൽ ചാലിച്ചു സേവിക്കുന്നതും, കല്യാണക്ഷാരം ശർക്കരക്കൂട്ടി തിരുമ്മി കല്യാണഘൃതത്തിൽ ചാലിച്ചു സേവിക്കുന്നതും വളരെ നല്ലതാണ്.

5. എള്ളുവെന്ത വെള്ളത്തിൽ ചുക്ക്, കുരുമുളക്, തിപ്പലി, ചെറുതേക്കിൻവേരു് ഇവ അരച്ചുണങ്ങിപ്പൊടിച്ച പൊടിയും ശർക്കരയും ചേർത്ത് കല്യാണഘൃതമോ സുകുമാരഘൃതമോ ചേർത്ത് സേവിക്കുക. വേദന മാറുകയും രക്തം ക്രമമായിപ്പോകുകയും ചെയ്യും.

6. ചതകുപ്പകഷായത്തിൽ ഹിംഗുവചാദിചൂർണ്ണം, ഹിംഗുത്രിഗുണം ഇവ രണ്ടും മേമ്പൊടിയായി ചേർത്തു സേവിക്കുക. പുഷ്പിതയാവുകയും (പുറത്തുപോകേണ്ടതായ രക്തം പോകുക) വേദനയില്ലാതാകുകയും ശർഭാശയശുദ്ധിവരികയും ചെയ്യും.

7. സപ്തസാരകഷായത്തിൽ സുകുമാരം നെയ്യ് ഹിംഗുവചാദിചൂർണ്ണം ഇവ രണ്ടും ചേർത്ത് ഉപയോഗിക്കുക.

## സപ്തസാരം കഷായം

തഴുതാമവേരു്, കൂവളത്തിൻവേരു്, പഴമുതിര, ആവണക്കിൻവേരു്, കരിങ്കുറിഞ്ഞിവേരു്, മുഞ്ഞവേരു്,

ചുക്ക്, ഇവ ഒന്നേമുക്കാൽ കഴഞ്ചുവീതം ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു്, നാഴിയാക്കുക.

8. ആർത്തവകാലത്തുണ്ടാകുന്ന വയററുവേദനയ്ക്കു് കുമാര്യാസവം വളരെ ഫലപ്രദമാണു്.

മാസമുറക്കാലത്തു് നിൽക്കാത്ത രക്തസ്രാവമുണ്ടായാൽ

1. അശോകാരിഷ്ടം ദിവസം മൂന്നുനേരം എന്ന ക്രമത്തിനു സേവിക്കുക.

2. ചന്ദ്രപ്രഭാഗുളിക പാലിൽ സേവിക്കുക.

3. അഭ്രഭസ്മം ഒരു പണവിടവീതം തേനും നെയ്യും ചേർത്തു് സേവിക്കുക.

4. ലക്ഷ്മണാരിഷ്ടമോ, അശോകഘൃതമോ സേവിക്കാം.

5. മുക്കുററി കഴുകി നല്ലവണ്ണം അരച്ച് വെണ്ണചേർത്തു് സേവിക്കുക.

6 ഏത്തവാഴയുടെ കുടം കുത്തിപ്പിഴിഞ്ഞ നീരിൽ സമം തേൻചേർത്തു് സേവിക്കുക.

മേൽകുറിച്ച ഔഷധങ്ങളെല്ലാം ഫലപ്രദമാണു്. എന്നാൽ ചൂടു്, എരിവു്, പുളി, കാപ്പി, മത്സ്യം ഇവ ഉപയോഗിച്ചുകൂടാ. വിശ്രമം വളരെ ആവശ്യമാണു്. പച്ചവെള്ളത്തിൽ തേച്ചുകുളിക്കുന്നതു് നല്ലതാണു്.

അധികമായി രക്തംപോകുന്നതിനു

1. ചെമ്പരത്തിമൊട്ടു് പാലിലിട്ടു പാലുകാച്ചി കുടിക്കുന്നതു് ഉത്തമമാണു്.

2. തൈരിൻവെള്ളത്തിൽ തുവർച്ചില, ഉപ്പു്, ജീരകം, ഇരട്ടിമധുരം, കരിങ്കുവളക്കിഴങ്ങു്, ഇവ അരച്ചുകലക്കി സേവിക്കുക.

3. അശോകാരിഷ്ടത്തിൽ ക്യാമൽ ബ്രാണ്ടിചേർത്തു് സേവിച്ചാൽ പെട്ടെന്നു രക്തംനിൽക്കും

4. കിഴകാണെല്ലിവേരു്, അരിക്കാടിയിൽ അരച്ചു് മണ്ടോ മൂന്നോ ദിവസം തുടരെ സേവിക്കുക. ക്രമാതീതരായ രക്തസ്രാവം മാന്ത്രികശക്തികൊണ്ടെന്നപോലെ തടയപ്പെടും.

5. അശോകത്തൊലി, മാക്കീരക്കല്ലു്, ഇവ സമം അരിക്കാടിയിലരച്ചു് തേനും ചേർത്തു് സേവിക്കുക.

6. പുഷ്പാനുഗചൂർണ്ണം തേനിൽചാലിച്ചു സേവിക്കുക.

## 8. അർശ്ശസ്സ്

അർശ്ശോരോഗം മഹാരോഗങ്ങളിൽ പെട്ടതാണു്. ഔഷധങ്ങളെക്കൊണ്ടു് അസുഖങ്ങൾ കുറയ്ക്കാം. എന്നാൽ തീർത്തു മാറുകയില്ല. ശസ്ത്രക്രിയ മുതലായ പ്രയോഗംകൊണ്ടും പൂർണ്ണശമനം കൈവരുന്നില്ല. ചുവന്നുള്ളി ഉപയോഗിച്ചുകൊണ്ടിരുന്നാൽ അർശ്ശസ്സിന്റെ കാഠിന്യം കുറഞ്ഞുനില്ക്കും.

അർശ്ശോരോഗം ശമിപ്പിക്കുന്നതിനു് നാലുപായങ്ങളാണു് പ്രയോഗത്തിലുള്ളതു്.

1. ഔഷധസേവ 2. ക്ഷാരസാധനങ്ങൾകൊണ്ടു പൊള്ളിക്കുക. 3. ശലാക പഴുപ്പിച്ചു പൊള്ളിക്കുക

4. ശസ്ത്രക്രിയ (ഓപ്പറേഷൻ) ചെയ്യുക.

ഫലപ്രദമായ ചില പ്രയോഗങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇലക്കള്ളിപ്പാലു് മഞ്ഞൾപൊടിചേർത്തു് ശരിയായി യോജിപ്പിച്ചു് പുരട്ടിയാൽ കിങ്ങിണിപോലെ തൂങ്ങിക്കിടക്കുന്ന അർശ്ശസ്സു് മാറുന്നതാണു്.

2. പുത്തരിചുണ്ടകായ്, തുമ്പയില, ഉങ്ങിൻതൊലി ഇവ ആട്ടിൻമൂത്രം ചേർത്തരച്ചു് എരിക്കിൻപാലും ഇലക്കള്ളിപ്പാലും കൂട്ടിഭേദിച്ചു് പൂശുക. ഫലം മേൽപ്രസ്താവിച്ചതുതന്നെ.

3. ഗോമൂത്രഹരീതകി അർശ്ശസ്സിനു് അത്യുത്തമമാകുന്നു.

## ഇത്ര പാകപ്പെടുത്തുന്നവിധം

നൂറെറൊന്നു കടുക്കാ ഗോമൂത്രം രണ്ടിടങ്ങഴിയിൽ ഇട്ടു് വെയിലത്തുവച്ചോ അടുപ്പത്തുവച്ചോ വററിച്ചെടുക്കുക. ഇങ്ങിനെ പലപ്രാവശ്യം വററിച്ചെടുക്കുന്നതു് ഗുണം മെച്ചപ്പെടുത്തും. ഇപ്രകാരം എടുക്കുന്ന കടുക്കാ ഓരോന്നു് എടുത്തു് കുരുകളഞ്ഞു് അരച്ചു് ശർക്കരയും ചേർത്തു് സേവിക്കുക പുറമേ മോരു കുടിക്കുകയും ചെയ്യുക.

4. കടുക്കാത്തോടു്, തിപ്പലി, ത്രികോല്പക്കൊന്ന, നാഗദന്തിവേരു്, ഇവ സമം നെയ്യിൽ വറുത്തു് പൊടിച്ചു് ഓരോ ടീസ്പൂൺ പൊടിവീതം ശർക്കരയുംകൂട്ടി ഭേദിച്ചു് വൈകിട്ടുകിടക്കുന്ന സമയത്തു് ഉപയോഗിക്കുക.

5. കാട്ടുചേന തൊലികളഞ്ഞു് കഴുകി, പിന്നീടു് മോരിൽ കഴുകി ജലാംശം വലിയുമ്പോൾ എരുമനെയ്യു് പുരട്ടി, പുറമേ കൊടിത്തുവവേരു് ചതച്ചു് പൊതിഞ്ഞുകെട്ടി മണ്ണുതേച്ചു് മണലിൽ കുഴിച്ചിട്ടു് മീതെ തീയെരിക്കുക. മണ്ണുവിള്ളുമ്പോൾ എടുത്തു് മണ്ണും ഇലയും നീക്കി എരുമനെയ്യിൽ വറുത്തു് പാകത്തിൽ വാങ്ങിവച്ചു് ആറിയശേഷം കുറേശ്ശെ എടുത്തരച്ചു് ഇന്തുപ്പും എള്ളെണ്ണയും കൂട്ടിത്തിരുമ്മി ഉപയോഗിക്കുക.

ഇതിനു് ചിരുവില്വാദികഷായം, ദുസ്പർശരാദികഷായം പൂതിവൽക്കാസവം, അഭയാരിഷ്ടം, പൂതികരഞ്ജാസവം, ഹുതഭുഗാദിപൊടി, കങ്കായനവടകം, നാഗഭസ്മം, സൂരണാദിഘൃതം, സൂരണാദിലേഹ്യം, ചിത്രകലേഹ്യം, ബാഹുശാലഗുഡം, കല്യാണഗുളം ഇവ കഴിക്കുക. ക്ഷീരബല 101 ആവർത്തി മലദ്വാരത്തിൽ ഇടയ്ക്കിടയ്ക്കു പുരട്ടുക. തക്കാളി, മോരു്, ചുവന്നുള്ളി, ഇവ ഉപയോഗിക്കുക. ചുവന്നുള്ളി അരിഞ്ഞു് കിഴികെട്ടി ധാന്വന്തരം കുഴമ്പിൽ മൂപ്പിച്ചു് മലദ്വാരത്തിൽ കിഴികുത്തുക ഇവ നന്നായിരിക്കും.

## രക്തംപോകുന്ന അർശ്ശസ്സിനു്

കുടജാരിഷ്ടം, അഭയാരിഷ്ടം, കുടജത്വഗാദിലേഹ്യം, നാഗഭസ്മം, ചാങ്ങേര്യാദി നെയ്യു് ഇവ ഓരോ

ന്നും സേവിക്കുന്നതു് നല്ലതാണു്. വിശിഷ്യ കുരുവേപ്പിൻതൊലിയോ, ശതാവരിക്കിഴങ്ങോ പന്ത്രണ്ടു കഴഞ്ചു ചതച്ചു് ഒരിടങ്ങഴിവെള്ളത്തിൽ കഷായം വച്ചു് രണ്ടു തുടമാക്കി ഓരോ തുടം രണ്ടുനേരവും നാഗഭസ്മം മേമ്പൊടി ചേർത്തു് സേവിക്കുക.

ശതാവരിക്കിഴങ്ങും ചുവന്നുള്ളിയുംകൂടി പാലിലിട്ടു കാച്ചികുടിക്കുന്നതും ഉത്തമമാണു്. രക്തം കൂടുതലായിപ്പോകുന്നുണ്ടെങ്കിൽ താമരയല്ലി പൊടിച്ചു് ഒരു കഴഞ്ചെടുത്തു് ആവശ്യാനുസരണം വെണ്ണനെയ്യിൽ ചാലിച്ചു ദിവസം രണ്ടോ മൂന്നോനേരം സേവിക്കണം.

കല്ല്യാണക്ഷാരം പതിവായി സേവിക്കുന്നതു് നല്ലതാണു്. അഭയാരിഷ്ടം സമം പൂതികശ്രുക്തം ചേർത്തു് സേവിക്കണം. ഹുതഭ്രുഗാദി പൊടിച്ചു ചൂടുവെള്ളത്തിൽ കഴിക്കുക. സുകുമാരഘൃതം സേവിക്കുന്നതും ഫലപ്രദമാണു്. പയറുവർഗ്ഗങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ മത്തങ്ങാ പരിപ്പു് ഇവ ചേർന്ന കറികൾ അർശ്ശസ് രോഗികൾ വർജ്ജിക്കണം. ഇവ അർശ്ശസ്സ് രോഗത്തെ വർദ്ധിപ്പിക്കുന്നു.

## 9. വയറുകടി

ലക്ഷണം: മലം വെളുത്തോ മഞ്ഞയായോ ഇരിക്കുക. കഫം പോകുക, രക്തം കലർന്ന മലവും കഫവും ഉണ്ടായിരിക്കുക, കൂടെക്കൂടെ മലം പോകുക, കൂടെക്കൂടെ മൂത്രം പോകുക, ദാഹത്തോടും വായുവേഗത്തോടും പനിയും അടിവയററിൽ തൊട്ടാൽ വേദനയും കൈകാലുകൾക്കു് തണുപ്പും തളർച്ചയും ഉണ്ടാകുക. ഈ ലക്ഷണങ്ങൾ കണ്ടാൽ വയറുകടിയാണെന്നു നിശ്ചയിക്കുക.

### പ്രതിവിധികൾ:

1. കുടജാരിഷ്ടം, മുസ്താരിഷ്ടം ഇവ സമം ചേർത്ത അതിൽ സേതുരോധം ഗുളിക അരച്ചുചേർത്തു് സേവിക്കുക.
2. വില്ല്വാദി ഗുളിക ഇഞ്ചിനീരിൽ സേവിക്കുക.

3. കർപ്പൂരാസവം ഒരു ടീസ്പൂൺ അളവിൽ ഇഞ്ചിനീരിൽ സേവിക്കുക.

4. ഖദിരാരിഷ്ടം, പിപ്പല്യാസവം, ഇവ യോജിപ്പിച്ചു കഴിക്കുക.

5. പുളിയാറിലനീരിനു സമം പുളിച്ചമോരും നാഴിയ്ക്കു് 3 കഴഞ്ചു് എന്ന കണക്കിനു് മലരുപൊടിച്ച പൊടിയും ചേർത്തു് കുറുക്കി ഒരൗൺസ്വവീതം ദിവസം മൂന്നോ നാലോ പ്രാവശ്യം സേവിക്കുന്നതു നല്ലതാണു്.

6. ഡാഡിമാഷ്ടകചൂർണ്ണം കപിത്ഥാഷ്ടകചൂർണ്ണം, യവന്യാദിചൂർണ്ണം, ദുസ്പശകാദികഷായം ഇവ ഓരോന്നും വളരെ ഫലപ്രദമായ ഔഷധങ്ങളത്രേ.

## 10. സുഖവിരേചനയ്ക്കു്

1. ചിന്നാമുക്കി ഒരുപിടിയോളം എടുത്തു് വെള്ളത്തിലിട്ടു് തിളപ്പിച്ചു് നിറം ഇളകിയശേഷം വാങ്ങിവച്ചു് അരിച്ചു് വീണ്ടും ചക്കരയിട്ടു കാച്ചി നാഴി പശുവിൻപാലു് വേറെ കാച്ചി ചെറുചൂടോടെ രണ്ടുംകൂടി യോജിപ്പിച്ചു് കുടിക്കുക പുറമേ ചൂടുവെള്ളവും കുറേശ്ശെ കുടിക്കുക.

2. ചിന്നാമുക്കി ഉണക്കിപ്പൊടിച്ചു് പൊടിയ്ക്കിരട്ടി കരിമുന്തിരിങ്ങയും രണ്ടും കൂടിയതിൻെറ ഇരട്ടി ശർക്കരയും എടുക്കുക. ആദ്യം ശർക്കര ഇടിക്കുക, പിന്നീടു് മുന്തിരിങ്ങയും ശർക്കരയും കൂട്ടിയിട്ടു് ഇടിക്കുക. അതിനുശേഷം ചിന്നാമുക്കി പൊടിച്ചതു് കുറേശ്ശെ തൂളി ഇടിക്കുക. ലേഹ്യംപോലെയാകുമ്പോൾ നെല്ലിക്കാപ്രമാണം ഉരുട്ടി വൈകിട്ടു സേവിക്കുക.

3. കല്യാണഗുളം വൈകിട്ടു ഭക്ഷണം കഴിഞ്ഞു ഒരു കടുക്കായുടെ വലിപ്പത്തിൽ സേവിച്ചു് പുറമേ കാച്ചിയ പാൽ കുടിക്കുക. സുഖവിരേചന കിട്ടും.

## 11. എക്കിൾ

1. വററൽമുളകു് വറുത്തുപൊടിച്ചു് സേവിച്ചാൽ എക്കിൾ നിൽക്കുന്നതാണു്.

2. ജോനകനാരങ്ങാനീരിൽ തിപ്പലി അരച്ചുചേർത്തു് കൊടുത്താൽ എക്കിറം ശമിക്കും.

3. നയോപായം കഷായത്തിൽ ധാനവന്തരം ഗുളിക ചേർത്തു സേവിക്കണം.

നയോപായം കഷായം

കുറുന്തോട്ടിവേരു്, ജീരകം, ചുക്കു് ഇവ 4 കഴഞ്ചു വീതം കഴുകിച്ചതച്ചു് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായംവീതമെടുത്തു് കുറുക്കി ഒരു തുടമാക്കി സേവിക്കുക.

4. വിദാര്യാദിനെയ്യോ ഇന്ദുകാന്തംനെയ്യോ സേവിക്കുക.

5. മയിൽപീലിചുട്ട ഭസ്മം തേനിൽ ചാലിച്ചു സേവിക്കുക.

നിൽക്കാത്ത എക്കിളിന്നു്

1. അവിപത്തിപൊടി ഒരു ടീസ്പൂൺവീതം പാലിൽ ചേർത്തു് അത്താഴത്തിനുശേഷം ഒരുനേരം സേവിക്കുക.

2. കനകദശമൂലാരിഷ്ടം ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക.

3. മാതളരസായനം ഒരു ടീസ്പൂൺവീതം ദിവസം മൂന്നുനേരം സേവിക്കുക.

4. താന്നിക്കാത്തോടു് തേൻചേർത്തു് അരച്ചു് നാക്കിൽ തേക്കുക. എക്കിറം ശമിക്കും.

മട്ട, പഴം, കാപ്പി, മത്സ്യം, പച്ചവെള്ളം, ലഹരി ഇവ വർജ്ജിക്കുക പകൽ ഉറങ്ങരുതു്. ലാക്ഷാദി എണ്ണതേച്ചു് ചൂടുവെള്ളത്തിൽ കുളിക്കുക. ചുക്കിട്ടു കാച്ചിയ ആട്ടിൻപാൽ കുടിക്കാം.

## 12. പല്ലുവേദനയ്ക്കു്

1. ഗ്രാമ്പൂതൈലം പഞ്ഞിയിൽ ഒപ്പിവയ്ക്കുന്നതു് പല്ലുവേദന തൽക്കാലം ശമിക്കുവാൻ നല്ലതാണു്.

2. ഇഞ്ചിനീരും തേനും കൂടിചേർത്തു് കവിൾകൊള്ളുക.

3. ഖദിരാദിഗ്ഗുളിക വേദനയുള്ളഭാഗത്തു് വയ്ക്കുക.

4. അരിമേദാദി എണ്ണ കവിൾകൊള്ളുകയും തളംവയ്ക്കുകയും ചെയ്യുക. നീരുള്ളപക്ഷം കൃഷ്ണാദിഗ്ഗുളിക തേനിൽചാലിച്ചു പുറമേ ഇടുക. പല്ലുവേദന കുറയുന്നതുവരെ കുളിക്കരുതു്. പല്ലുതേക്കാൻ പൽപ്പൊടി ഉപയോഗിക്കാം. ഇന്തുപ്പും കുരുമുളകും പൊടിച്ചുചേർത്തു് ഉമ്മിക്കരിയും കൂട്ടിയോജിപ്പിച്ചു് പല്ലുതേയ്ക്കാം.

ആദ്യമായി തീക്ഷ്ണമായ ഔഷധങ്ങൾ (വീര്യമുള്ളതു്) കവിൾകൊണ്ടും പല്ലിന്റെ ഇടയിൽവച്ചും പല്ലും പല്ലിന്റെ ചുവടുംചൂടാക്കി വിയപ്പിക്കണം.

5. ദ്വാരമുള്ള പല്ലിന്റെ ദ്വാരത്തിൽ ശർക്കരവച്ചു് ഇരുമ്പുശലാക പഴുപ്പിച്ചു് കുഴൽവഴി ഇറക്കി ശർക്കരയിൽ പിടിപ്പിക്കുക. പല്ലുവേദന മാറുകയും ദ്വാരത്തിലുള്ള അണുക്കൾ നശിക്കുകയും ചെയ്യും. ഈ പ്രയോഗങ്ങൾ നടത്തുമ്പോൾ മററു പല്ലുകൾ, നാക്കു് മുതലായ ഭാഗത്തു് പൊള്ളൽ ഏൽക്കാതെ സൂക്ഷിക്കണം.

6. എരിക്കിൻപാലോ, ഏഴിലപ്പാലയുടെ പാലോ ഊനത്തിലൊഴിക്കുന്നതു് നല്ലതാണു്.

7. ഹിംഗ്വാദിചൂർണ്ണം തുണിയിൽ ചെറുകിഴികെട്ടി കേടുള്ളപല്ലുകൊണ്ടു കടിച്ചുപിടിക്കുക. വേദനമാറും.

## ഹിംഗ്വാദിചൂർണ്ണം:

കായം, കുമ്പിളിന്റെവേരിന്മേൽതൊലി, കാരീയം, ചെഞ്ചല്യം, കൊട്ടം, വിഴാലരി, പച്ചക്കർപ്പൂരം ഇവ എല്ലാംകൂടി പൊടിയ്ക്കുക.

## ഹിംഗ്വാദിതൈലം

8. ഹിംഗ്വാദിതൈലം കവിൾകൊള്ളുന്നതും നല്ലതാണു്.

ഹിംഗ്വാദിതൈലം: ഹിംഗ്വാദിചൂർണ്ണത്തിന്റെ മരുന്നുകൾ അരച്ചു നല്ലെണ്ണയിൽ കലക്കി കാച്ചി മെഴുകുപാകത്തിൽ അരിക്കുന്നതു് ഹിംഗ്വാദിതൈലം.

9. വിദാര്യാദിതൈലം നസ്യംചെയ്യുക, (മൂക്കിൽ ഒഴിക്കുക) പല്ലുവേദന ശമിക്കും.

വിദാര്യാദിതൈലം

പാൽമുതക്കിൻ കിഴങ്ങ്, ഇരട്ടിമധുരം, കുഴിമുത്തങ്ങ, കരുവേലപ്പട്ട, ഈ മരുന്നുകൾ ഒരുതുടം എണ്ണയ്ക്ക് ഓരോന്നും അരകഴഞ്ചുവീതം അരച്ചുകലക്കി പത്തുതുടം പാലുംചേർത്ത് കാച്ചിയരിക്കുക.

അസനവില്വാദിഎണ്ണ കവിൾക്കൊള്ളുക നേരിയ ചൂടിൽ. ചൂടാക്കാതെ എണ്ണ തലയിൽ വെക്കുകയും ചെയ്യണം.

കർപ്പൂരാദിതൈലം പല്ലിനിടയിൽ വയ്ക്കുന്നതും നന്ന്. ദശനകാന്തിപ്പൊടി, ഹാാദിപൊടി ഇവ ഏതെങ്കിലുംകൊണ്ട് പല്ലുതേയ്ക്കുക, ഉപ്പുവെന്ത വെള്ളം ചൂടാക്കി കുലുക്കുഴിയുന്നതു് നല്ലതാണ്.

## 13. വാതത്തിനു്

ആബാലവൃദ്ധം ജനങ്ങളെ വ്യാപകമായി ബാധിക്കുന്ന രോഗമാണല്ലോ വാതം. വാർദ്ധക്യമായാൽ ഇതിന്റെ പ്രഹരമനുഭവിക്കാത്തവർ ഉണ്ടായിരിക്കുമോ എന്നു സംശയം. വാർദ്ധക്യത്തിനുമുമ്പ് വല്ലാതെ അലട്ടുന്ന പ്രത്യക്ഷാനുഭവങ്ങൾ കുറഞ്ഞിരിക്കാമെങ്കിലും വാതരോഗം അക്കാലത്തും ശക്തി സംഭരിക്കുന്നുണ്ടെന്നുതന്നെ വിശ്വസിക്കാം. വാതരോഗം പലതരത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. പല ശരീരങ്ങളിലും പലതരത്തിൽ രോഗം പ്രവർത്തിക്കുന്നു. എന്തായാലും ശക്തമായ ആക്രമണമാണെങ്കിൽ മനുഷ്യനെ രൂപവൈകല്യമുള്ളവരാക്കിയും മററും ജീവിതംതന്നെ ഒരു അനാവശ്യഭാരമാക്കിത്തീർക്കും. ഈ രോഗത്തിനു് നേരിട്ടുള്ളവൈദ്യസഹായമാണ് ആവശ്യം. എങ്കിലും മിക്കവാറും എല്ലാവരിലും പതിയിരിക്കുന്ന ഈ വിപത്തിന്റെ നിവാരണമാർഗ്ഗം എന്ന നിലയിൽ വർഷകാലത്തു് ആണ്ടിൽ ഒരുപ്രാവശ്യം എന്തെങ്കിലും

കഷായമോ ലേഹ്യമോ സേവിക്കുന്നതു കൊള്ളാം. കുഴമ്പുകറം ഉപയോഗിച്ച് കുളിക്കുകയും മററും ചെയ്യുന്നതു് ഒരു കരുതൽ നടപടിയത്രേ. കൂടാതെ ചിലപ്പോഴൊക്കെ നട്ടവേദനയോ, കൈകാൽ കട്ടകട്ടപ്പോ, ഉണ്ടായെന്നു വരാവുന്നതാണു്. അതിനാൽ ഗഹനമായ ചികിത്സാക്രമങ്ങളെപ്പററി പറയുന്നില്ലെങ്കിലും താൽക്കാലികപ്രതിവിധിയെന്ന നിലയിലും നിവാരണ നടപടി എന്ന നിലയിലും ചിലതൊക്കെ നിർദ്ദേശിക്കുകയാണു്.

1. പ്രഭഞ്ജനം, ക്ഷീരബല. ധാന്വന്തരം, സഹചരാദി, കൊട്ടംചുക്കാദി, കാർപ്പാസാസ്ഥ്യാദി മുതലായ കുഴമ്പുകളും, പ്രസാരണ്യാദി, മാഷ, മഹാമാഷ തൈലങ്ങളും വാതസംബന്ധമായ വേദനകറംക്കു് പുറമേ പുരട്ടുവാനുള്ളവയാണു്. ഇതിൽ ഏതും ഏതു ശരീരത്തിനും പിടിച്ചെന്നു വരണമെന്നില്ല അതുകൊണ്ടു് ഏതു പിടിക്കുന്നുവോ അതു പ്രയോഗിക്കേണ്ടതാണു്.

2. ബലാരിഷ്ടവും ഖദിരാരിഷ്ടവും യോജിപ്പിച്ചു സേവിക്കുക.

3. ചെറിയ രാസ്നാദി കഷായം, മഹാരാസ്നാദി കഷായം, സഹചരാദികഷായം, ഇവയെല്ലാം വാതരോഗികറംക്കു് നിവാരണമാർഗ്ഗം തേടുന്നവർക്കും ഫലപ്രദമത്രെ.

4. പ്രസാരണ്യാദി കഷായമോ, പാൽകഷായമോ സേവിക്കുന്നതു് വളരെ നല്ലതാണു്.

5. ഗുൽഗുലുതിക്തകം കഷായം ഗുൽഗുലുതിക്തകം നെയ്യ് ഇവകറം തളർവാതത്തിനു് ഉപയോഗിക്കാം.

### പ്രസാരണ്യാദി കഷായത്തിനു്

പ്രസാരണി, ഉഴുന്നിൻപരിപ്പു്, കുറുന്തോട്ടിവേരു്, വെളുത്തുള്ളിതൊലികളഞ്ഞതു്, വെള്ളരത്ത, ചുക്കു് ഇവ കഷായമായും പാൽകഷായമായും ഉപയോഗിക്കുക. ഇന്ദുകാന്തം, വിദാര്യാദി കഷായവും അത്യുത്തമമാണു്. നാരായണതൈലം ശരീരത്തിൽ പുരട്ടുക. കഷായത്തിൽ ക്ഷീരബല 101 (ധാന്വന്തരം 101) ചേർത്തു് സേവിക്കുക. ചെറിയ മാത്രയിൽ അകത്തു സേവിക്കുക.

## 14. അഗ്നിമാന്ദ്യം

ഈ രോഗം സാധാരണമാണ്. മിതാഹാരംതന്നെ കഴിച്ചാലും ദഹിപ്പിക്കുന്നതിനുള്ള ശക്തി ദഹനേന്ദ്രിയത്തിനില്ലാതെ വരുകയും ദഹനക്രിയയ്ക്കു് സാധാരണയിൽ കവിഞ്ഞസമയം ആവശ്യമായി വരുകയും ചെയ്യുമ്പോൾ അഗ്നിമാന്ദ്യമുണ്ടെന്നറിയണം. ഇതിനാദ്യമായി പട്ടിണികിടക്കുന്നതു് നന്നു്. ലഘുവായും ദ്രവരൂപത്തിലുമുള്ള ആഹാരം കഴിക്കുന്നതും നല്ലതാണു്. പഞ്ചകോലംകഷായം, പഞ്ചകോലചൂർണ്ണം, മധൂകാസവം, ദീപ്യകാദികഷായം, ദീപ്യകാദിചൂർണ്ണം, പടുവഞ്ചകാദിഗുളിക, ഭ്രക്തഞ്ചരീഗുളിക, അഷ്ടചൂർണ്ണം, ഇന്തുപ്പുകാണം പൊടി, താലീസപത്രാദിപൊടി, വൈശ്വാനരചൂർണ്ണം, ഹുതഭ്രഗാദി എന്നീ പൊടികളും ഷഡ്ഫലഘൃതം, ചാർങ്ങെര്യാദിഘൃതം എന്നിവയും കല്യാണക്ഷാരം, പഞ്ചലവണഭസ്മം, ഭാസ്ക്കരലവണം എന്നിവയും വില്വാദിലേഹ്യം, താലീസപത്രാദിലേഹ്യം, താലീസപത്രാദിവടകം, എന്നിവയും സേവിക്കുന്നതു നല്ലതാണു്.

## 15. അതിസ്ഥൌല്യം

ശരീരം സാമാന്യത്തിലധികം തടിക്കുന്നതിനാണു് അതിസ്ഥൌല്യം എന്നു പറയുന്നതു്. ഇതിനു് നല്ലവണ്ണം വ്യായാമം ചെയ്യുക, അദ്ധ്വാനിക്കുക. പോഷകപദാർത്ഥങ്ങൾ ഉപേക്ഷിക്കുക, ദിവസേന നല്ലവണ്ണം ശോധന വരുത്തുക, ഇതിനു് മാണിഭദ്രംലേഹ്യം ഉപയോഗിക്കാം. അയസ്മൃതി, ലോഹഭസ്മങ്ങൾ, വിളംഗാദിപൊടി, തേൻ സമം വെള്ളം ചേർത്തുപയോഗിക്കുക ഇവനന്നു്.

## 16. അതിസാരം (വയററിളക്കം)

വില്വാദിഗുളിക, സേതുബന്ധംഗുളിക, അഹിഫേനാസവം, കുടജാരിഷ്ടം എന്നിവയും നല്ലതാണു്.

## 17. അനലറി (വയറുകാളൽ)

ഇതിന്നു് എരുമപ്പാൽ, എരുമനെയ്യ്, ഗുരുതപം കൂടി യ ഭക്ഷണപദാത്ഥങ്ങരം മാംസം, കോഴിമുട്ട മുതലായവ പാൽക്കഞ്ഞി, ഗുൽഗുലുതിക്തകംനെയ്യ് ഇവയും നല്ല താണു്.

## 18. അവബാഹു (വാതരോഗം)

കയ്യ് പൊക്കുവാനും, താഴ്ത്തുവാനും വയ്യായ്ക, സഹിക്കാത്ത വേദനയുണ്ടാകുക ചിലപ്പോരം ശോഷിപ്പു ണ്ടാകുക ഇതാണു്. ഇതിന്നു് രാസ്നാദി കഷായം ക്ഷീ രബല, കാർപ്പാസാസ്ഥ്യാദി എന്നീ ആവത്തിച്ച തൈ ലങ്ങരം. ബലാരിഷ്ടം, പ്രസാരണ്യാദി പാൽകഷാ യം പരിണതകേര്യാദിതൈലം, ചെറുനാരങ്ങയും വെള ത്തുള്ളിയും ചേർന്ന കിഴി, ക്ഷീരബല 101 കൊണ്ടുള്ള നസ്യം, കാർപ്പാസാസ്ഥ്യാദി എണ്ണ എന്നിവ നല്ലതാ ണു്.

## 19. അപസ്മാരം

യാതൊരു കാരണവുംകൂടാതെ ഉണ്ടാകുന്ന ബോധ ക്കേട്ട്, വായിൽനിന്നു് പതവരുക ഇവയാണു്. ഇതി ന്നു് ആദ്യമായി ഇരുമ്പു് കയ്യിൽ പിടിപ്പിക്കുക. ആരും തൊടാതിരിക്കുക. പഞ്ചഗവ്യഘൃതങ്ങരം മാനസമിത്ര വടകം. അശ്വഗന്ധാരിഷ്ടം വാതഹരങ്ങളായ ചികി ത്സകളും ചിലപ്പോരം പ്രയോജനപ്രദമാണു്. സ്വർണ്ണ ഭസ്മം സേവിക്കുന്നതും നന്നു്.

## 20. അരുചി

വിശപ്പുതോന്നിയാലും ഭക്ഷണങ്ങരം കഴിക്കുന്നതി ന്നു് ആസ്ഥയില്ലായ്കക്കു് അരുചി എന്നു പറയുന്നു. താലീശപത്രാദി യവന്യാദിപൊടികരം, വില്വാദിലേ ഹ്യം, ഭാവനാഹരീതകി, ഇഞ്ചിനീരും 30 ചെറുനാരങ്ങാ നീരും സമമായി എടുത്തു് ഉപ്പു് ചേർത്തു് കുറേശ്ശെ കുറേ ശ്ശെ ഇടയ്ക്കിടയ്ക്കു് സേവിക്കുന്നതു് നല്ലതാണു്.

ഭാവനാഹരിതകീ: ചെറുനാരങ്ങാനീരിൽ മുങ്ങികിടക്കുന്നിടത്തോളം കടുക്കാതൊണ്ടിട്ട് നാഴിനീരിന് 6 കഴഞ്ച് അളവിന് ഇന്തുപ്പും ഇട്ട് പകൽ വെയിലിൽ ഇടുകയും രാത്രി അതിൽ എടുത്തിടുകയും ഇങ്ങിനെ 4 പ്രാവശ്യം ചെയ്താൽ അതിവിശേഷമാണ്. ആ കടുക്ക ഓരോന്ന് ഇടസ്സിടസ്സ് കടിച്ചുചവച്ചുതിന്നുക നല്ല സ്വാദാണ്. മാതളനാരങ്ങയുടെ അല്ലി പഞ്ചസാരചേർത്ത് സേവിക്കുന്നതും നല്ലതാണ്. ഇന്തുപ്പും നെയ്യുംചേർത്ത് ഇടസ്സിടസ്സ കുറേശ്ശെ സേവിക്കുന്നതും നല്ലതാണ്.

## 21. അർദ്ദിതവാതം

ചിറിയുടെ ഒരു ഭാഗം കോടുന്നതിന് അർദ്ദിതവാതം എന്നു പറയുന്നു. ഇതിൽ മൂക്ക്, കണ്ണ്, എന്നിവകൾക്കും കോട്ടമുണ്ടാകും. ദ്രവമായ ആഹാരങ്ങൾ കഴിക്കുമ്പോൾ ഒരു ഭാഗത്തെ തൊലിക്കും. തുപ്പിയാൽ ചെരിഞ്ഞുപോകും. ചെവി കേൾക്കായ്ക മുതലായ ഉപദ്രവങ്ങൾ ഉണ്ടായിരിക്കും. തലയിൽ ആവർത്തിച്ച ക്ഷീരബല, ധാന്വന്തരം, കാർപ്പാസാസ്ഥ്യാദിതൈലങ്ങൾ തളംവയ്ക്കുക, നസ്യം ചെയ്യുക. ധനദനയനാദികഷായത്തിൽ ചേർത്തു സേവിക്കുക. ബലാരിഷ്ടം സേവിക്കുക. മുഖത്ത് ആവർത്തിച്ച തൈലങ്ങൾ പുരട്ടി ഒരു മണിക്കൂർ തടവി ചൂടുപിടിപ്പിക്കുക. ശിരോവസ്തി ചെയ്യുക, ഇവയെല്ലാം ഹിതങ്ങളാണ്.

## 22. അസ്ഥിസ്രാവം (വെള്ളപോക്ക്)

ഇതിന് ആദ്യം വയറിളക്കണം. തുവുൽലേഹ്യം കഴിച്ച് വയറിളക്കണം. മുസലീഖദിരാദികഷായം കറുന്തോട്ടി അരച്ചുണക്കിപ്പൊടിച്ച പൊടി വെണ്ണനെയ്യിൽ ചാലിച്ച സേവിക്കുക. കന്മദഭസ്മം, ശൃംഗഭസ്മം, വംഗഭസ്മം, വസ്ത്യാമയാന്തകഘൃതം, ധാത്ര്യാദിഘൃതം, വാരാഹ്യാദിഘൃതം, ദ്രാക്ഷാരിഷ്ടം, ചന്ദനാസവം, ചന്ദനതൈലം, പിണ്ഡതൈലം ഇവയും ശീലിക്കുന്നതു് നല്ലതാണ്.

## 23. ആർത്തവദോഷം

സുകുമാരം കഷായം, സപ്തസാരം കഷായം, അശോകാരിഷ്ടം, കുമാര്യാസവം, അശോകഘൃതം, സുകുമാരഘൃതം, സുകുമാരലേഹ്യം, കാന്തഭസ്മം, ലോഹഭസ്മം, ഇവയും ഹിതങ്ങളാണ്.

## 24. ആലസ്യം (ക്ഷീണം)

ദ്രാക്ഷാരിഷ്ടം, മൃതസഞ്ജീവിനി, നരസിംഹരസായനം, ദശമൂലാരിഷ്ടം, തേച്ചുകുളി ഇവയും നല്ലതാണ്.

## 25. ഇന്ദ്രിയസ്ഖലനം

ഉറക്കംവരാതെ കിടക്കരുത്. ഈശ്വരസ്മരണയോടെ കിടക്കുക. രാത്രി ജലാംശം കഴിയുന്നതും കുറയ്ക്കണം. ശോധന ശരിപ്പെടുത്തണം. അഭയാമൃതരസായനം, ശാത്മലീഘൃതം, ചന്ദനാസവം, നവായസംഗുളിക, കന്മദം, ഇവയും ഉപയോഗിക്കുന്നതു് നല്ലതാണ്. ജലാശയത്തിലോ അരക്കെട്ടവരെ മുങ്ങിയിരിക്കത്തക്ക നിലയിലുള്ള വലിയ പാത്രത്തിൽ വെള്ളം നിറച്ചതിലോ അരക്കെട്ടവരെ മുങ്ങത്തക്കനിലയിൽ 20 മിനിട്ടുസമയം നിൽക്കുകയോ, ഇരിക്കുകയോ ചെയ്യുന്നതും നന്ന്. അമൃതപ്രാശഘൃതം, ദശമൂലാരിഷ്ടം, മൃതസഞ്ജീവിനി, മദനകാമേശ്വരം, ചാതുർജ്ജാനം എന്നിവയും നല്ലതാണ്.

## 25. ഉന്മാദം (ചിത്തഭ്രമം)

ആദ്യമായി അവിപത്തിപൊടി കഴിച്ചു് വയറിളക്കുക. പിന്നീട്ട് ദ്രാക്ഷാദികഷായം, മൃദ്വീകാദി, ശാരിബാദി എന്നീ കഷായങ്ങൾ, പഞ്ചഗവ്യം, മഹാപഞ്ചഗവ്യം, കല്യാണകം, മഹാകല്യാണകം, എന്നീ ഘൃതങ്ങളും ദ്രാക്ഷാരിഷ്ടം, അശ്വഗന്ധാരിഷ്ടം, മാനസമിത്രം വടകം എന്നിവയും തുംഗദ്രുമാദി, വലിയ തുംഗദ്രുമാദി, വലിയ ചന്ദനാദി, തെങ്ങിൻപുഷ്പാദി, ഹിമസാഗരതൈലം എന്നിവയും ഉപയോഗിക്കുന്നതു് നല്ലതാണ്.

## 26. കാമില (പിത്താധിക്യം, മഞ്ഞപിത്തം)

ഇതിനു് അവിപത്തിപൊടികൊണ്ടു് വയറിളക്കുക. മൂത്രഹരിതകീചൂർണ്ണം ദിവസേന കഴിക്കുക. വാശാഗുളൂച്യാദികഷായം, നവായസചൂർണ്ണം, തിക്തകം, മഹാതിക്തകം, ദശസ്പരസം, കല്യാണകം, എന്നീ ഘൃതങ്ങൾ, ലോഹാസവം, ദ്രാക്ഷാരിഷ്ടം, ലോഹഭസ്മം, ചിഞ്ചാദിലേഹ്യങ്ങൾ, പുനർന്നവാമണ്ഡൂരം, ദ്രാക്ഷാദിലേഹ്യം, എന്നിവയും, ആറുകാലാദി, കയ്യുന്യാദി എന്നീ എണ്ണകളും ഹിതങ്ങളാണു്. കിഴകാനെല്ലിസമൂലം 3 കഴഞ്ചു് അരച്ചു് അപ്പോൾ കറന്ന പശുവിൻ പാലിൽ ചേർത്തു സേവിക്കുന്നതും വളരെ നന്നു്.

## 27. കാസം (ചുമ)

ഇതിനു് വ്യാഘ്ര്യാദികഷായം, വ്യാഘ്ര്യാദിഘൃതം, വ്യാഘ്ര്യാദിലേഹ്യം, അഗസ്ത്യരസായനം, കസ്തൂരാദിലേഹ്യം, വസിഷ്ഠരസായനം, കൂശ്മാണ്ഡരസായനം, ദശമൂലരസായനം, താലീശപത്രാദി, കർപ്പൂരാദി, ഏലാദി, എന്നീ പൊടികൾ, വാശാരിഷ്ടം, ദശമൂലാരിഷ്ടം എന്നിവയും ഹിതങ്ങളാണു്.

നിലംകാരിച്ചുമയ്ക്കു്: താംബൂലലേഹ്യം, മൃദ്വീകാദിലേഹ്യം ഇവയും നന്നു്.

## 28. കുഷ്ടം

ഇതിനു് അടിക്കടി ശരിക്കു് വിരേചന വരുത്തുക. ഖദിരസാഘൃതം, തിക്തകം, മഹാതിക്തകം, ഗുൽഗുലുതിക്തകം എന്നീ ഘൃതങ്ങൾ, ഗുൽഗുലുതിക്തകം, മഹാതിക്തകം, വജ്രകം, മഞ്ജിഷ്ഠാദി, ശോണിതാമൃതം എന്നീ കഷായങ്ങൾ സേവിക്കുക

## 29. കൃമി

ചന്ദ്രശൂരാദികഷായം, വിളംഗാദികഷായം, കൃമിഘ്നവടിക, കൃമിശോധിനിവടിക, കായം ഇവ നല്ലതാണു്.

## 30. ഗർഭിണികൾ ശീലിക്കേണ്ടവ

പശുവിൻവെണ്ണ, നെയ്യ്, പാല് ഇവ ദഹനംപോലെ കഴിക്കുക. മഹാധാന്വന്തരംഗുളിക (ഗർഭരക്ഷിണിഗുളിക) ഓരോന്നുവീതം ജീരകവെള്ളത്തിൽ കലക്കി രണ്ടു നേരവും ആഹാരത്തിനുമുമ്പ് സേവിക്കുന്നത് നല്ലതാണ്. 8–ാം മാസംമുതൽ ധാന്വന്തരം, ക്ഷീരബല എന്നിവ ആവർത്തിച്ചത് ചെറിയ മാത്രയിൽ അകത്തേയ്ക്കു കഴിക്കുന്നതും, ധാന്വന്തരം, ക്ഷീരബല എന്നീ എണ്ണകൾ തലയിൽ തേക്കുന്നതും ധാന്വന്തരം കുഴമ്പ് മേത്തുതേച്ച് ചൂടുവെള്ളംകൊണ്ടു് മേൽകഴുകുന്നതും നല്ലതാണ്.

പ്രസവത്തിന് സാധാരണ തകരാറുകൾ ഉണ്ടാകാറുള്ളവർ മൂന്നുമാസം മുതൽക്കു് ഫലസർപ്പിസ് ദിവസേന ഉപയോഗിക്കണം. മഹാധാന്വന്തരംഗുളിക ഉപയോഗിക്കുകയും ചെയ്യണം. 8–ാം മാസം മുതൽ സുഖപ്രസവഘൃതം ഉപയോഗിക്കുന്നത് സുഖപ്രസവത്തിനു വളരെ നല്ലതാണ്.

## 31. ഗുന്മൻ

ഇതിനു സപ്തസാരം, സുകുമാരം എന്നീ കഷായങ്ങളും ആന്ത്രകുഠാരം, പൊസികാരാദി, വായുഗുളിക, ധാന്വന്തരംഗുളിക, ഇന്ദുകാന്തഘൃതം, സുകുമാരഘൃതം, ലശുനഘൃതം, അഷ്ടചൂർണ്ണം, ഹിംഗുവചാദി, സുകുമാരലേഹ്യം, പുളിലേഹ്യം മുതലായവയും വളരെ നല്ലതാണ്. ദശമൂലാരിഷ്ടം വായുഗുളിക ചേർത്തു് ഇടക്കിടയ്ക്കു് സേവിക്കാവുന്നതുമാണ്.

<u>ഗ്രഹണി:</u> ഇതിന് പഞ്ചകൊലം കഷായം നാഗരാദി വിഷാമൃസ്താ എന്ന കഷായവും മധുകാസവം, കുടജാരിഷ്ടം, പിപ്പല്യാസവം, പൊൻകാരാദിസാസാംഷ്ടകചൂർണ്ണം. കഫിഫാസാരിഷ്ടം, അഷ്ടചൂർണ്ണം, താലീശപത്രാദി, യവാന്യാദി എന്നീ പൊടികളും വിലാദി, താലീശപത്രാദി, മഹാവിലാദി എന്നീ ലേഹ്യങ്ങളും, വില്വാദിഗുളികയും യുക്തംപോലെ ഉപയോഗിക്കാവുന്നതാണ്.

## 32. നാസാരോഗം

അണുതൈലം നസ്യം. നാസികാചൂർണ്ണം മൂക്കിൽ വലിക്കുക. അസനവില്വാദി, മരിചാദി, ഏലാദി എന്നീ എണ്ണകളും രാസ്നാദി പൊടിയും ഹിതമാകുന്നു

## 33. പക്ഷവാതം

ശരീരത്തിൻെറ ഏതെങ്കിലും ഒരു ഭാഗമോ ഒരവയവമോ കുഴഞ്ഞുപോവുകയും ചലനശക്തിയില്ലാതെയും സ്പർശനശക്തിയില്ലാതെയുമോ ഇവ കുറഞ്ഞുപോവുകയോ ചെയ്യുന്ന വാതരോഗത്തിന്ന് പക്ഷവാതം എന്നു പറയും. ഇതു രണ്ടുഭാഗത്തേയും ബാധിച്ചാൽ സർവ്വാംഗരോഗമായി. ഇതിന്നു ഗന്ധർവ്വഹസ്താദി ആവണക്കെണ്ണ, മിശ്രികസ്നേഹം ഇവ കഴിച്ച് നല്ല ശോധന ദിവസേന വരുത്തുകയും വലിയ രാസ്നാദി, ചെറിയ രാസ്നാദി, സഹചരാദി, ധനദനയനാദി, ധാന്വന്തരം, വിദാര്യാദി, അഷ്ടവർഗ്ഗം, എന്നീ കഷായങ്ങളും, ധാന്വന്തരം, ക്ഷീരബല, സഹചരാദി, കാർപ്പാസാസ്ഥ്യാദി എന്നീ ആവർത്തിച്ച തൈലങ്ങളും ബലാരിഷ്ടം, ലോഹാസവം, ദശമൂലാരിഷ്ടം, അശ്വഗന്ധാരിഷ്ടം, വായുഗ്ഗുളിക, ധാന്വന്തരംഗ്ഗുളിക എന്നിവയും ധാന്വന്തരം, കാർപ്പാസാസ്ഥ്യാദി, പ്രഭംജനം, സഹചരാദി, എന്നീ തൈലങ്ങളും കുഴമ്പുകളും മഹാമാഷതൈലം, വലിയനാരായണതൈലം എന്നിവയും ആവർത്തിച്ച തൈല്ങ്ങൾകൊണ്ടു് നസ്യവും വിശേഷിച്ച് പിഴിച്ചിൽ, ധാര, നവരക്കിഴി എന്നിവയും തവിടു കളയാത്ത ഉണക്കലരിച്ചോറും ഹിതങ്ങളാണ്.

## 34. പാണ്ഡുരോഗം

അവിപത്തിപൊടികൊണ്ടു് വയറിളക്കുക. മൂത്രഹരിതകീചൂർണ്ണം ദിവസേന കഴിക്കുക. പുനർന്നവാസവം, ലോഹാസവം, കുമാര്യാസവം, കരിമ്പിരുമ്പാദി കഷായം,പുനന്നവാദി, അർദ്ധവില്വം എന്നീ കഷായങ്ങൾ

നവായസം, മണ്ഡൂരവടകം എന്നീ ഗുളികകൾ, കല്യാണ കഘൃതം, ഭഗസ്പന്ധഘൃതം, തിക്തകഘൃതങ്ങൾ, അന്ന ഭേദിസിന്ദൂരം, ലോഹസിന്ദൂരം, കാന്തഭസ്മം, സ്വർണ്ണ ഭസ്മം, ചിഞ്ചാദിലേഹ്യം, ദ്രാക്ഷാദിലേഹ്യം ഇവയും ഹിതങ്ങളാണു്.

## 35. പീനസം

ഇതിനു് നാസികാചൂർണ്ണംകൊണ്ടു് നസ്യം നല്ലതാണു്. അണുതൈലം 5 തുള്ളി വീതം ചൂടാക്കി ദിവസേന മൂന്നുനാലു പ്രാവശ്യം രണ്ടുമൂക്കിലും വലിക്കുക. ത്രിഫലാദിഎണ്ണ തലയ്ക്കു തേക്കുന്നതുത്തമമാണു്. മരിചാദിതൈലവും നന്നു്. അഗസ്ത്യരസായനം, താലീശപത്രാദി ലേഹ്യം, പൊടി ഇവയും ഹിതങ്ങളാണു്. രാസ്നാദിപൊടി തലയിൽ തിരുമ്മുകയും നന്നു്.

## 36. പ്രമേഹം

നെല്ലിക്കാനീരു്, പച്ചമഞ്ഞൾനീരു് ഇവ സമം ഒരൗൺസിൽ അമൃതിൻറ്റു് ഒരുഗ്രാം മഞ്ഞൾപൊടി ഒരുഗ്രാം തേൻ $\frac{1}{2}$ ഔൺസ് ഇവ ചേർത്തു് ദിവസവും സേവിക്കുന്നതു് വളരെ നന്നു് അമൃതു് പടംകളഞ്ഞു് 12 കഴഞ്ചു് കഴകി അരിഞ്ഞു് ചതച്ചു് ഒരിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു് രണ്ടുതുടമായി ഊററി എടുത്തു് രാവിലെ ബെഡ്കോഫിക്കു് പകരം കഴിക്കുന്നതു് വളരെ വിശേഷമാണു്. പച്ചനെല്ലിക്കാ ഇടിച്ചുപിഴിഞ്ഞ നീരു് ഔൺസ് 16 നല്ല തേൻ ഔൺസ് 8 നല്ല മഞ്ഞൾ പൊടി തോല ഒന്നു് തമ്മിൽ ചേർത്തു് കുപ്പിയിലാക്കി അടച്ചുവച്ചു് രണ്ടുനേരവും കുപ്പിനല്ലവണ്ണം കുലുക്കിവെക്കുക. ഒരാഴ്ച കഴിഞ്ഞു് അരിച്ചെടുത്തു് ഓരോ ഔൺസു വീതം ദിവസം 2 നേരം സേവിക്കുന്നതു വളരെ നന്നു്. കനകഖദിരാദി, ആരഗ്വധാദിനിശാരി എന്നീ കഷായങ്ങളും മേഹസംഹാരി, ബൃഹന്മേഹാന്തകം, തിരുര്യാദി

എന്നീ ഗുളികകൾ. അയസ്കൃതി, ലോദ്ധ്റാസവം, ദേവദാർവ്വാരിഷ്ടം, അഭ്രഭസ്മം, കന്മദഭസ്മം, വംഗഭസ്മം ഇവയും, നിശൊശിരാദി, ഏലാദി എന്നീ എണ്ണകളും നല്ലതാണു്. പ്രത്യേകിച്ച് $\frac{1}{2}$ ഗ്രാം വീതം ശുദ്ധിചെയ്ത കന്മദം പാലിൽചേർത്തു് ദിവസേന കഴിക്കുന്നതു് പ്രമേഹരോഗം അററുപോകുന്നതിനുത്തമമാണു്.

## 37. ബലക്കുറവു് (ക്ഷീണം)

ഇതിനു് ദശമൂലാരിഷ്ടം, മൃതസംജീവിനി, ദ്രാക്ഷാരിഷ്ടം, ലോഹാസവം, അശ്വഗന്ധാരിഷ്ടം, സ്വർണ്ണഭസ്മം, ഇന്ദുകാന്തം, വിദാര്യാദി, അമൃതപ്രാസം, എന്നീ നെയ്യുകൾ താരസിംഹരസായനം, കൂഷ്മാണ്ഡരസായനം, ലോഹഭസ്മം, എന്നിവയും ഹിതങ്ങളാണു്.

## 38. ബുദ്ധിമാന്ദ്യം

ദശമൂലാരിഷ്ടം, അശ്വഗന്ധാരിഷ്ടം, സാരസ്വതാരിഷ്ടം, ബ്രഹ്മീനീരു്. മാനസമിത്രവടകം, കല്യാണഘൃതം, പഞ്ചഗവ്യഘൃതം, സ്വർണ്ണഭസ്മം, ക്ഷീരബലം, ധാന്വന്തരം, വലിയചന്ദനാദി എന്നീ എണ്ണകളും നന്നു്.

## 39. ബോധക്ഷയം

ഇതിനു ദശമൂലാരിഷ്ടം, മൃതസംജീവിനി മൃഗമദാസവം, തേൻ, നയോപായം കഷായം, ഗോരോചനാദി ഗുളിക, വായുഗുളിക, കസ്തൂര്യാദിലേഹ്യം, പശുവിൻ പാലു്, വീശുക, മുലപ്പാൽനസ്യം ഇവയും നല്ലതാണു്.

## 40. ഭഗന്ദരം

മലദ്വാരത്തിനടുത്തു് കുരുവന്നു് വലിയ വേദനയോടെ പൊട്ടുക, അടച്ചുവീർക്കുക, ഉണങ്ങിത്തടിക്കുക ഇതിനാണു് ഭഗന്ദരം എന്നു പറയുന്നതു്.

ഇതിന്ന് ചിരുവല്യാദികഷായം, ഗുൽഗുലുതിക്ത കം, തിക്തകം, മഹാതിക്തകം, എന്നീ കഷായങ്ങളും ഗുൽഗുലുപഞ്ചപംപൊടി, ഗുൽഗുലുതിക്തകം തിക്തകം മഹാതിക്തകം, എന്നീ ഘൃതങ്ങൾ, മധുസ്നുഹീരസായനം, എന്നിവയും ഹിതങ്ങളാണ്. മർമ്മഗുളികകൾ അരച്ചിടാവുന്നതാണ്. പൂച്ചയുടെ നട്ടെല്ല് ത്രഫലകഷായത്തിൽ അരച്ചിടുന്നതു് വേദന ശമിക്കുവാനും കൂടി വളരെ നല്ലതാണ്.

## 41. മദാത്യയം

അധികമായി മദ്യപാനം ചെയ്തതുകൊണ്ടുണ്ടാകുന്ന ബുദ്ധിമാന്ദ്യത്തിനാണ് മദാത്യയം എന്നു പറയുന്നതു്. ഇതിന്ന് ശ്രീവണ്ഡാസവം, ദ്രാക്ഷാദികഷായം ഇളനീർ വെള്ളം നല്ല പുളിച്ചതൈരു്, അകത്തേക്കു കഴിക്കുന്നതും നന്നു്. ഇളനീർവെള്ളംകൊണ്ടു് തലയ്ക്കു് ധാരയിടുന്നതും നല്ലതാണ്.

## മലബന്ധം

ഭയാരിഷ്ടം, ഗന്ധർവ്വഹസ്ഥാദി ചിരി[illegible] വങ്ങൾ, ചന്ദ്രകസ്നേഹം, ഗന്ധർവ്വ ഹസ്[illegible] പാമൃതാദി ആവണക്കെണ്ണകൾ, സുകുമാരഘൃ[illegible] പത്തിപ്പൊടി, വൈശ്വാനരം, ഇന്തുപ്പുകാണം ഹൃ[illegible] പൊടികൾ, ആവണക്കെണ്ണ, കല്യാണഗുളം, മാണിഭദ്രം, തൃപുൽലേഹ്യം, ദശമൂലഹരിതകി, ദന്തീഹരിതകി, ഇവയും നന്നു്. ധാന്വന്തരം കുഴമ്പു് ദിവസേന വയററത്തു് പുരട്ടി ½ മണിക്കൂർ തടവുക. തേച്ചുകുളിക്കുക. പാലു് കഴിക്കുക. പഴങ്ങൾ തിന്നുക ഇവയും നല്ലതാണ്.

## 43. മൂത്രകൃച്ഛ്രം (മൂത്രംചുടിച്ചിൽ)

ക്ഷീരബല, ധാന്വന്തരം എന്നീ തൈലങ്ങൾ നാഭിക്കു കീഴെ പുരട്ടി ½ മണിക്കൂർ തടവി തിളച്ചവെള്ളത്തിൽ ആവിപിടിക്കുക മൂത്രം പോകാത്തപക്ഷം ഉടനേതന്നെ തണുത്ത വെള്ളമൊഴിച്ച് തണുപ്പിക്കുക. മുസലിഖദിരാദി, ശതാവര്യാദി, ജീവനിയലാണാദികഷായങ്ങൾ ധാന്വന്തരം, വായുഗുളിക എന്നിവയും, ഞെരിഞ്ഞിൽ, ബാർലി എന്നിവ ചതച്ചിട്ട് തിളപ്പിച്ച വെള്ളവും ത്രൈകണ്ഡാതഘൃതം വസ്ത്യാമയാന്തകം, ശതാവര്യാദി എന്നീ ഘൃതങ്ങളും കന്മദഭസ്മം, ശൃംഗഭസ്മം, വംഗഭസ്മം എന്നിവയും നന്ന്.

## 44. ശിരസ്തോഭം (തലവേദന)

ആവർത്തിച്ച ക്ഷീരബല, ധാന്വന്തരം ഇവ തലയിൽ തളംവയ്ക്കുക. നെററിയിൽ പുരട്ടുക. അകത്തേക്കു കഴിക്കുക. ഉഴുന്നിട്ട് പാൽകാച്ചി കുടിക്കുക. വരണാദിഘൃതം, വിദാര്യാദിഘൃതം ഇവനം … റാദിഎണ്ണ കയ്യുന്ന്യാദിഎണ്ണ എന്നിവയ … രാദി പൊടി ചാലിച്ച് നെററിയി … നെററിയിൽ പുരട്ടുക ഇവയും നന്ന്.

## 45. ശുക്ലക്ഷ…

അമൃതപ്രാശഘൃതം, അശ്വഗന്ധ … , ദശമൂലാരിഷ്ടം, മൃതസഞ്ജീവിനി, കൂഷ്മ … ഘൃതം, ശതാവര്യാദിഘൃതം, അഭ്രഭസ്മം, മുക്താഭ..സ്മം, സ്വർണ്ണഭസ്മം, അഗസ്ത്യരസായനം, അശ്വഗന്ധാദിലേഹ്യം, പുതിയ വെണ്ണനെയ്യ്, പാല്, നല്ല പൂവൻപഴം, അമുക്കുരം പൊടിച്ച പൊടി പാലിൽ കഴിക്കുക. നാക്കരണപ്പരിപ്പിട്ട് പാല് കാച്ചി കുടിക്കുക. ഇവയെല്ലാം ഹിതങ്ങളാണ്.

## 46. ശുക്ളസ്രാവം

ഇതിനു് ആദ്രസാരരസായനം, ചന്ദനാസവം, വസ്ത്യാമയിന്തകഘൃതം, സുകുമാരഘൃതം, ശാത്മലീഘൃതം, വംഗഭസ്മം ഇവ നല്ലതാണു്.

## 47. ശൂല (വയററിൽവേദന)

ഇതിനു് ആന്ത്രകുഠാരംഗുളിക, പൊൻകാരാദിഗുളിക, വില്വാദിഗുളിക, ശൂലകുഠാരംഗുളിക, സുകുമാരം, ഇന്ദുകാന്തം എന്നീ ഘൃതങ്ങൾ, കല്യാണക്ഷാരം, ഭാസ്കരലവണം, കാന്തഭസ്മം, അഷ്ടചൂർണ്ണം, ഹിംഗുവചാദിചൂർണ്ണം ഇവയും നല്ലതാണു്.

## 48. ശ്വാസംമുട്ടൽ (വലിവു്)

ഇതിനു് ദശമൂലാരിഷ്ടം, ജീരകാരിഷ്ടം, കനകാസവം, കസ്തൂര്യാദി, ശ്വാസാനന്ദം, ധാന്വന്തരം എന്നീ ഗുളികകൾ ചേർത്തു് കഴിക്കാം. കസ്തൂര്യാദിലേഹ്യം, ദശമൂലരസായനം, അഗസ്ത്യരസായനം, വ്യാഘ്രാദിലേഹ്യം ഇവയും നന്നു്. ദശമൂലകടുത്രയകഷായം, ബലാജീരകാദി, വ്യാഘ്രാദി എന്നീ കഷായങ്ങൾ വ്യാഘ്രാദിഘൃതം, ഇന്ദുകാന്തം എന്നീ ഘൃതങ്ങളും നന്നു്. വിദാര്യാദിഘൃതവും നന്നു്. വാശാരിഷ്ടവും വളരെനന്നു്.

# അനുഭവചികിത്സകൾ

<u>കേശവൻ 32 വയസ്സ്</u>

പനി, നടുവിനുവേദന, കാൽമുട്ടിനുവേദന, ചങ്കിനു നൊമ്പരം.

ഛത്രംഗാദിചൂർണ്ണം ഒരു ടീസ്പൂൺവീതം സുകുമാരംനെയ്യും ശർക്കരയും കൂട്ടി ചാലിച്ചു രാവിലെയും വൈകിട്ടും ഭക്ഷണത്തിനുമുമ്പ് സേവിക്കുക. അഭയദശമൂലം ഒരൗൺസുവീതം വൈകിട്ട് ഭക്ഷണംകഴിഞ്ഞ് സേവിക്കുക. പ്രസാരണ്യാദിതൈലം ചൂടാക്കി അരക്കെട്ടിനും എളിക്കും കാലിനും പുരട്ടി ആവിപിടിക്കുക.
ആവിയ്ക്കു: ഉമ്മത്തില, എരിക്കില, മുരിങ്ങയില, മുരിക്കില, ബീഡിയില ഇവ അരിക്കാടിയിൽ വെന്തു ഉപ്പുംചേർത്ത് തുണി മുക്കിപ്പിഴിഞ്ഞ് ആവി പിടിപ്പിക്കുക.

<u>ഷാജി $13\frac{1}{2}$ വയസ്സ്</u>

ജലദോഷം, തൊണ്ടക്കുനൊമ്പരം.

അമൃതാരിഷ്ടം $\frac{1}{2}$ ഔൺസ്, അശോകദശമൂലാരിഷ്ടം $\frac{1}{2}$ ഔൺസ് കൂട്ടിച്ചേർത്ത് യോജിപ്പിച്ച് ഒരു കലാന്തകം ഗുളിക അരച്ചുചേർത്ത് ദിവസം 2 നേരംവീതം സേവിക്കുക.

<u>പത്മനാഭൻ 11 വയസ്സ്</u>

തലകറക്കം

വയറിളക്കുക. അഭയലോഹാസവം ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക. ആറുകാലാദിഎണ്ണ തലയിൽ തേക്കുക.

മത്തായി 22 വയസ്സ്

ജലദോഷം, ചുമ.

ദശമൂലകടുത്രയംകഷായം ഒരൗൺസുവീതം എടുത്തു് ഒരൗൺസു് തിളപ്പിച്ചാറിയ വെള്ളവും ചേർത്തു് ഓരോ വെട്ടുമാറുഗുളിക അരച്ചുചേർത്തു് ദിവസം 3 നേരം സേവിക്കുക. പത്ഥ്യം: പച്ചവെള്ളം, പഴങ്ങൾ, കിഴങ്ങുവർഗ്ഗം, കുളി, എണ്ണ ഇവ പാടില്ല.

കാർത്ത്യായനി 39 വയസ്സ്

നെഞ്ചുവേവിച്ചുല്ല്

ജീരകം, ആടലോടകത്തിൻവേരു്, കോലരക്കു്, മുന്തിരിങ്ങാപ്പഴം, കുറുന്തോട്ടിവേരു്, ചുക്കു് ഇവ ½ കഴഞ്ചുവീതം ചതച്ചു് കിഴികെട്ടി നാഴിവെള്ളത്തിൽ 2 തുടം പശുവിൻപാലും ചേർത്തു് കാച്ചി പാലാകുമ്പോൾ വാങ്ങി പഞ്ചസാരയിട്ടു പകൽ 3 മണിക്കു് സേവിക്കുക.

ജോൺ മർക്കോസു് 30 വയസു്

രണ്ടുമൂന്നു ദിവസമായി തലവേദന, നടുവിനും പുറത്തും വേദന.

വയറിളക്കുക. അമൃതാരിഷ്ടം, ബലാരിഷ്ടം ഇവ സമംചേത്തു് ഒരു കലാന്തകം ഗുളിക അരച്ചുചേത്തു് ദിവസം 3 നേരം സേവിക്കുക.

ധാന്വന്തരംകുഴമ്പു് പുരട്ടി മുരിങ്ങത്തൊലി, ഉപ്പു് ഇവ വെന്തു് ആവിവച്ചുകുളിയ്ക്കുക.

ഏലിയാമ്മ 35 വയസ്സ്

മനംമറിച്ചിൽ, ഓക്കാനം, ഛർദ്ദി മൂന്നുദിവസമായി തുടങ്ങിയിട്ടു്:

മുസ്താരിഷ്ടം, കുടജാരിഷ്ടം, പിപ്പല്യാസവം

ഇവ സമം എടുത്തു് 2 വില്വാദിഗുളികവീതം ചേർത്തു് ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക.

കൃഷ്ണൻ 28 വയസ്സ്

തുമ്മലിനു്

അണുതൈലം നസ്യത്തിനുള്ളതു് അല്പം ചൂടാക്കി 3 തുള്ളിവീതം 2 മൂക്കിലും ഒഴിച്ചു് വലിച്ചുകയററുക. തെളിവുള്ള ദിവസംമാത്രം.

തുളസ്യാദിതൈലം രാസ്നാദിപൊടിചേർത്തു ചൂടാക്കി നിറുകയിൽവച്ചു് ഒരു നാഴിക കഴിഞ്ഞു് തുടച്ചുകളയുക. ദിവസം 2 നേരംമാത്രം.

താലീശപത്രം ചൂർണ്ണം 10 ഗ്രാം, 10 ഗ്രാം അഗസ്ത്യരസായനത്തിൽ ചേർത്തു് യോജിപ്പിച്ചു് സേവിക്കുക. ദിവസം 2 നേരം വീതം.

അമൃതാരിഷ്ടം, ദശമൂലാരിഷ്ടം ഇവ സമം ചേർത്തു് ഭക്ഷണത്തിനു ഒരു നാഴികമുമ്പു് ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക.

പത്ഥ്യം: തലകുളിക്കുവാൻ പാടില്ല, മത്സ്യം, മാംസം പച്ചവെള്ളം, കാപ്പി, മോരു് ഇവ ഉപയോഗിക്കരുതു്. ഒരുമാസം ഇങ്ങനെ സേവിച്ചുകൊള്ളുക.

ചെറിയാൻ 16 വയസ്സ്

രണ്ടാഴ്ചയായി തൊണ്ടക്കുനൊമ്പരവും പനി തുടങ്ങിയിട്ടു്. അതിനു് ഇംഗ്ലീഷ്മരുന്നു് ചെയ്തു. കുറവില്ല. ചുമയും ഉണ്ടു്.

മരുന്നു്: ചുക്കു്, കുരുമുളകു്, തിപ്പലി, മുയൽചെവിയൻനീരിൽ തിളപ്പിച്ചു് തളംവെയ്ക്കുക. മുരിങ്ങത്തൊലി, ഉപ്പു്, കടുകു്, ഇവ കൂട്ടിച്ചതച്ചു് കിഴികെട്ടി ആവിക്കുവെച്ചു് തൊണ്ടയിൽ കിഴി ചൂടുവെയ്ക്കുക.

ചാണകനീരു്, മഞ്ഞൾ, കായം ഇന്തുപ്പു്, തിപ്പലി, കാവിമണ്ണു് ഇവ പൊടിച്ചു് ചാലിച്ചു തേനുംചേർത്തു് പഞ്ഞിയിൽമുക്കി കൂടെക്കൂടെ പുരട്ടുക. കുളിക്കരുതു്.

അമൃതാരിഷ്ടം, ലോഹാസവം കൂട്ടിച്ചേർത്തു് ദിവസം 3 നേരംവീതം കൊടുക്കുക. വയറിളക്കിക്കഴിഞ്ഞു് മരുന്നുകൾ കൊടുത്താൽ മതി. മരുന്നു കഴിച്ചു് അല്പം കുറവുണ്ടു് നീലിലേപനം ഇടുക.

രാസ്നാദിപൊടി ആവണക്കെണ്ണയിൽ തിളപ്പിച്ചു് നിറുകയിൽ തളംവെയ്ക്കുക. ഒരു നാഴികകഴിഞ്ഞു് കുളിക്കുക. ദിനേശഏലാദികേരം ശരീരത്തിൽ പുരട്ടി ഇഞ്ചതേച്ചു് കുളിക്കുക. വില്വാദിലേഹ്യം ദിവസം പലവട്ടം സേവിക്കുക.

ഭവാനി 23 വയസ്സു്

തലകറക്കം, തലവേദന, ശരീരംആകെ ചൊറിച്ചിൽ, വിശപ്പുകുറവു്, വയററിൽ ആകെ നൊമ്പരം. നേരത്തെ മുതൽ ഉള്ളതാണു്.

മരുന്നു്: ശിരീഷാരിഷ്ടം, ലോഹാസവം സമംചേർത്തു് ഒരു വില്വാദിഗുളിക അരച്ചുചേർത്തു് ദിവസം 2 നേരം സേവിക്കുക.

ശംവനീഘൃതം അത്താഴംകഴിഞ്ഞു് ഒരു സ്പൂൺ വീതം സേവിക്കുക. ലാക്ഷാദിഎണ്ണ തലയിൽതേക്കുക.

സ്വല്പം കൂടുതലാണു്. സ്വരം അടയ്ക്കുക, തൊണ്ടയ്ക്കു് ഏതോവിഷമം. ടിക്കു് തന്നെ താലീശപത്രവടകം ദിവസം പലവട്ടം സേവിക്കുക.

രാസ്നാദിപൊടി പൂവാംകുറുന്തൽനീരിൽ തിളപ്പിച്ചു് തളംവയ്ക്കുക. ദിവസം 2 നേരം തല കുളിക്കരുതു്.

അരുളപ്പൻ 16 വയസ്സു്

കാലിനുവേദന, പനി, തലവേദന, നോവു്, നെ

ററിക്കുവേദന. വെട്ടുമാറുഗ്ഗുളിക ഇഞ്ചിനീരിൽ ഒന്നുവീതം ദിവസം 3 നേരം സേവിക്കുക.

അമൃതാരിഷ്ടം 2 നേരം ഓരോ ഔൺസുവീതം സേവിക്കുക.

കുഴമ്പിന്ന്: ഉമ്മത്തില, എള്ള്, കടുക്, ദേവതാരം, ചെന്നിനായകം ഇവ പാലിൽ അരച്ച് തോരെത്തോരെ പുരട്ടുക.

ചക്കുപുരസ്സൂൽ റെയിച്ചൽ 12 വയസ്സ്

രാത്രിയിൽ കിടക്കയിൽവെച്ച് അറിയാതെ മൂത്രം പോകുക.

(1) അതിന്ന് ആദ്യമായി വയറിളക്കുക. കല്യ്യാണകഘൃതം ഒരു ടീസ്പൂൺവീതം ഒരുനേരം സേവിക്കുക. വൈകുന്നേരം ഒരുപിടി അവൽവീതം നനക്കാത്തതു് തിന്നുക.

(2) പച്ചനെല്ലിക്കാ കുത്തിപ്പിഴിഞ്ഞ നീരു് ഊറൽകളഞ്ഞു് മുക്കാൽത്തുടം എടുത്തു് ഒരുനുള്ളു് മഞ്ഞൾപ്പൊടിയും 6 തുള്ളി തേനും ഒഴിച്ച് രാവിലെയും വൈകുന്നേരവും സേവിക്കുക. അരത്തുടംമുതൽ ഒരുതുടംവരെ സേവിക്കാം.

ബേബി 12 വയസ്സ്

കൈയുടെ ചുണ്ടോന്നിവിരൽ ചൊറിഞ്ഞുപൊട്ടുന്നു.

അട്ടയിട്ടു രക്തം കളയുക. രസോത്തമാദിതൈലം തോരെത്തോരെ പുരട്ടുക. തിക്തകംകഷായം 24 ദിവസം ¼ ഔൺസുവീതം സേവിപ്പിക്കുക തേൻ മേമ്പൊടി ചേർത്തു് ദിവസം 2 നേരംവീതം സേവിക്കുക.

പത്ഥ്യം: മത്സ്യം മാംസം ഇവ വർജ്ജിക്കുക.

തിക്തകഘൃതവും സേവിക്കണം. ഒരു ടീസ്പൂൺ വീതം കാലത്തും വൈകിട്ടും സേവിക്കുക, 15 ദിവസം

തുടർച്ചയായി സേവിച്ചു തിരിച്ചുവന്നു. വിശേഷം ഒന്നും ഇല്ല. പതിവുള്ള ആഹാരവും എണ്ണയും തുടരുവാൻ നിർദ്ദേശിച്ച് പറഞ്ഞയച്ചു.

പോൾ 31 വയസ്സ്

വയററിൽ വേദന തുടങ്ങിയിട്ട് 16 വർഷം ആയി. ഭക്ഷണം കാര്യമായി ഒന്നും കഴിക്കാൻ പാടില്ല. പുളിച്ചുതികട്ടൽ, തലവേദന മിക്കവാറും ഉണ്ടാകും.

ഗന്ധർവ്വഹസ്താദികഷായം ഒരൗൺസുവീതം എടുത്ത് ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവും കൂട്ടിചേർത്ത് സേവിക്കുക. മേമ്പൊടി ഇന്തുപ്പ്. ദിവസം 2 നേരം വീതം സേവിക്കണം. സുകുമാരഘൃതം ¼ തുടംവീതം അതിൽ ഒരു രൂപാത്തൂക്കം കല്ല്യാണക്ഷാരംചേർത്ത് യോജിപ്പിച്ച് സേവിക്കുക. തുടർന്ന് ഊണുകഴിക്കുക ദിവസം 2 നേരം. മോരുകാച്ചിയതു്, പശുവിൻനെയ്യ്, പപ്പടം ഇവ കൂട്ടുക. മററു കറികൾ പാടില്ല. മുസ്താരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്ത് അതിൽ ഒരു ധാന്വന്തരംഗുളിക ചേർത്ത് ദിവസം 2 നേരം സേവിക്കുക. കുടജാരിഷ്ടം ഒരൗൺസിൽ ഒരു സർവ്വരോഗകുലാന്തകം ഗുളിക ചേർത്ത് ഒരുനേരം സേവിക്കുക.

ജോൺ 38 വയസ്സ്

നടുവിനുവേദന, ശരീരത്തിനുവേദന അനുഭവപ്പെടുക. നില്ക്കുമ്പോൾ കൂടുതൽ ഉണ്ടാകുന്നു. ആദ്യം വയറിളക്കുക. ബലാരിഷ്ടം, ദശമൂലാരിഷ്ടം ഇവ സമം ചേർത്ത് ഒരൗൺസ് വീതം എടുത്ത് അതിൽ ഒരു ധാന്വന്തരംഗുളിക അരച്ചുചേർത്ത് ദിവസം 2 നേരം ഭക്ഷണത്തിനുശേഷം സേവിക്കുക. ഭക്ഷണത്തിനു മുമ്പ് ധാന്വന്തരംകഷായത്തിൽ ½ ഔൺസ് എടുത്ത് ഒരൗൺസു തിളപ്പിച്ചാറിയ വെള്ളം കൂടിച്ചേർത്ത് അതിൽ ഇന്തുപ്പ് കന്മദംകറുത്തതു് ഇവ മേമ്പൊടിചേർത്ത് ദിവസം 2 നേരം സേവിക്കണം.

ധാന്വന്തരംകുഴമ്പ് പുരട്ടി ഒരു നാഴികകഴിഞ്ഞു് ചൂടുവെള്ളത്തിൽ കുളിക്കുക.

കരിനൊച്ചിനീരും ആവണക്കെണ്ണയും ഇന്തുപ്പുംകൂടി ചേർത്തു് കിടക്കാൻസമയം ഒരുതുടം സേവിക്കുക

കൊട്ടംചുക്കാദിയും സഹചരാദികുഴമ്പും ദേഹത്തും ബലാശ്വഗന്ധാദിഎണ്ണ തലയിലും വെച്ചു് തുടച്ചുകളയുക. ഒരു മാസം തുടർച്ചയായി ചെയ്തു, കുറഞ്ഞു. മററു വിശേഷം ഒന്നും കണ്ടില്ല. പതിവുള്ള ആഹാരം തുടരുവാൻ നിശ്ചയിച്ചു പറഞ്ഞയച്ചു.

ആനിമോം 13 വയസ്സ്

രാത്രിയിൽ ഉറക്കത്തിൽകിടന്നു് കൂവുകയും അമ്മയെവിളിക്കുകയും ചെയ്യുന്നു. പേടിക്കുകയും ചെയ്യുന്നു. ശരിയായ സുഖം ഇല്ല.

ലാക്ഷാദിഎണ്ണസർവ്വാംഗം തേയ്ക്കുക. ബ്രഹ്മീഘൃതം 2 നേരംവീതം സേവിക്കുക. 500ഗ്രാം നെയ്യിൽ ഒരുഗ്രാം തങ്കഭസ്മം അരച്ചുചേർത്തു് യോജിപ്പിച്ചു് വച്ചുകൊണ്ടു് സേവിപ്പിക്കണം. ഒരു മാനസമിത്രംഗുളിക ഒരു തുടംബ്രഹ്മിനീരിൽ ദിവസം 1 നേരംസേവിക്കണം. ഒരുമാസം ചെയ്തു, കുറഞ്ഞു വിശേഷം ഒന്നും കണ്ടില്ല. സാധാരണ ആഹാരം തുടരുവാൻ നിർദ്ദേശിച്ചു പറഞ്ഞയച്ചു,

ചെറിയാൻ 21 വയസ്സ്

മൂത്രത്തിൽ വെള്ളനിറത്തിൽ ഒരു ദ്രാവകം പോകുന്നു. ചിലപ്പോഠംമാത്രം വേദനയും. വേറെ വിശേഷങ്ങഠം ഒന്നും ഇല്ല.

അവിപത്തിചൂർണ്ണം ഉപയോഗിച്ചു് വയറിളക്കുക. ശതാവരീഗുളം ഒരു ടേബിഠംസ്പൂൺ വീതം ദിവസം 2 നേരംവീതം സേവിക്കുക. ചന്ദ്രപ്രഭാവടി ഒന്നുവീതം പശുവിൻപാലിൽ അരച്ചു് ചേർത്തു് സേവിക്കുക.

ദശമൂലാരിഷ്ടവും ചന്ദനാസവവും കൂട്ടി ഒരൗൺസ് എടുത്തു് ദിവസം 2 നേരം സേവിക്കുക.

മത്തായി 37 വയസ്സ്

വയററിൽ എരിച്ചിൽ, വിശപ്പുകുറവ്, വിരേചന കുറവ്, തലവേദന കൊടിഞ്ഞപോലുള്ളത്. വലത്തു വശത്ത് വേദന, തലയ്ക്കു മന്ദത, മനസ്സിന്ന പ്രയാസം വരുമ്പോഴും കഠിനമായിട്ടുള്ള എന്തെങ്കിലും എടുത്താലും തലവേദനയുണ്ടാകും. ദിവസം ഒരു പ്രാവശ്യംമാത്രം വിരേചന.

വയറിളക്കുക. കല്ല്യാണഗുളം ഒരു ടേബിൾസ്പൂൺ വീതം ദിവസം 2 നേരം സേവിക്കുക. ബലാധാത്ര്യാദി എണ്ണ തലയിൽതേക്കുക. ധാന്വന്തരം കുഴമ്പ് ശരീരത്തിൽ പുരട്ടുക. ഭക്ഷണംകഴിഞ്ഞ് അശ്വഗന്ധാരിഷ്ടം ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക. ഇങ്ങനെ ഒരുമാസം സേവിക്കുകയും എണ്ണയും കുഴമ്പും ഉപയോഗിക്കുകയും ചെയ്യണം. അഭയാമൃതാരിഷ്ടം ഒരൗൺസ് ഒരു വെട്ടുമാറൻ ഗുളികയുംചേർത്ത് സേവിക്കുക.

ആൻറണി 43 വയസ്സ്

ശരീരത്തിന്ന് ബലക്കുറവ്, കഫക്കെട്ടുകൂടുതൽ 4–5 വർഷമായി തുടങ്ങിയിട്ട്. ശരീരത്തിന്ന തളർച്ച, അലോപ്പതി ചികിത്സകൾ ചെയ്തു. കുറവില്ല. ഗുൽഗുലുതിക്തകഘൃതം ഒരു ടീസ്പൂൺവീതം ദിവസം 2 നേരം സേവിക്കുക. ലോധ്രാസവം, ലോഹാസവം ഇവ സമംചേർത്ത് ഒരൗൺസുവീതം സേവിക്കുക. ധാന്വന്തരം എണ്ണയും കുഴമ്പും തേയ്ക്കുക. ഇന്തുപ്പ്, കുരുമുളക്, നെയ്യ് ഇവ ചേർത്ത കറികൾ, പാല് ധാരാളം കഴിയ്ക്കുക. ബലാരിഷ്ടവും ദശമൂലാരിഷ്ടവുംകൂടി സേവിക്കണം.

കുഞ്ഞച്ചൻ 60 വയസ്സ്

ചങ്കിനകത്തു വേദന, പുകച്ചിൽ, വയററിൽനിന്നും പോകുന്നില്ല, ചുമ കൂടുതലായിട്ടുണ്ട്, ചുമച്ചുകഴിയുമ്പോൾ ശ്വാസംമുട്ടൽ, കുറച്ചുസമയം നിൽക്കുമ്പോൾ തലകറക്കം, എഴുന്നേൽക്കുമ്പോൾ തലകറക്കം.

മരുന്നു്: വില്വാദിലേഹ്യം കൂടെക്കൂടെ ഓരോ ടേബിൾ സ്പൂൺവീതം സേവിക്കുക. ധാന്വന്തരം ഗുളിക ഒന്നു വീതം ബലാരിഷ്ടം ഒരൗൺസിൽ അരച്ചുകലക്കി ദിവസം 3 നേരം വീതം സേവിക്കുക.

കടുകുരോഹിണി 6 കഴഞ്ചു് അരച്ചു് പാലിൽകലക്കി കാച്ചി കുടിക്കുക. വയറിളകും.

തളം: ത്രിഫലപ്പൊടി തുളസിയിലനീരിൽ തിളപ്പിച്ചു് തളംവയ്ക്കുക. ദിവസം 3 നേരം.

കസ്തൂര്യാദിഗുളിക ജീരകവെള്ളത്തിൽ ഇടസമയം സേവിക്കുക. ദശമൂലാരിഷ്ടത്തിൽ ഒരു ശ്വാസാനന്ദം ഗുളികചേർത്തു് സേവിക്കുക. അഗസ്ത്യരസായനവും ഒരു ടേബിൾസ്പൂൺ വീതം ദിവസം 2 നേരം.

കോര 41 വയസ്സ്

തലയ്ക്കു ഭാരം, ശ്വാസതടസ്സം, അല്പം ദുർഗ്ഗന്ധം, പള്ളയ്ക്കുവേദന, ആരോഗ്യക്കുറവ്, വിശപ്പ് നല്ലവണ്ണം ഉണ്ടു്, വിരേചനയുണ്ടു്, ഏമ്പക്കം കൂടെക്കൂടെ ഉണ്ടാകും, തളർച്ച, ക്ഷീണം, കൈകാലുമരപ്പ്, നാലഞ്ചു വർഷമായി ഇങ്ങനെ തുടങ്ങിയിട്ടു്.

അമൃതദശമൂലാരിഷ്ടം സമംചേർത്തു് ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക. ബലാശ്വഗന്ധാദി എണ്ണ, ധാന്വന്തരം കുഴമ്പു് ഇവ തേച്ചു കുളിക്കുക. വ്യോഷാദിവടകം 2 നേരം സേവിക്കണം. കല്യാണകഘൃതം ഒരു നേരം അത്താഴംകഴിഞ്ഞു് സേവിക്കുക.

മഹാതിക്തകംകഷായം $\frac{1}{2}$ ഔൺസ്, ഒരൗൺസു് തിളപ്പിച്ചാറിയ വെള്ളവും കൂട്ടിച്ചേർത്തു് ദിവസം 2 നേരം സേവിക്കുക.

അഗസ്ത്യരസായനം കസ്തൂരി ചേർത്തു് ഒരൗൺസു വീതം ദിവസം 2 നേരം സേവിക്കണം. പത്ഥ്യങ്ങൾ ആചരിക്കണം.

കമല 35 വയസ്സ്

കൊടിഞ്ഞത്സ്

1) നെററിയ്ക്കും പിടലിക്കും വെള്ളം തിളപ്പിച്ച് തുണി മുക്കി ചൂട വെച്ചശേഷം കയ്യുന്ന്യത്തിൻെറ തനിനീരും മുലപ്പാലുംകൂട്ടി ചെറുതായി ചൂടാക്കി രണ്ടുമൂക്കിലും 3 തുള്ളിവീതംഒഴിച്ച് ചുരുാംവച്ച് ഊതികയററുക ഇങ്ങനെ 3 ദിവസം ചെയ്യണം. ദിവസവും കാലത്ത് 10 മണിയോടു കൂടി വേണം.

2) കൂവളത്തിൻവേരു്, ചുക്കു്, ഇവ വെള്ളത്തിലരച്ച് തലയിലും നെററിയിലും തേച്ചാൽ കൊടിഞ്ഞ ശമിക്കും.

3) കൊടിത്തൂവയില നല്ലെണ്ണയിൽ മുക്കി വേദനയുള്ള ഭാഗത്തു് പിടിക്കുക.

4) കുനൻപാലയുടെ കറ സൂര്യനുദിക്കുംമുമ്പേ കാലിൻെറ പെരുവിരലിൻെറ ഊറിലും നഖത്തിലും കൂടി 6–7 തുള്ളിയോളം ഒഴിച്ച് നിർത്തുക. വലതുവശത്താണ് കൊടിഞ്ഞ എങ്കിൽ ഇടതുകാലിൻെറഊറിലും നഖത്തിലും മദ്ധ്യേ ഒഴിച്ചുനിർത്തുക. ഇടത്തുവശത്താണ് കൊടിഞ്ഞ എങ്കിൽ വലതുകാലിൻെറ പെരുവിരലിൽ ഊറിനും നഖത്തിനും മദ്ധ്യേ ഒഴിക്കുക. ഇങ്ങനെ 3 ദിവസം ചെയ്യുക. കൊടിഞ്ഞ ശമിക്കും.

5) ക്ഷീരബല 101 ആവർത്തി ചൂടാക്കി നെററിക്കും പിടലിക്കും വെള്ളം തിളച്ചിച്ച് ചൂടുവെച്ചുകഴിഞ്ഞതു് അതിനുശേഷം 6 തുള്ളിവീതം 2 മൂക്കിലും ഒഴിച്ച് ചുരുാംവച്ച് ഊതികയററുക. ഇങ്ങനെ 3 ദിവസം ചെയ്യുക കൊടിഞ്ഞ ശമിക്കും. കുറയാത്തപക്ഷം ക്ഷീരബലാതൈലം തലയിൽ തേക്കുക. കുറഞ്ഞില്ലാ എങ്കിൽ ക്ഷീരബല 101, ചൂടാക്കി ചെറുചൂടിൽ നെററിയിൽ പുരട്ടി തടവി സ്വേദിപ്പിക്കുക. മേൽപ്പറഞ്ഞ മരുന്നുകൾ ചെയ്തിട്ടും ഫലം കിട്ടുന്നില്ല എങ്കിൽ ധാന്വന്തരം 101 ആവർത്തി ചൂടാക്കി നെററിക്കും വേദനയുള്ള ഭാഗത്തും ചെറുചൂടിൽ തോരെത്തോരെ പുരട്ടുക. അണുതൈലം മേൽപ്പറഞ്ഞ

പ്രകാരം നസ്യം ചെയ്യുക. ക്ഷീരബല 41 ആവർത്തിയിൽ കച്ചൂരാദിപൊടിചേർത്ത് യോജിപ്പിച്ച് ചൂടാക്കി ചെറുചൂടിൽ നിറുകയിൽ ദിവസം 3 നേരം തളംവയ്ക്കുക.

നാഴിപശുവിൻപാലിൽ 6 കഴഞ്ച് ഉഴുന്നുപരിപ്പ് കഴുകിച്ചതച്ച് കിഴികെട്ടി ഇട്ട് ഇരുനാഴിവെള്ളവും ചേർത്ത് കാച്ചി പാലാക്കി പിഴിഞ്ഞുകളഞ്ഞശേഷം ദിവസം 2 നേരം കാലത്തും ഉച്ചയ്ക്കും കഴിക്കുക. കുറവു കാണുന്നു എങ്കിൽ മേൽപ്പറഞ്ഞ പ്രകാരം പാലു് കാച്ചികൊടുക്കുക.

സാലമ്മ 10 വയസ്സ്, മണ്ണുപുരയിൽ.

ഒരുവയസ്സായപ്പോഠം മുതൽ സുഖക്കേടു തുടങ്ങി. ഇപ്പോഠം തലയിൽ, കൈയേൽ, ചെവിയുടെ ഭാഗം, അരയിൽ, കാലിൻെറഭാഗം എല്ലാം പഴുക്കുന്നു. ചൊറിച്ചിൽ ചൊറിഞ്ഞു വെള്ളവും ചോരയും വരും. ചൊറിഞ്ഞുകഴിഞ്ഞാൽ പുകച്ചിൽ, കക്ഷം നാഭിയുടെ ഭാഗം എല്ലാം കരപ്പൻപോലെ പഴുക്കുന്നു. വിശപ്പുണ്ടു്, വിരേചനയുണ്ടു്. ചൊറിച്ചിൽ കഴിഞ്ഞാൽ വെള്ളവും രക്തവും വരും. ആദ്യംമുതൽ കഷായം, ഇംഗ്ളീഷ്മരുന്നു് ചെയ്തു കുറവില്ലാതെ ഇവിടെ വന്നു.

ആദ്യമായി വയറിളക്കി അവിപത്തി ചൂർണ്ണം കാച്ചിയ പാലിൽ കൊടുത്തു് ചെത്തിചെമ്പരുത്യാദികഷായം ½ ഔൺസ്, തിളപ്പിച്ചാറിയ വെള്ളം ½ ഔൺസ് ചേർത്തു കുടിച്ചു. ദിനേശഏലാദികേരം പുരട്ടി നാല്പാമര വെള്ളത്തിൽ കുളിച്ചു. ദശപുഷ്പാദികേരം തേച്ചുകുളിച്ചു. കുറവുണ്ടു്. ദ്രാക്ഷാദികഷായം ¼ ഔൺസ്, ½ ഔൺസ് തിളപ്പിച്ചാറിയ വെള്ളവുംചേർത്തു് സ്വല്പം ഇന്തുപ്പും മേമ്പൊടിചേർത്തു് ദിവസം 2 നേരം സേവിക്കുക. (10 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കു് ½ ഔൺസ് കഷായവും 1 ഔൺസ് തിളപ്പിച്ചാറിയ വെള്ളവും ചേർക്കുക.) 15 ദിവസം ചെയ്തു കുറഞ്ഞു, സാധാരണ ആഹാരങ്ങളും തുടരുവാൻ നിശ്ചയിച്ച് പറഞ്ഞയച്ചു.

മത്തായി 25 വയസ്സ്

രണ്ടു കാലിൻെറയും വെള്ളയ്ക്കു പുകച്ചിൽ കൂടുതലാണു്
മരുന്നു്: ശതാവരിഗുളം ദിവസം 2 നേരം ഒരു ടേബിൾ
സ്പൂൺ വീതം സേവിക്കുക. പിണ്ഡതൈലം കൂടെക്കൂ
ടെ പുരട്ടുക

മുരിങ്ങയില, തേങ്ങാപ്പീരക്കൂട്ടി സഹചരാദി കുഴമ്പു്
കൂട്ടിവറുത്തു് ചുമക്കുന്ന പാകത്തിൽ എടുത്തു് കിഴിയാക്കി
സഹചരാദി കുഴമ്പു് പുരട്ടി വലിഞ്ഞു കഴിഞ്ഞു് കിഴിവ
ലിക്കുക

ക്ഷീരബലഎണ്ണ തലയിൽ വെയ്ക്കുക. മഹാരാസ്നാ
ദി കഷായം ½ ഔൺസു്, ഒരൗൺസു് തിളപ്പിച്ചാറിയ
വെള്ളവും ചേർത്തു് ഒരു കൈശോരഗുൽഗുലുവടകം ചേർത്തു്
സേവിക്കുക. ദിവസം 2 നേരം. ഒരുമാസം ചെയ്തു
കുറഞ്ഞു. വിശേഷം ഒന്നും ഇല്ല. സാധാരണ ആഹാര
ങ്ങളും നിശ്ചയിച്ചു പറഞ്ഞയച്ചു.

ജോയി 20 വയസ്സ്

വയററിൽ വേദന തുടങ്ങിയിട്ടു് 2 വർഷമായി- വ
ല്ലപ്പോഴും ലഹരി ഉപയോഗിക്കുമായിരുന്നു, വിരേചന
ക്കുറവു്. വയറിളക്കുക, പഞ്ചഗവ്യഘൃതം ദിവസം 2
നേരം സേവിക്കുക, ഭക്ഷണത്തിനുമുമ്പു്. ഭക്ഷണം കഴി
ഞ്ഞു് സുകുമാരഘൃതം (നെയ്യ്) ഒരു സ്പൂൺവീതം സേ
വിക്കുക. ഒരുമാസം ഇങ്ങനെ ചെയ്തുകഴിഞ്ഞു വിവ
രം അറിയിക്കുക. പത്ഥ്യങ്ങളും ആചരിക്കണം. ഒരു
മാസം കഴിഞ്ഞുവന്നു. സുഖമായി ഇനിയും പഴയതുപോ
ലെ ഭക്ഷണവും എണ്ണയും ഉപയോഗിക്കുക.

തോമസു് 58 വയസ്സ്

ആദ്യം ജലദോഷവും തുമ്മലും തുടങ്ങി. കേററംകയറു
മ്പോൾ കിതപ്പു്, കൈകാലുകൾക്കു് പുകച്ചിൽ തുടങ്ങി,
പിന്നീടു് കൈകാലുകളുടെ പുറത്തു വ്യാപിക്കും, ചുമ ശ്വാ
സംമുട്ടൽ, ശരീരത്തിനു പിരുപിരുപ്പു്, കടി, ചിലസമയം
പുളിച്ചുതികട്ടൽ, കാലു് കയ്യ് മരയ്ക്കുക വിരേചനക്കുറ

വു്, വിശപ്പുകുറവു്, അർശ്ശസിൻെറ വിഷമം ഉണ്ടു്, ശരീരത്തിനു് ആകെ ചൊറിച്ചിൽ, കാലിനു നീർക്കെട്ടു്.

വയറിളക്കുക:
അതിനുശേഷം മരുന്നു്: പടവലാദിലേഹ്യം ഒരു ടേബിൾസ്പൂൺ വീതം ദിവസം രണ്ടുനേരം വീതം സേവിക്കുക. ഒരു മാസം ഇങ്ങനെ സേവിക്കുക. ബലാഗുളൂച്യാദി എണ്ണ സഹചരാദികുഴമ്പു് ഇവ പുരട്ടുക. കുറവുണ്ടു് 12 ദിവസം കൂടി സേവിക്കുക. പിന്നെ പതിവുപോലെ ഭക്ഷണം കഴിക്കാം പത്ഥ്യങ്ങരം തുടരുക, മഹാരാസ്നാദി കഷായം ഒരു കൈശോരഗുൽഗുലുവടകം ചേർത്തു് മഹാതിക്തകഘൃതം സേവിക്കുക. ബലാദശമൂലാരിഷ്ടം ഒരൗൺസുവീതം സർവ്വരോഗ ഗുലാന്തകം ഗുളിക ചേർത്തു് സേവിക്കുക. രണ്ടു മാസം ചെയ്തു കുറഞ്ഞു പതിവുള്ള ഭക്ഷണം തുടരുവാൻ നിർദ്ദേശിച്ചു പറഞ്ഞയച്ചു.

ഗോപാലൻ 46 വയസ്സു്

വയറിൻെറ ഇടത്തുവശത്തു് ഏതോന്നീളത്തിൽ കട്ടിയായി കിടക്കുന്നു. വയർ വീർത്തുവരിക. വിരേചന ഒരുനേരം. എന്തെങ്കിലും ജോലി രാത്രിയിൽ ചെയ്താൽ മുൻപറഞ്ഞ സുഖക്കേടുകരം ഉണ്ടാകും. മൂന്നുമാസമായി ഇങ്ങനെ തുടങ്ങിയിട്ടു്.

വയറിളക്കുക അഗസ്ത്യരസായനം ഒരു ടീസ്പൂൺ വീതം സേവിക്കുക. ഒരു ടേബിൾസ്പൂൺ വീതം ദിവസം രണ്ടുനേരം വീതം സേവിക്കണം. സുകുമാരരസായനം ഭക്ഷണം കഴിഞ്ഞു് ഒരു ടീസ്പൂൺ വീതം വൈകുന്നേരം മാത്രം സേവിക്കുക. ധാന്വന്തരംഗുളിക, ചതകപ്പ, ജീരകം, ഉലുവാ തിപ്പലി ഇവ വെന്തവെള്ളത്തിൽ കുടിക്കുക. രണ്ടുനേരം ദിവസം സേവിക്കണം. ദശമൂലാരിഷ്ടവും ബലാരിഷ്ടവുംകൂടി ഒരൗൺസു് ഒരു ധാന്വന്തരം ഗുളികചേർത്തു് സേവിക്കുക ദിവസം രണ്ടുനേരം. കല്യാണക്ഷാരം നെയ്യിൽ കുഴച്ചുസേവിക്കുക. വൈകിട്ടു് ഒരു നേരം മാത്രം. ഒരുമാസം ഇങ്ങനെ ചെയ്തതിനു ശേഷം മാറി.

ഇട്ടിക്കഞ്ഞു് 57 വയസ്സ്

പല്ലിനുകേട്, പല്ലിനുപോതു്, വായിൽ ദുർഗ്ഗന്ധം. പല്ലിളക്കം. അർശ്ശസ്സിൻെറ ഉപദ്രവം ഉണ്ടു്. മൂലക്കുരു പോലെ തോന്നുന്നുണ്ടു്. തലകറക്കം കൂടെക്കൂടെ ഉണ്ടാകും. വിയർപ്പുകൂടുതൽ. വായുവിൻെറ വിഷമം വയറു കമ്പിക്കുക. പല്ലിനു പുളിപ്പുണ്ടു്. ശരീരത്തിനു ചില സമയം വിറയൽ ഉണ്ടാകും. രണ്ടു കാലിൻെറയും മുട്ടിനു താഴെയും രണ്ടുകയ്യുടെയും മുട്ടിനു മുകളിലും നീരും വേദനയും ഉണ്ടു്. വിരേചനക്കുറവു്. ഭക്ഷണത്തിനു രുചിക്കുറവു്. വായിൽ കുമളപോലെ വന്നു് തൊലി പോകുന്നു. കാലിനും കൈക്കും തണുപ്പു് കയറി വരുന്നതുപോലെ തോന്നുക.

ചിരിവില്വാദി കഷായം ഒരൗൺസു് എടുത്തു് ഒരൗൺസു് തിളപ്പിച്ചാറിയ വെള്ളവും കൂടിചേർത്തു് അതിൽ ഇന്തുപ്പു് മേമ്പൊടി ചേർത്തു് സേവിക്കുക. ദിവസം രണ്ടുനേരം സേവിക്കണം.

അഗസ്ത്യരസായനം ഒരു ടീസ്പൂൺ വീതം രണ്ടു നേരം ഭക്ഷണം കഴിഞ്ഞു സേവിക്കുക. ബലാലോധ്രാസവം ഒരു കങ്കായന ഗുളികചേർത്തു് സേവിക്കുക. ദിവസം രണ്ടുനേരം. അഭയാദശമൂലാരിഷ്ടത്തിൽ ഒരു ധാന്വന്തരം ഗുളികചേർത്തു് സേവിക്കുക. ദിവസം രണ്ടുനേരം. നീലിപത്രാദി കുഴമ്പു് നീരുള്ളഭാഗത്തു് ഇടുക. ഇങ്ങനെ ഒരുമാസം ചെയ്തു കുറഞ്ഞു.

കുഞ്ഞമ്മ 25 വയസ്സ്

ഭക്ഷണം കഴിച്ചാൽ ദഹിക്കാതെപോകുക. വിരേചനക്കുറവു്, കയ്യും കാലും തളർച്ച, തലകറക്കം, വലത്തുവശംപള്ളയ്ക്കുവേദന, എഴുന്നേൽക്കാൻ പ്രയാസം, ഭക്ഷണംകഴിക്കാൻ രുചിതോന്നുന്നില്ല, തലവേദന, കാലു രണ്ടിനും മരപ്പു് കഴപ്പു് ഉണ്ടാകാറുണ്ടു്, ശ്വാസം വിടുന്നതിനു് പ്രയാസമാണു്. 10 മാസം മുമ്പു് മഞ്ഞപ്പിത്തം വന്നതായിരുന്നു.

ദശമൂലകടുത്രയം കഷായം ഒരൗൺസ്‌വീതം ഒരൗൺസ് ചൂടുവെള്ളത്തിൽചേർത്തു് ഓരോ ടീസ്‌പൂൺവീതം ഇന്ദുകാന്തഘൃതം മേമ്പൊടിചേർത്തു് 2 നേരം ഭക്ഷണത്തിനുമുമ്പ് സേവിക്കണം. ഭക്ഷണംകഴിഞ്ഞു് വില്വാദിലേഹ്യം ഒരു ടീസ്‌പൂൺവീതം 2 നേരം ദിവസം സേവിക്കണം, നീലിഭൃംഗാദിതൈലം തലയിൽവച്ച് ധാന്വന്തരംകുഴമ്പ് പുരട്ടി തിളപ്പിച്ചാറിയ വെള്ളത്തിൽ കുളിക്കുക. പത്ഥ്യങ്ങളും ആചരിക്കണം. ദ്രാക്ഷാദികഷായം ഒരൗൺസ്, ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവും ചേർത്തു് സേവിക്കുക ദിവസം 2 നേരം.

ഒരുമാസം കഴിഞ്ഞുവന്നു. വിശേഷം ഒന്നുമില്ലായിരുന്നു. തുടർന്നു മററു ഭക്ഷണവും തുടരുവാൻ പറഞ്ഞയച്ചു.

ത്രേസ്യാമ്മ 40 വയസ്സ്

വയററിൽവേദന, ബോധക്കുറവ്, വേദന ഉണ്ടാകുമ്പോഠം ഒന്നും അറിയുന്നില്ല. എപ്പോഴും ബോധക്കുറവ് തുടരുന്നു.

ക്ഷീരബല 7 ആവർത്തിച്ചതു് ജീരകം ഇട്ടുചൂടാക്കി ഒരു രൂപാവട്ടം നിറുകയിൽ തളം വയ്ക്കുക.

ഗന്ധർവ്വഹസ്‌താദി കഷായം $\frac{1}{4}$ തുടം വീതം എടുത്തു് $\frac{1}{2}$ തുടം തിളപ്പിച്ചാറിയ വെള്ളംചേർത്തു് ദിവസം രണ്ടുനേരം വീതം ഇന്തുപ്പ് മേമ്പൊടിചേർത്തു് സേവിക്കുക.

ബലാരിഷ്ടം അശ്വഗന്ധാരിഷ്ടം ഇവ സമംചേർത്തു് ഒരൗൺസ്‌വീതം സേവിക്കുക. ഒരുമാസം കഴിഞ്ഞുവന്നു. ഒരുമാസം ഗുളിക കഴിച്ചു ഭേദമായി. ഒരു മാനസമിത്രംഗുളിക ഒരു തുടം ബ്രഹ്മിനീരിൽ ദിവസം 2 നേരം സേവിക്കണം.

മത്തായി 40 വയസ്സ്

വിശപ്പുകുറവ്, വിരേചന ശരിയായിട്ടില്ല, യാതൊരുവക ഭക്ഷണവും കഴിക്കാനായിട്ടു തോന്നുന്നില്ല.

രണ്ടുകാലിനും വാതത്തിൻെറ വിഷമങ്ങൾ, പൊതുവെ കൈക്കും കാലിനുമൊക്കെ ശക്തികുറവു്, ക്ഷീണവും തളർച്ചയും കൂടുതൽ, ഇന്ദ്രിയസ്ഖലനം കൂടുതലായിട്ടുണ്ടു്, നിരന്തരമായി മുടി കൊഴിഞ്ഞുപോകുന്നു, തലയിൽ താരനുണ്ടാകുന്നു, മുടികൊഴിച്ചിൽ തുടങ്ങിയിട്ടു് ഒരുവർഷമായി. കുറേനാളത്തേയ്ക്കു് നീലിഭൃംഗാദിഎണ്ണ തേച്ചിരുന്നു. അതുകൊണ്ടു് യാതൊരുപകാരവും കണ്ടില്ല. ഇപ്പോൾ വെളിച്ചെണ്ണയാണു തേക്കുന്നതു്. ഭാരമുള്ളസാധനങ്ങളൊന്നും കൈകൊണ്ടു് എടുക്കുവാൻ സാധിക്കുന്നില്ല. എടുത്തു് അല്പം കഴിയുമ്പോൾ കൈക്കു് തളർച്ച അനുഭവപ്പെടുന്നു. വർഷത്തിൽ പലപ്രാവശ്യവും ചെറിയ പനി ഉണ്ടാകാറുണ്ടു്.

ഇന്ദുകാന്തകഷായം വില്വാദിഗുളിക മേമ്പൊടി ചേർത്തു് സേവിക്കുക. ദിവസം 2 നേരം ഇപ്രകാരം ഒരുമാസം സേവിക്കണം. ലാക്ഷാദിഎണ്ണ തലയിൽ തേക്കുക. ബലാദശമൂലാരിഷ്ടം ഒരൗൺസുവീതം സേവിക്കണം. ദിവസം രണ്ടുനേരം. മഹാതിക്തകംകഷായം ½ ഔൺസ് ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവും ചേർത്തു് ഒരു കൈശോരഗുൽഗുലുവടകം അരച്ചുചേർത്തു് സേവിക്കുക. ദിവസം രണ്ടുനേരം. ഇരുപതുദിവസം ചികിത്സിച്ചു കുറഞ്ഞു. 15 ദിവസംകൂടി തുടർന്നു. വിശേഷം ഒന്നും ഉണ്ടായില്ല. പതിവുള്ള ഭക്ഷണവും എണ്ണയും തുടരുവാൻ പറഞ്ഞയച്ചു.

ശോശാമ്മ 18 വയസ്സു്

വയററിൽവേദന, പരവേശം, എരിച്ചിൽ, തലവേദന, ദാഹംകൂടുതൽ, വിശപ്പില്ല, കൈകാൽതളർച്ച, ഉറക്കംകൂടുതൽ, വയററിൽനിന്നും ദിവസവും മിതമായി പോകും. കതപ്പു്, ചങ്കിടിപ്പു്, തലകറക്കം, കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നുക.

വയറിളക്കുക. ഇന്ദുകാന്തകഷായം സേവിക്കുക. ദ്രാക്ഷാലോഹാസവം ഇവ സമം ചേർത്തു് ദിവസം രണ്ടുനേരം സേവിക്കുക. ചിഞ്ചാദിലേഹ്യവും തുടരുക. അ

Dharmaram College Library
Bangalore-29

ഗസ്ത്യരസായനവും സേവിക്കുക. ശതാവരി ഇട്ട് പാലുകാച്ചി ഇന്ദുകാന്തഘൃതവും മേമ്പൊടിചേർത്ത് സേവിക്കുക, അത്താഴംകഴിഞ്ഞു്. ഒരുമാസം സേവിച്ചുവന്നു. 7 ദിവസംകൂടി പിന്നീടുംകഴിച്ചു സുഖം ആയി സാധാരണഭക്ഷണം തുടർന്നു.

ചാക്കോ 30 വയസ്സ്

മൂക്കിൽനിന്നും രക്തംവരുക. പഴുപ്പും ചെന്നീരും വരുക, കുളിച്ചാലുടനേ വെള്ളവും പഴുപ്പും ചോരയും പോകും, ദുർഗ്ഗന്ധം, തുമ്മൽ, കുളിക്കാതിരുന്നാൽ കുറവുണ്ട്. തളത്തിന്: പച്ചപ്പടവലം വാട്ടിപ്പിഴിഞ്ഞനീരിൽ വെണ്ണനെയ്യ് ചേർത്ത് യോജിപ്പിച്ച് ദ്രുപാവട്ടം തലയിൽ തളം വയ്ക്കുക. ദിവസം നാലുനേരം വീതം വെയ്ക്കണം. കുറവുകാണുന്നില്ലെങ്കിൽ അഷ്ഠപത്രാദി എണ്ണ തലയിൽ വെച്ചു തുടച്ചു കളയുക.

ഗുൽഗുലുതിക്തകം കഷായം $\frac{1}{2}$ ഔൺസ് (ഒരു ടീസ്പൂൺ) വീതം കാലത്ത് ആഹാരത്തിനുമുമ്പും വൈകിട്ട് അത്താഴംകഴിഞ്ഞു് കിടക്കാൻസമയത്തും സേവിക്കുക. നെയ്യ് കഴിച്ചു കഴിഞ്ഞു് ഒരു മണിക്കൂർ സമയം വെള്ളം കുടിക്കാതെ സൂക്ഷിക്കുക.

അഷ്ഠപത്രാദി വെച്ചിട്ട് കുറവു കാണാത്തപക്ഷം മധുയഷ്ഠ്യാദിതൈലം തലയിൽ തേച്ച് തുടച്ചു കളയുക. കുളിയ്ക്കരുതു്. പാലും, ചോറും മാത്രം കഴിക്കുക.

പ്രഹളഭസ്മം ഒരു പണവിടവീതം വെണ്ണനെയ്യിൽ ചാലിച്ചു ദിവസം മൂന്നു പ്രാവശ്യം സേവിക്കുക. ഇങ്ങനെ 15 ദിവസം കഴിച്ചു കുറവുകിട്ടി 15 ദിവസം കൂടി തുടരുവാൻ നിശ്ചയിച്ചു. ഒരു മാസം മരുന്നു് കഴിച്ചു. രോഗം മാറി പതിവുള്ള ഭക്ഷണവും എണ്ണയും തുടരുവാവാൻ പറഞ്ഞയച്ചു.

ഗോപാലൻ 28 വയസ്സ്

മൂന്നുനാലുദിവസം ആയി പനിയും തലവേദനയും ചുമയും തുടങ്ങിയിട്ട്, വിരേചനക്കുറവ്.

അവിപത്തിചൂർണ്ണം ആറുകഴഞ്ച്, ഒരുതുടം (2 തുടം) കാച്ചിയ പശുവിൽപാലിൽ കലക്കി സേവിക്കുക. ഒരു നാഴികകഴിഞ്ഞു് കുറച്ചുചൂടുവെള്ളവും കുടിക്കുക. 2-3പ്രാവശ്യംവയറിളകിയശേഷം കഞ്ഞി ഉപ്പൊഴിച്ചുകുടിക്കുക.

അമൃതാരിഷ്ടം ബലാരിഷ്ടം സമംചേർത്തു് ഒ രൗൺസ് എടുത്തു് ഒരു സൂര്യപ്രഭാവടി ഗുളികചേർത്തു സേവിക്കുക 3ദിവസം 3നേരം. രാസ്നാദിപൊടി പൂവ്വാംകുറന്തൽനീരിൽ ചൂടാക്കി ചെറിയ ചൂടിൽ തലയിൽ തളം വയ്ക്കുക ദിവസം 3 നേരം. കുറവു കാണുന്നില്ലങ്കിൽ കുറച്ചു കച്ചൂരാദിപൊടി മുലപ്പാലിൽ ചാലിച്ചു ചൂടാക്കി ചെറുചൂടിൽ തലയിൽ തളം വയ്ക്കുക ദിവസം 4 നേരം.

അമൃതാരിഷ്ടം ഒരൗൺസ് ഒരു വെട്ടുമാറുഗുളികയും കൂടി അരച്ചുചേർത്തു് സേവിക്കുക ദിവസം 2 നേരം.

മൊരിച്ച റൊട്ടിയും ബാർലരിവെള്ളവും ഉപയോഗിക്കുക. മററു ഭക്ഷണം പാടില്ല. ചുമ ഉണ്ടാകുകയാണെങ്കിൽ വില്വാദിലേഹ്യം ഒരു ടീസ്പൂൺവീതം സേവിക്കണം ദിവസം 2 നേരം. ഇങ്ങനെ ആറുദിവസം തുടർന്നു സുഖക്കേടു മാറി. എണ്ണയും കുഴമ്പും മററാഹാരങ്ങളും തുടരുവാൻ പറഞ്ഞയച്ചു.

<u>രാജൻ 35 വയസ്സ്</u>

ദേഹംമുഴുവൻ ചൊറിച്ചിൽ, ചൊറിഞ്ഞുകഴിയുമ്പോൾ തൊലിപോകും. മഹാതിക്തകം കഷായം ഒരൗൺസ് ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവും ചേർത്തു് അതിൽ ഒരു കൈശോരഗുൽഗുലുവടകം അരച്ചുചേർത്തു് ദിവസം 2 നേരം സേവിച്ചു.

മഹാതിക്തകഘൃതം ഒരു ടീസ്പൂൺവീതം കാലത്തു് ആഹാരത്തിനുമുമ്പും വൈകിട്ടു് അത്താഴംകഴിഞ്ഞു് കിടക്കാൻസമയത്തും സേവിച്ചു. ഗോപാത്മനാദികേരം വ്രണത്തിൽ തോരെത്തോരെ പുരട്ടി തുടച്ചുകളഞ്ഞു ചൊറിച്ചിൽ തീർത്തുമാറിയില്ല. ഏലാദിഗണംപൊടി തേങ്ങാപ്പാലിൽക്കുഴച്ചു ദേഹത്തുപുരട്ടി വലിഞ്ഞുകഴിഞ്ഞു് നാല്പാമരം വെന്ത വെള്ളത്തിൽ കുളിച്ചു. 15 ദിവസം

കഴിഞ്ഞുവന്നു 3 ദിവസംകൂടി കഴിക്കാൻ പറഞ്ഞയച്ചു. ദിനേശവല്ലാദികേരം സർവ്വാംഗം പുരട്ടി നാല്പാമരവെള്ളത്തിൽ കുളിച്ചു. വിശേഷം ഒന്നും ഉണ്ടായില്ല. സാധാരണ ഭക്ഷണവും എണ്ണയും തുടരുവാൻ പറഞ്ഞയച്ചു.

പൗലൂസ് 55 വയസ്സ്

ഒരുമാസം ആയി പനിയും നീർവീഴ്ചയും ഉണ്ടായി. അതിന് അലോപ്പതി ചികിത്സ ചെയ്തു കുറഞ്ഞു. ഇപ്പോൾ ഒരാഴ്ചയായി. വിശപ്പുകുറവ്, വിരേചനക്കുറവ്, വായ്ക്ക് രുചിക്കുറവ്. അമൃതാരിഷ്ടവും ദശമൂലാരിഷ്ടവും സമംകൂട്ടിചേർത്ത് ഒരൗൺസ് എടുത്ത് അതിൽ സൂര്യപ്രഭാവടിഗുളിക 1 വീതം അരച്ചുചേർത്ത് ദിവസം 3 നേരം സേവിച്ചു. ബലാരിഷ്ടം ഒരൗൺസു വീതം ദിവസം 1 നേരം സേവിച്ചു. സിദ്ധമകരദ്ധ്വജം നെയ്യും തേനുംചേർത്ത് ദിവസം 2നേരം കാലത്ത് 10മണിക്കും വൈകിട്ട് 5 മണിക്കും സേവിച്ചു. വില്വാദിലേഹ്യം ഒരു ടീസ്പൂൺവീതം ഇടസമയം കണ്ട് ദിവസം 2നേരം സേവിച്ചു. 15 ദിവസം തുടർച്ചയായി സേവിച്ചു.

അമ്മിണി 18 വയസ്സ്

രണ്ടാഴ്ചയായി വയററിൽവേദന, പരവേശം, എരിച്ചിൽ, തലവേദന, ദാഹക്കൂടതൽ, വിശപ്പുകുറവ്, കൈകാൽ തളർച്ച, ഉറക്കക്കൂടതൽ, കതപ്പ്, ചങ്കിടിപ്പ്, തലകറക്കം, കണ്ണിരുട്ടിക്കുക.

ഗരളഭേദി ഒരു കുന്നിക്കുരുപ്രമാണം ഒരൗൺസ് വെററിലനീരിൽ ചാലിച്ചു കലക്കി രാവിലെ വെറുംവയററിൽ സേവിക്കുക. ഒരു നാഴികകഴിഞ്ഞു് ഒരുകുപ്പി പശുവിൻപാൽ മധുരംചേർക്കാതെ കാച്ചി പലപ്രാവശ്യം ആയി കുടിക്കണം. 2–3 പ്രാവശ്യം വയറിളക്കണം. വയറിളക്കം നിൽക്കാൻ പൊടിയരിക്കഞ്ഞി ഉപ്പൊഴിച്ച് പപ്പടം ചുട്ടുകൂട്ടി കുടിക്കുക. 2–3 പ്രാവശ്യം കഞ്ഞി കുറേശ്ശേ കുടിക്കണം. വയറിളക്കം നിന്നില്ലെങ്കിൽ വയമ്പ് ചതച്ച് ചട്ടകത്തിലോ ചട്ടിയിലോ

ഇട്ടു കരിച്ച് ചാരം എടുത്ത് തേനുംകൂട്ടി ചാലിച്ച സേവിക്കണം. അർശ്ശസ്സ് കൂടുതൽ ഉള്ളവർ ഈ മരുന്ന് കഴിക്കരുത് (സ്ത്രീകൾ, അർശ്ശസ്സ്, ഗർഭിണികൾ, മെൻസസ് അടുത്ത സമയങ്ങളിൽ, രണ്ടുമൂന്നു വർഷത്തിനകം ഓപ്പറേഷൻ ചെയ്തവർ ഈ മരുന്ന് വാങ്ങി വയറിളക്കരുത്.)

മുസ്താരിഷ്ടവും ദശമൂലാരിഷ്ടവുംകൂട്ടി ഒരൗൺസ് എടുത്ത് അതിൽ ഒരു ധാന്വന്തരംഗുളിക അരച്ചുചേർത്ത് സേവിക്കുക ദിവസം 2 നേരം.

ധാന്വന്തരംകഷായം ഒരൗൺസ്, ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവും കൂട്ടിച്ചേർത്ത് അതിൽ കൈശോരഗുൽഗുലുവടകം അരച്ചുചേർത്ത് സേവിക്കുക ദിവസം 2 നേരം. അഭയാരിഷ്ടം ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക. അഗസ്ത്യരസായനം ഒരു ടീസ്പൂൺ വീതം ദിവസം 2 നേരം സേവിച്ചു. 15 ദിവസം താമസിച്ച് (വൈദ്യശാലയിൽ) ചികിത്സിച്ചു കുറഞ്ഞു. 15 ദിവസംകൂടി തുടർന്നു കഴിച്ചു വിശേഷം ഒന്നും കണ്ടില്ല. പതിവുള്ള ആഹാരവും എണ്ണയും തുടരുവാൻ പറഞ്ഞയച്ചു.

മറിയാമ്മ 22 വയസ്സ്

എക്കിൾ നിൽക്കാത്ത വിധത്തിൽ ഉണ്ടാകുക, ശ്വാസത്തടസ്സം.

വയറിളക്കുക. 3 കഴഞ്ച് ചുക്ക് ആട്ടിൻപാലിൽ ചേർത്ത് കാച്ചിക്കുടിക്കുക ദശമൂലകടുത്രയംകഷായത്തിൽ ഒരൗൺസ്, ഒരൗൺസ് തിളപ്പിച്ചാറിയവെള്ളവുംചേർത്ത് ഒരു ധാന്വന്തരംഗുളികവീതം ചേർത്ത് ദിവസം 2 നേരം വീതം സേവിക്കുക. അഗസ്ത്യഹരിതകി 2 നേരം സേവിക്കുക ഒരു ടീസ്പൂൺവീതം. ഭൃംഗരാജാസവം 2 നേരം ഒരൗൺസുവീതം സേവിക്കുക.

ലാക്ഷാദിഎണ്ണ കുഴമ്പ് തേയ്ക്കുക. പത്ഥ്യം ആചരിക്കണം. 8 ദിവസം കഴിഞ്ഞുവന്നു. ഒരുമാസം തുടർച്ച

യായി ചെയ്യുക. പിന്നീടു് പത്ഥ്യം വേണ്ട. മററാഹാരങ്ങളും മററും തുടരുവാൻ പറഞ്ഞയച്ചു.

മേരി 19 വയസ്സ്

വിരേചനക്കുറവു്, ആഹാരങ്ങൾ കഴിച്ചാലുടനേ വയററിൽനിന്നും പോകുക, മലംപോകാൻ വലിയ പ്രയാസം, മലദ്വാരത്തിൽ തടിപ്പുണ്ടാകുക, ശരീരത്തിനു ചീർപ്പു്, നീർക്കെട്ടൽ, തലനീർ ഉണ്ടായിക്കൊണ്ടിരിക്കുക. അവിപത്തി കൊടുത്തു വയറിളക്കി.

കഷായത്തിനു്: വേപ്പുംതൊലി, തഴുതാമവേരു്, ശുദ്ധിചെയ്ത കൊടുവേലിക്കിഴങ്ങു്. കടുക്കാത്തോടു്, തിപ്പലി, ചുക്കു് ഇവ 2–2 കഴഞ്ചുവീതം കഴുകിച്ചതച്ചു് ഒന്നേകാലിടങ്ങഴിവെള്ളത്തിൽ വെന്തു് നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം കഷായമെടുത്തു് കുറുക്കി ഒരു തുടമാക്കി ഇന്തുപ്പു്, ശർക്കര മേമ്പൊടിചേർത്തു് സേവിക്കുക ദിവസം 2 നേരംവീതം.

ദശമൂലാരിഷ്ടവും അമൃതാരിഷ്ടവും സമംചേർത്തു് അതിൽ ഒരു ധാന്വന്തരംഗുളിക ചേർത്തു് സേവിക്കുക ദിവസം 2 നേരം. കല്യാണഗുളം അത്താഴംകഴിഞ്ഞു് ഒരു ടേബിൾസ്പൂൺവീതം സേവിക്കുക ദിവസം 2 നേരം. ഒരുമാസം തുടർച്ചയായി സേവിച്ചു. അതുകഴിഞ്ഞുവന്നു. വിശേഷം ഒന്നും ഇല്ല. പതിവുള്ള എണ്ണയും ആഹാരവും കഴിക്കുന്നതിനു് പറഞ്ഞയച്ചു.

കേശവൻ 65 വയസ്സ്

കാലിനു വാതനീരു്, പലഭാഗങ്ങളിലും പൊട്ടിചൊറിച്ചിലും വേദനയും കൂടുതലാണു്, നടക്കാൻ പാടില്ല, ഇടത്തുകാലിനു് കൂടുതൽ വിഷമം.

വേദന കൂടുതൽ എങ്കിൽ രസോത്തമാദിതൈലം പുരട്ടി തുടച്ചുകളയുക. തിക്തകംകഷായം ഒരൗൺസ്, ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവും ചേർത്തു് ഒരു കൈശോര ഗുൽഗുലുവടകംചേർത്തു് സേവിക്കുക ദിവസം 2

നേരം സേവിക്കണം. കഷായം കുടിച്ചു കുറവില്ല. മഹാതിക്തകംകഷായം ഒരൗൺസ്, ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവുംചേർത്തു് സേവിക്കുക ദിവസം 2 നേരം വീതം സേവിക്കണം.

ധാരയ്ക്കു്: നാല്പാമരത്തൊലി, കാഞ്ഞിരത്തിൻവേരു്, പുളിയില, മഞ്ഞൾ, മുയൽചെവിയൻ, ഇന്തുപ്പു്, തഴുതാമ, അമല്പൊരിവേരു്, പാടക്കിഴങ്ങു്, വയമ്പു്, ചന്ദനം, കൊഴുവവേരു്, തെങ്ങിൻതൊലി, കമുകിൻവേരു്, മാവിൻതൊലി, വരിക്കമാവിൻതൊലി ഇവകൾ സമംവീതം കഴുകിച്ചതച്ചു് 6 ഇടങ്ങഴി വെള്ളത്തിൽ വെന്തു് ഒന്നര ഇടങ്ങഴിയാക്കി ഇരുനാഴി വീതം എടുത്തു് ചെറുചൂടേ ധാരകോരുക.

ചെറുനാരങ്ങാ വട്ടംമുറിച്ചു് ഇന്തുപ്പു് പൊടിച്ചു് നാരങ്ങാ മുക്കി ചൊറിച്ചിൽ ഉള്ള ഭാഗത്തും നീരുള്ള ഭാഗത്തും തേയ്ക്കുക.

കുഴമ്പിനു്: കൂവപ്പൊടി, ചെന്നിനായകം, ചെഞ്ചല്യം, കുന്തിരിക്കം, കറപ്പു്, ദേവതാരം, ഇന്തുപ്പു്, തുരിശു്, കാർകോലരി, തകിട്ടുവേമ്പാട, മഞ്ഞൾ, കൊന്നത്തൊലി, തഴുതാമവേരു്, ത്രിഫലത്തോടു്, ചന്ദനം, ഉപ്പിൻതന്ത, ഇല്പറക്കരി, കായം ഇവകൾ സമംവീതം എടുത്തു് അരച്ചു് കററാർവാഴപ്പോളനീരിൽ ചൂടാക്കി തോരെത്തോരെ ഇടുക. വേദന കൂടുതലുണ്ടെങ്കിൽ നെയ്യും തേനുംകൂട്ടി ചേത്തിടുക. കൈശോരഗുൽഗുലുവടകം, അമൃതു് വെന്ത വെള്ളത്തിൽ 1 വീതം സേവിക്കുക, ദിവസം 2 നേരംവീതം സേവിക്കണം.

മുട്ടവെള്ളയിൽ ചെന്നിനായകം പൊടിച്ചുചേർത്തു് കൂട്ടി തോരെത്തോരെ ഇടുക.

മഹാരാസ്നാദികഷായം $\frac{1}{2}$ ഔൺസ് എടുത്തു് ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവുംചേർത്തു് ഒരു യോഗരാജഗുൽഗുലുവടകം അരച്ചുചേർത്തു് സേവിക്കുക ദിവസം 2 നേരംവീതം സേവിക്കണം.

മേരി 19 വയസ്സ്

വിരേചനക്കുറവ്, ദിവസം ഒരു പ്രാവശ്യം രാവിലെ ഭക്ഷണംകഴിഞ്ഞ് മാത്രം മലം പോകും. മലം പോകാൻ വലിയ പ്രയാസം, മലദ്വാരത്തിൽ തടിപ്പുണ്ടാകുക. ശരീരത്തിനു ചീർപ്പ്, നീർകെട്ടൽ, നടക്കുമ്പോൾ ഞൊട്ടകേറുക, തലനീരുണ്ടായി പലപ്പോഴും അണയിലുംമററും നീരുണ്ടാകും, ചെവികടിയുണ്ട്.

കഷായത്തിന്; വേപ്പിൻതൊലി, തഴതാമവേര്, ശുദ്ധിചെയ്ത കൊട്ടവേലിക്കിഴങ്ങ്, കട്ടക്കാത്തോട്ട്, തിപ്പലി, ചുക്ക് ഇവകൾ 2 കഴഞ്ചുവീതം കഴകിച്ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഇട്ടുകൊണ്ട് 2 തുടം കഷായമെടുത്ത് കുറക്കി ഒരുതുടമാക്കി ഇന്തുപ്പ് മേമ്പൊടിചേർത്ത് ദിവസം 2 നേരം വീതം സേവിക്കുക. കല്യാണഗുളം അത്താഴം കഴിഞ്ഞ് ഒരു ടേബിൾസ്പൂൺവീതം സേവിക്കുക. ദശമൂലാരിഷ്ടത്തിൽ അമൃതാരിഷ്ടം ചേർത്ത് ഒരു ടീസ്പൂൺ വീതം സേവിക്കുക. ഇങ്ങനെ ഒരുമാസംകഴിഞ്ഞുവന്നു. 12 ദിവസംകൂടി മുൻപ്രകാരം സേവിക്കുക. പിന്നീട് എണ്ണയും ആഹാരങ്ങളും പതിവുപോലെ കഴിക്കുക പത്ഥ്യം വേണ്ട.

ഈപ്പൻ 27 വയസ്സ്

വിശപ്പുകുറവ്, ഭക്ഷണത്തിനു താല്പര്യക്കുറവ്, $1\frac{1}{2}$ മാസമായി മൂത്രത്തിനു ചുവപ്പുനിറം. ഇടക്കു ചില ദിവസം മനംമറിച്ചിലും തോന്നുന്നുണ്ട്. ഉറക്കമിളക്കുന്ന ദിവസം മൂത്രത്തിനു ചുവപ്പുനിറം കൂടുതലാണ്.

വയറിളക്കുക. ദ്രാക്ഷാരിഷ്ടം, അമൃതാരിഷ്ടം സമംചേർത്ത് ഒരൗൺസുവീതം ദിവസം 3 നേരംവീതം സേവിക്കുക.

ആറുകാലാദിഎണ്ണ തേക്കുക. അത്താഴംകഴിഞ്ഞ് കിടക്കാൻസമയം വിദാര്യാദിഘൃതം ഒരു ടീസ്പൂൺ

വീതം സേവിക്കുക. ഒരുമാസം സേവിച്ചുകഴിഞ്ഞു വന്നു. സാധാരണ ഭക്ഷണം കഴിക്കുക. പത്ഥ്യങ്ങറം വേണ്ട.

കുര്യൻ 23 വയസ്സ്

രണ്ടുവർഷംമുമ്പ് പുല്ലും കുട്ടയുമായി ഇടത്തുവശം അടിച്ചുവീണു. ഇപ്പോറം വലത്തുവശത്ത് വേദന, വിശപ്പില്ലാ, വയർ കമ്പിക്കുക, ചില ദിവസങ്ങളിൽ പനിയുണ്ട്, ചിലസമയം ചങ്കിനുവേദന, പുറത്തു വേദന.

വയറിളക്കുക. ഇന്ദുകാന്തംകഷായം ഒരുതുടംവീതം എടുത്ത് അതിൽ ധാന്വന്തരം ഗുളിക 1 വീതം അരച്ചുചേർത്ത് സേവിക്കുക. ധാന്വന്തരം കുഴമ്പ് ശരീരത്തിൽ പുരട്ടുക. ധാന്വന്തരം എണ്ണ തലയിലും. അഗസ്ത്യരസായനം ഒരു ടീസ്പൂൺ വീതം ഭക്ഷണം കഴിഞ്ഞ് സേവിക്കുക 2 നേരം ദിവസം. പത്ഥ്യങ്ങളും ആചരിക്കണം. ഇപ്രകാരം 2 മാസം സേവിക്കണം. പിന്നെ പതിവുപോലെ സാധാരണ ഭക്ഷണങ്ങളും കുളിയും കഴിക്കാം.

തങ്കച്ചൻ 20 വയസ്സ്

മഞ്ഞപ്പിത്തം വന്നു കുറഞ്ഞുകഴിഞ്ഞപ്പോറം ഉച്ചയ്ക്ക് മൂത്രം ചുമക്കും, കണ്ണും ചുമക്കും, തലവേദനയുണ്ട്.

വയറിളക്കുക. ദ്രാക്ഷാരിഷ്ടം, ലോഹാസവം സമംചേർത്ത് ഒരൗൺസുവീതം ദിവസം 2 നേരം വീതം സേവിക്കുക

നവായസംഗുളിക ഒന്നുവീതം നെയ്യിൽ അരച്ച് തേനം കൂട്ടിച്ചേർത്ത് സേവിക്കുക 2 നേരം. അത്താഴംകഴിഞ്ഞ് ദ്രാക്ഷാദിഘൃതം ഒരുനേരം സേവിക്കുക. ആറുകാലാദി എണ്ണ തേയ്ക്കുക. പത്ഥ്യങ്ങളും. 9 ദിവസം കഴിഞ്ഞുവന്നു. കുറവുണ്ട്. 6 ദിവസംകൂടി സേവിക്കുക. പത്ഥ്യങ്ങളും തുടരുക. പിന്നീട് സാധാരണ പത്ഥ്യങ്ങളും ആഹാരങ്ങളും കഴിക്കുക.

ആൻറണി 18 വയസ്സ്

മൂത്രത്തിനു നിറവ്യത്യാസം, കൈകാൽ തളർച്ച, തലകറക്കം, കുറേശ്ശെ പനിയുണ്ട്, വിശപ്പില്ല, വയററിൽ നിന്നും പോകുന്നുണ്ട്, വയററിൽ വേദനയുണ്ട്.

അവിപത്തി 2 നേരം ഒരു ഡ്രപാത്തുക്കം വീതം കൊടുക്കുക. പശുവിൻപാലിൽ കലക്കി സേവിക്കണം. അമൃതാരിഷ്ടം, ലോഹാസവം ഇവ സമം കൂട്ടിച്ചേർത്ത് 2 നേരവും ഒരൗൺസുവീതം സേവിക്കുക.

കഷായത്തിനു: മൈലാഞ്ചിവേരു്, ത്രിഫലത്തോട്, ചന്ദനം, കിഴകാനെല്ലിവേരു്, ബ്രഹ്മി, പടവലം. കടുകുരോഹിണി, അമൃതു് പടംകളഞ്ഞതു്, ഞെരിഞ്ഞിൽ, ശതാവരിക്കിഴങ്ങ്, രാമച്ചം, ഇരുവേലി, മുന്തിരിങ്ങാപ്പഴം. ഇരട്ടിമധുരം ഇവ $\frac{3}{4}$ കഴഞ്ചുവീതം കഴുകിച്ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായമെടുത്തു് കുറുക്കി ഒരുതുടമാക്കി ആറിയതിനുശേഷം തേൻ, പഞ്ചസാര ഇവ മേമ്പൊടിചേർത്തു് സേവിക്കുക ദിവസം 3 നേരംവീതം 12 ദിവസം സേവിക്കണം. പത്ഥ്യങ്ങളും ആചരിക്കണം. 12 ദിവസം കഴിഞ്ഞുവന്നു. 3 ദിവസംകൂടി കഴിക്കുക. പിന്നീട് പതിവായി തേക്കുന്ന എണ്ണയും ഭക്ഷണവും കഴിക്കുക.

ദേവസ്യാ 48 വയസ്സ്

തലകറക്കം, വയററിൽവേദന, കാലും കൈയ്യും മുട്ടും തളരുക, വിശപ്പുകുറവ്, കണ്ണുപുളിയ്ക്കുക, ഉറക്കം കൂടുതൽ, വയററിൽ പരവേശം, എരിച്ചിൽ, തലയ്ക്കു പിരുപിരുപ്പ്, ശരീരത്തിൻെറ ചിലസ്ഥാനത്തു് പൂത നിരയ്ക്കുന്നതുപോലെ, തലയുടെ പല ഭാഗങ്ങളിലും മാറിമാറി വേദനയുണ്ട്, എപ്പോഴും വേദനയില്ല.

അഗസ്ത്യരസായനം ദിവസം 2 നേരംവീതം ഒരു ടീസ്പൂൺവീതം സേവിക്കുക. അഭയദശമൂലം 2 നേരം ഒരൗൺസ്‌വീതം ദിവസവും സേവിക്കുക.

ത്രേസ്യാമ്മ 22 വയസ്സ്

വയററിൽവേദന, ദഹനക്കുറവ്, ശരീരത്തിന്ന ക്ഷീണം, കാലുകഴപ്പ്, തലവേദന, ശരിയായി മാസമുറ ഇല്ല. തലകറക്കം, കണ്ണിരുട്ടിക്കുക.

ശതാവരിഘൃതം, ബൃഹൽഛാഗലിഘൃതം ഇവ സമംചേർത്തു് വച്ചുകൊണ്ടു് ഒരു ടേബിഠംസ്പൂൺവീതം ദിവസം 2 നേരം സേവിക്കുക.

അശോകദശമൂലം ഭക്ഷണംകഴിഞ്ഞു് ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക അഭയദശമൂലാരിഷ്ടം ഒരൗൺസ് ഒരു ധാന്വന്തരംഗുളിക മേമ്പൊടിചേത്തു് സേവിക്കുക.

കാതറൈൻ 24 വയസ്സ്

തലവേദന, പുറത്തു വേദന തുടങ്ങിയിട്ടു് 5—6 വഷമായി, ഉഷ്ണത്തിൻെറ സുഖക്കേടുണ്ടു്, നാലുകെട്ടിൻെറ ഭാഗത്തു് ശക്തിയായ വേദന, തലവേദന വരുമ്പോഠം ഛർദ്ദിക്കാൻവരും, വായിൽ തുപ്പൽ ധാരാളം വരും, പതയും ഏമ്പക്കവും, കൈകാലുകഠം പുകച്ചിൽ, വയററിൽ പൃക്കിളിന്നു വേദന, പൃക്കിളിന്നുമുകളിൽ വേദന, വയററിൽ എരിച്ചിൽ, ഭക്ഷണത്തോടു ചിലസമയം വെറുപ്പ് തോന്നുക. വയറിളക്കുക: അഭയാരിഷ്ടം അശോകാരിഷ്ടം ഇവ സമംചേർത്തു് ഒരൗൺസുവീതം ദിവസം 2 നേരം ഒരു ടേബിഠംസ്പൂൺവീതം സേവിക്കുക പത്ഥ്യങ്ങഠം ആചരിക്കണം. ബലാദശമൂലാരിഷ്ടവും കൂടി സേവിക്കുക ദിവസം 2 നേരം.

ചേർമരം (ചേരിൽവിഷം)

നാണു 16 വയസ്സ്

രണ്ടുമാസത്തിന്നുമുമ്പ് നീരു് കൈക്കും കാലിന്നും മാറിമാറി വരും. ചൊറിച്ചിൽ, പുകച്ചിൽ, പരവേശം, തലകറക്കം.

ഗരളഭേദി കൊടുത്തു വയറിളക്കുക. വില്ല്വാദിപൊടിയിൽ 6 കഴഞ്ച് താന്നിക്കാത്തൊണ്ടുകൂടി ആട്ടിൻമൂത്ര

ത്തിൽ അരച്ച് കുഴമ്പുപാകത്തിൽ കഴുത്തുമുതൽ പാദം വരെ പുരട്ടുക. വയറിളക്കുന്നതിന്റെ പിറ്റേദിവസം കുളിക്കുവാനുള്ള വെള്ളത്തിൽ ½ പലം താന്നിക്കാതൊണ്ട് പൊടിച്ചിട്ട് വാടാതെ തിളപ്പിച്ച് ആറിയശേഷം കുളിക്കുക കുളിക്കുന്നതിന് ½ മണിക്കൂർമുമ്പ് കുഴമ്പ് വീണ്ടും ഒന്നുകൂടി ശിരസ്സുമുതൽ പാദംവരെ പുരട്ടി കുളിക്കുക. വിഷസംഹാരി ഗുളികയുടെ ആറിൽ ഒരു ഭാഗം മുലപ്പാലിൽ അരച്ച് രാവിലെ രണ്ടുകണ്ണിലും നിർത്തുക. താന്നിക്കാത്തോടോ താന്നിമരത്തിന്റെ തൊലിയോ അരച്ച കുഴമ്പാക്കി ഇടുക.

ചേർക്കുരുവിഷത്തിന്: എള്ളരച്ച പൂശുക, പാൽ കുടിക്കുക. നീലിമൂലാദികഷായം, നീലിലേപനം, വില്വാദിഗുളികകൂടി സേവിക്കുക.

## തോട്ടപ്പുഴ

ചെറിയാൻ 33 വയസ്സ്

തോട്ടത്തിൽവെച്ച തോട്ടപ്പുഴ കടിച്ചു. പലപുഴക്കരം ചേന്നാണ കടിച്ചതു്. കടിച്ച ഭാഗത്തു് നീരും വേദനയും ഉണ്ടായിരുന്നു. നടക്കുവാനോ കാൽ തൂക്കിയിടുവാനോ പാടില്ലായിരുന്നു. കാലിൽനിന്നു് രക്തം ഒഴുകിക്കൊണ്ടിരുന്നു. കടിച്ച ഭാഗത്തു് ചുമപ്പുണ്ടായിരുന്നു. ഞരമ്പിന് വലിവും ഉണ്ടായിരുന്നു വേദനയും ക്ഷീണവും തളർച്ചയും കൂടുതലായിരുന്നു. ഇപ്പോൾ ചോര കുറച്ചു കുറഞ്ഞു. അവിടെ പലതുംചെയ്തു് കുറവില്ലാഞ്ഞിട്ടാണ് ഇവിടെ വന്നതു്. വിരേചിപ്പിച്ച, മരുന്നുതുടങ്ങി.

മരുന്നു്: ജാന്യാദിനെയ്യിൽ തേൻചേത്തുപുരട്ടി. അല്പം വേദനയും, വ്രണവും, നീരും കുറഞ്ഞു.

കഷായം: നീലിമൂലാദികഷായത്തിൽ വില്വാദിഗുളിക ചേർത്തു കൊടുത്തു രക്തശുദ്ധിയും കുറവായി വന്നു. കാടിയിൽ തുളസിയില, ആര്യവേപ്പില, മഞ്ഞൾ, ഇല്ലറക്കരി ഇവ സമംചേർത്തു് തേൻ ചേർത്തു് ധാരകോരി. ഗിരിഷാരിഷ്ടം ദിവസം ഒരൗൺസുവീതം 2 നേരം സേവിക്കുന്നു. 6 ദിവസം സേവിച്ചു. ടി ക്ക് മഹാതിക്തകകഷായം ഉപയോഗിക്കുന്നതു് നല്ലതാണ്.

# അതിസാരത്തിനു കഷായങ്ങൾ

## ധാന്യവാളകാദി കഷായം

കൊത്തമ്പാലരി, ഇരുവേലി, കുവളത്തിൻവേരു്, മുത്തങ്ങാക്കിഴങ്ങു്, ചുക്കു് ഇവ $2\frac{1}{4}$ കഴഞ്ചുവീതം കഴകിചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായംവീതം എടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. മലത്തെ തടയും, ദീപനവും പചനവുമുണ്ടാകും.

## ദേവദാർവ്വാദി കഷായം

ദേവതാരം, വയമ്പു്, മുത്തങ്ങാക്കിഴങ്ങു്, ചുക്കു്, അതിവിടയം ഇവ $2\frac{1}{4}$ കഴഞ്ചുവീതം കഴകിച്ചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക ദിവസം 2 നേരം. ആമാതിസാരം ശമിക്കും.

## വിലാംബുദാദി കഷായം

കുവളത്തിൻവേരു്, മുത്തങ്ങാക്കിഴങ്ങു്, അതിവിടയം, കുടകപ്പാലയരി, കാട്ടുമുതകിൽവേരു്, തിപ്പലി, ചുക്കു്, കാട്ടുതിപ്പലിവേരു്, ഇരുവേലി, മൂവിലവേരു് ഇവ $1\frac{1}{4}$ കഴഞ്ചുവീതം കഴകിച്ചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം കഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക ദിവസം 2 നേരം. അതിസാരവേദനയും രക്തവും ഉള്ളതും ആമത്തോടു കൂടിയതുമായ കഫാതിസാരം ശമിക്കും.

## മുസ്താകരഞ്ജാദികഷായം

മുത്തങ്ങാക്കിഴങ്ങു്, പുങ്കിൻവേരിലെത്തൊലി, അതിവിടയം, കൊടുവേലിക്കിഴങ്ങു് (ശുദ്ധി), കുവളത്തിൻവേരു്, ചുക്കു്, കാട്ടുതിപ്പലിവേരു്, കുടകപ്പാലയരി ഇവ $1\frac{1}{2}$ കഴഞ്ചുവീതം കഴകിചതച്ച് $1\frac{1}{4}$ ഇടങ്ങഴി

വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക, ദഹിക്കാതെയോ ദഹിച്ചോ പോകുന്നതും വർദ്ധിച്ച വേദനയോടുകൂടി പോകുന്നതുമായ അതിസാരത്തെ ശമിപ്പിക്കും.

## സംഗാദികഷായം

മുക്കുററി, താതിരിപ്പൂവ്, പാടക്കിഴങ്ങ്, കൂവളത്തിൻവേരു്, ജീരകം, മുത്തങ്ങാക്കിഴങ്ങു് ഇവ $2\frac{1}{4}$ കഴഞ്ചുവീതം കഴകിച്ചതച്ചു് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. വാതാതിസാരത്തെ ശമിപ്പിക്കും, ദഹിക്കാതെ പോകുന്നതിനെയും ദഹിപ്പിച്ചു് അതിസാരത്തെ ശമിപ്പിക്കും.

## സംഗാദികഷായം (മറെറാന്നു്)

മുക്കുററി, അതിവിടയം, മുത്തങ്ങാക്കിഴങ്ങു്, ചുക്കു്, ഇരുവേലി, താതിരിപ്പൂവ്, കുടകപ്പാലവേരിലെ ത്തൊലി, കുടകപ്പാലയരി, കൂവളക്കായുടെ മജ്ജ ഇവ $1\frac{1}{4}$ കഴഞ്ചുവീതം കഴകിച്ചതച്ചു് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. എല്ലാ അതിസാരത്തേയും ശമിപ്പിക്കും.

## മുസ്താദികഷായം

മുത്തങ്ങാക്കിഴങ്ങു് 1 പലം $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി അതിൽ തേൻ മേമ്പൊടിചേർത്തു് സേവിക്കുക. അതിസാരം ശമിക്കും.

## നാഗരാദികഷായം

ചുക്കു്, അതിവിടയം, മുത്തങ്ങാക്കിഴങ്ങു് ഇവയോ കൊത്തമല്ലി, ചുക്കു് ഇവയോ ഇട്ടു കഷായംവച്ചു് സേ

വിക്കുക. തണ്ണീർദാഹം, അതിസാരം, ശൂല ഇവ ശമിക്കും. പചനശക്തിയും ദീപനവും ഉണ്ടാകുകയും ചെയ്യും.

### ധന്വയാഷാദികഷായം

കൊടിത്തൂവവേരു്, ചുക്കു്, മുത്തങ്ങാക്കിഴങ്ങു്, പാടക്കിഴങ്ങു്, ഇരുവേലി, കുടകപ്പാലയരി ഇവ 2കഴഞ്ചുവീതം കഴുകിച്ചതച്ചു് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2തുടംകഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. പിത്താദിസാരം ശമിക്കും.

### കിരതതിക്തകാദികഷായം

പുത്തരിച്ചുണ്ടവേരു്, മുത്തങ്ങാക്കിഴങ്ങു്, കുടകപ്പാലയരി, അഞ്ജനക്കല്ലു് ഇവ 3 കഴഞ്ചുവീതം കഴുകി ചതച്ചു് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി തേൻ മേമ്പൊടിചേർത്തു സേവിക്കുക. പിത്താദിസാരവും വേദനയും ശമിക്കും

### കഞ്ചടാദികഷായം

നീർച്ചീരവേരു്, ഞാവൽതൊലി, മാതളത്തോടു്, വൻകൊട്ടയില, കൂവളക്കായുടെ മജ്ജ, ഇരുവേലി, മുത്തങ്ങാക്കിഴങ്ങു്, ചുക്കു് $1\frac{1}{2}$ കഴഞ്ചുവീതം കഴുകി ചതച്ചു് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. ഈ മരുന്നുകൾ തന്നെ ചൂർണ്ണമായി സേവിക്കുകയോ ചെയ്യുക; ഗംഗാപ്രവാഹവേഗത്തിലുള്ള അതിസാരവും ശമിപ്പിക്കും.

### ശുണ്ഠീസമംഗാദികഷായം

ചുക്കു്, മുക്കുററി, അതിവിടയം, കൊട്ടവേലിക്കിഴങ്ങു്, കൂവളത്തിൻ വേരു്, പാടക്കിഴങ്ങു്, തിപ്പലി,

കുടകപ്പാലയരി, അയമോദകം ഇവ $1\frac{1}{4}$ കഴഞ്ചുവീതം കഴകി ചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. ആമാദിസാരത്തേയും, വയററിൽ വേദന, കഫം, രക്തം ഇവയോടുകൂടിയ അതിസാരത്തെ ശമിപ്പിക്കും.

## പാഠാഗ്നാദികഷായം

പാടക്കിഴങ്ങ്. കൊടുവേലിക്കിഴങ്ങ്, കുടകപ്പാലയരി, കാട്ടുതിപ്പലിവേരു്, പുത്തരിച്ചുണ്ടവേരു്, ചുക്കു്, വയമ്പു്. കടുക്കാത്തോടു് ഇവ ഒന്നര കഴഞ്ചുവീതം കഴുകി ചതച്ച് ഒന്നേകാൽ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കിഇട്ടുകൊണ്ടു് 2തുടം കഷായംവീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. കഫാതിസാരം ശമിക്കും.

## കുടജാതികഷായം

കുടകപ്പാലയരി, മാതളത്തോടു്, മുത്തങ്ങാക്കിഴങ്ങു്, താതിരിപ്പൂവു്, കൂവളക്കായുടെ മജ്ജ, ഇരുവേലി, പാച്ചോററിത്തൊലി, രക്തചന്ദനം, പാടക്കിഴങ്ങു്, ഇവ ഒന്നേകാൽ കഴഞ്ചുവീതം കഴുകിച്ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി തേൻ മേമ്പൊടി ചേർത്തു് സേവിക്കുക. ദഹനക്കേടു്, ശൂലരക്തം, വഴവഴപ്പോടുകൂടിയ വെള്ളംപോക്കു് ഇവയും എല്ലാവിധ അതിസാരത്തേയും ശമിപ്പിക്കും.

## കുടജാതികഷായം (മറെറാന്നു്)

കുടകപ്പാലത്തൊലി, കുടകപ്പാലയരി, മുത്തങ്ങാക്കിഴങ്ങു് ഇവ 4 കഴഞ്ചുവീതം കഴുകിച്ചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി ആറിയശേഷം പഞ്ചസാരയും തേനും മേമ്പൊടിചേർത്തു് സേവിക്കുക. അതിസാരം ശമിക്കും.

## വില്വാദികഷായം

കൂവളക്കായുടെ മജ്ജ, മാങ്ങയണ്ടി പരിപ്പ്, ഇവ 6 കഴഞ്ചുവീതം കഴകി ചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം കഷായംവീതം എടുത്തു് കുറുക്കി 1 തുടമാക്കി തേനും പഞ്ചസാരയും മേമ്പൊടിചേർത്തു് സേവിക്കുക. ഛർദ്ദിയും അതിസാരവും ശമിക്കും.

## പടോലാദി കഷായം

പടവലം, യവധാന്യം, കൊത്തമ്പാലരി ഇവ 4 കഴഞ്ചുവീതം കഴകി ചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി തേനും പഞ്ചസാരയും മേമ്പൊടിചേർത്തു് സേവിക്കുക. അതിസാരവും ഛർദ്ദിയും ശമിക്കും.

## സുരദാർവ്വാദികഷായം

ദേവതാരം, പുങ്കിൻവേരിലെത്തൊലി, കൂവളത്തിൻവേരു്, പാടക്കിഴങ്ങു്, കാട്ടുതിപ്പലിവേരു്, അതിവിടയം, ചുക്കു്, മുത്തങ്ങാക്കിഴങ്ങു് ഇവ $1\frac{1}{2}$ കഴഞ്ചുവീതം കഴകിച്ചതച്ച് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി ആറിയശേഷം ഇന്തുപ്പു് മേമ്പൊടിചേർത്തു് സേവിക്കുക. വർദ്ധിച്ചതായ അതിസാരം ശമിക്കും.

## ചാർങ്ഗേര്യാദി മോർക്കഞ്ഞി

പുളിയാരിലനീരും മോരും സമംചേർത്തു് മലർപ്പൊടിയിട്ടു കഞ്ഞിവച്ചു കുടിക്കുക. അതിസാരം ശമിക്കും. അഗ്നിദീപ്തിയുണ്ടാകും, വയറിരയ്ക്കുന്നതു മാറും.

## സാനന്താദികഷായം

കൊടിത്തൂവവേരു്, അതിവിടയം, വിഴാലരിപ്പരിപ്പു്, കൊടുവേലിക്കിഴങ്ങു് (ശുദ്ധി), പാടക്കിഴങ്ങു്,

വയമ്പ്, താതിരിപ്പൂവ്, പാച്ചോററിത്തൊലി, അമ്പഴത്തൊലി, പേരാൽമൊട്ട്, വരട്ടമഞ്ഞൾ, മരമഞ്ഞൾത്തൊലി, ഓരിലത്താമര, മുക്കുററി, കടുക്കാത്തോട്, ഏലത്തരി, മാവിൻകറ, അയമോദകം, കാട്ടുതിപ്പലിവേരു്, പെരുമരത്തിൻതൊലി, ചുക്ക്, മുളക്, തിപ്പലി, കൂവളത്തിൻവേരു്, ഇവ 1 കഴഞ്ചുവീതം കഴകി ചതച്ച് 2½ ഇടങ്ങഴി വെള്ളത്തിൽ വെന്തു് 2 നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം കഷായം വീതമെടുത്തു് കുറുക്കി 1 തുടമാക്കി സേവിക്കുക. അതിസാരം, ഉദാവർത്തം, മുതലായ എല്ലാ ഉദരരോഗങ്ങളും ശമിക്കും.

## അരിതാരം

അരിതാരംനുറുക്കീട്ടുണ്ടൊരുചട്ടിയിലിട്ടുടൻ
ശരിയായിട്ടടസ്സേണമൊരുചേരുന്നചട്ടിയാൽ
ശീലമൺചെയ്തുണക്കീട്ടുമേലേവച്ചുള്ളചട്ടിമേൽ
ഭാരംമൂന്നുതുളസ്സേണംചെറുതായിട്ടുവൃത്തിയായ്
പിന്നെതീയിട്ടുകത്തിച്ചു, കനലിൻമീതേവസ്സണം
കുറേക്കഴിഞ്ഞിട്ടന്നേരംകറുത്തപുകവന്നീടും
അന്നേരംതാലവൃന്തത്താൽപതുക്കെയഥ വീശണം
അപ്പോൾ ചുമപ്പുനിറമായ് പുകവന്നുതുടങ്ങീടും
ഉടൻതീയിന്നിറക്കീട്ടങ്ങാറുമോളമിരിക്കുക
പിന്നെശ്ശീലകളഞ്ഞിട്ടങ്ങെടുത്താൽ ശുദ്ധമാണതു്.

## ഗുഗ്ഗുലുശുദ്ധി

വേപ്പിന്റെ ഇലയും പിന്നെ പച്ചമഞ്ഞളുമെന്നിവ
ചതച്ചിട്ടുതിളപ്പിച്ചവെള്ളത്തിൽ പിന്നെഗ്ഗുഗ്ഗുലു
ഡോളായന്ത്രവിധാനത്താൽ രണ്ടുയാമമനാരതം
വേവിച്ചുകരടെല്ലാമേനീക്കിയായതെടുത്തുടൻ
വറുത്തരസ്സുനെയ്യിങ്കലാവണക്കെണ്ണതന്നിലോ
എന്നാൽ സംശുദ്ധമായിടും ഗുണമാർന്നുള്ളഗ്ഗുഗ്ഗുലു

# ശുദ്ധികൾ

## നീർവ്വാളം

ഉണക്കലരിക്കാടിയിൽ എരുമച്ചാണകം കലക്കി അതിൽ നീർവാളക്കുരുവിട്ട് വേവിച്ച് തോടുകളഞ്ഞിട്ടെടുത്തു പരിപ്പിനുള്ളിലെ മുള തീർത്തെടുത്ത് കളഞ്ഞാൽ ശുദ്ധമാം.

## വത്സനാഭി

ചെറുതായി നുറുക്കി ഗോമൂത്രത്തിൽ രണ്ടുയാമം പുഴുങ്ങി കഴുകി ഉണക്കി എടുക്കുക ശുദ്ധമാം.

## രസശുദ്ധി

വിഷവും മലവും തീയ്യും മൂന്നുദോഷംരസത്തിനു്
ഇതുകൾതീർത്തെടുത്തീടിൽ സൂതംപീയൂഷതുല്യമാം
വിഷംശമിക്കുവാനായികൊടുവേലിപിഴിഞ്ഞനീരിൽ
മലദ്ദോഷംശമിച്ചിടാൻ കററാർവാഴ രസത്തിലും.
അഗ്നിദോഷംശമിച്ചീടാൻ തൃപലസ്സുള്ളനീരിലും
ഓരോയാമമരസ്സേണമേഴവട്ടംരസത്തിനെ
പിന്നെക്കാടിയിലിട്ടല്പം ചൂടാക്കിക്കാടിയൂററുക
എന്നാൽദോഷങ്ങൾനീങ്ങിടുമെന്നതിന്നില്ലസംശയം

## ഗന്ധകശുദ്ധി

പാൽഗന്ധകംചെറിയകഷണങ്ങളാക്കികയ്യോന്ന്യനീരിലിട്ട് 3 ദിവസം നല്ല വെയിലത്തിട്ടുണക്കി എടുത്തതിനുശേഷം തീയ്യിൽ വച്ചുരുക്കി തുണിയിൽ ഒഴിച്ച് അതിൽനിന്നും കയ്യോന്നിനീരിൽ അരിച്ചുവീഴ്ത്തി വെയിലത്തുവച്ച് ഉണക്കി എടുക്കുക ശുദ്ധമാം.

## വയറിളക്കാൻ മരുന്നുകൾ

വയറിളക്കാൻ: അവിപത്തിചൂർണ്ണം, പടവലാദിലേഹ്യം, ഗരളഭേദി, ആവണക്കെണ്ണ ശുദ്ധിചെയ്തത്, പടവലമൂലാദി കഷായം, ചിന്നാമുക്കി കഷായം, ചിന്നാമുക്കി ലേഹ്യം.
കുട്ടികൾക്ക്: ബാലപീയൂഷം, മേൽപ്പറഞ്ഞ മരുന്നുകളും കൊടുക്കാവുന്നതാണ്.

### ടിഞ്ചർ ഉപയോഗിക്കുന്നവിധം

$\frac{1}{2}$ ഔൺസ് കഷായത്തിൽ 1 ഔൺസ് തിളപ്പിച്ചാറിയവെള്ളവും കൂട്ടിച്ചേർത്ത് സേവിക്കുക. നിശ്ചയപ്രകാരം ആവർത്തിച്ച ക്ഷീരബലധാന്വന്തരം 12, 16, 24 തുള്ളിവീതം ചേർത്ത് സേവിക്കണം.

ആവർത്തിച്ച ഔഷധങ്ങൾ നസ്യം പറഞ്ഞിരിക്കുന്നത് ചെറുതായി ചൂടാക്കി നേരിയ ചൂടിൽ 6 തുള്ളിവീതം രണ്ടുമൂക്കിലും ഒഴിച്ച് വലിച്ചുകയററുക. നെററിക്കും പിടലിക്കും ചൂടുവച്ചുകഴിഞ്ഞ ശേഷം വേണം നസ്യംചെയ്യാൻ.

## കോസോണൽ പ്ളാസ്ററർ

ഗ്രൂഷ്ഠം, സെപ്ററിക് പോയിസൺ, വ്രണം, മുറിവ്, നീരു്, പൊള്ളൽ, വാതപ്പൊട്ട്, തഴുതണം, വളംകടി, പൈൽസ് മുതലായ തൊലിപ്പുറമേ ഉണ്ടാകുന്ന സുഖക്കേടുകൾക്ക മാത്രമല്ല, സകല വേദനകൾക്കും, ജ്വരത്തിനും, തളർവാതത്തിനും, ഞരമ്പുവേദനയ്ക്കും, വാതത്തിൽനിന്നുള്ള വേദനയ്ക്കും, വിഷം തീണ്ടിയതിനും, കണ്ണിൽ സുഖക്കേടിനും, ചുമ, ആസ്ത്മാ, ന്യുമോണിയാ ഇങ്ങനെ നിരവധി സുഖക്കേടുകൾക്ക് ഉപകരിക്കുന്ന ഒരു ദിവ്യമായ ഔഷധം.

* പുറമേ ഉപയോഗിക്കാൻമാത്രം യാതൊരു പത്ഥ്യവും വേണ്ട.
* ദൂഷ്യം ചെയ്യുന്ന യാതൊന്നും ഉൾക്കൊള്ളാത്തത്.
* രക്തശുദ്ധി വരുത്തുന്നതുമാണ്.

നീണ്ടുകിടക്കുന്ന സുഖക്കേടുകളായ ആസ്ത്മാ, പൈൽസ്, വ്രണം, തളർവാതം മുതലായവയ്ക്ക് രണ്ടാഴ്ചയോ ചിലപ്പോഠം ഒരു മാസമോ മരുന്ന് ഉപയോഗിക്കേണ്ടിവരും. സകല സുഖക്കേടുകഠംക്കും പരീക്ഷിച്ചുനോക്കാം. ഈ മരുന്ന് സുഖക്കേടുകളെ വേരോടെ നീക്കിക്കളയുന്നു.

സാധാരണയായി മുകളിൽപ്പറഞ്ഞ സുഖക്കേടുകഠം ഉണ്ടാകുന്നതു് ഒരുതരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ രക്തത്തിൽ വിഷാംശം കടന്നുകൂടുന്നതുകൊണ്ടാണു്. ആ വിഷാംശം നീക്കാതെ സുഖക്കേട് പരിച്ഛേദം മാററുക സാദ്ധ്യമല്ല. ആ സുഖക്കേടുകഠം മാററാമെന്നവകാശപ്പെടുന്ന പല തൈലങ്ങളും കുഴമ്പുകളുമുണ്ടു്. എന്നാൽ അവയിൽ പലതിനും താൽക്കാലികശമനം വരുത്താൻ മാത്രമേ കഴിവുള്ളൂ. എന്നാൽ നമ്മുടെ പ്ലാസ്റ്ററാവട്ടെ രക്തശുദ്ധീകരണം നന്നായി ചെയ്യുന്നതായതുകൊണ്ടു് സുഖക്കേടുകളുടെ മൂലച്ഛേദം വരുത്തുന്നു.

ഇതിനു് യാതൊരു വെച്ചുകെട്ടും വേണ്ട. ചില കേസ്സിൽ 48 മണിക്കൂർ കഴിഞ്ഞു് വീണ്ടും പുരട്ടണം. ഓപ്പറേഷൻ നടത്തിയതാണെങ്കിൽ ആ ഭാഗത്തു് ഇതുപയോഗിച്ചാൽ വേഗം സുഖപ്പെടും.

## ഉപയോഗക്രമം

പൊതുവിൽ വെള്ളത്തുണിയിൽ പ്ലാസ്റ്റർ സ്വല്പം കട്ടിയായി തേച്ചുപിടിപ്പിച്ച് സുഖക്കേടുള്ളിടത്തു് വെയ്ക്കുക രോമമുണ്ടെങ്കിൽ കളഞ്ഞശേഷം ആവശ്യമെങ്കിൽ അല്പം ഉരുക്കി തുണിയിൽ പിടിപ്പിക്കുക. ആ തുണി ഇളകിപ്പോകുന്നുണ്ടെങ്കിൽ വേറൊരു തുണികൊണ്ടു വെച്ചുകെട്ടണം.

സുഖക്കേടുള്ള ഭാഗം ചൂടുവെള്ളംകൊണ്ടു് കഴുകിയശേഷം വേണം മരുന്നുവയ്ക്കാൻ. 12 മുതൽ 24 മണിക്കൂറുകഠംക്കുള്ളിൽ മാറി വയ്ക്കണം. ഈ പറഞ്ഞതു് എല്ലാത്തരം വ്രണങ്ങഠംക്കും, ഗ്രന്ഥ്ം, സെപ്ററിക് മുറിവു്, പൊള്ളൽ, നീരു്, തഴുതണം. പുഴക്കടി മുതലായവയ്ക്കുള്ളതാണു്.

ശരീരത്തിൽ എവിടെയെങ്കിലും വേദന, ഉളുക്ക്, ഗ്രന്ഥികാം, ശരീരം മുഴവൻ ചൊറിച്ചിൽ, വാതപ്പൊട്ട്, മുഴകാം എന്നിവയ്ക്കു് ആ ഭാഗത്തു പ്ലാസ്റ്റർ ആവശ്യമെങ്കിൽ അൽപം ഉരുക്കി നന്നായി തിരുമ്മിപിടിപ്പിക്കുക. സ്വല്പംകഴിഞ്ഞു് (പുഴക്കടി, വാതപ്പൊട്ട് മുതലായവ ഒഴിച്ചു്) ചൂടുപിടിപ്പിച്ചശേഷം പ്ലാസ്റ്റർ പിടിപ്പിച്ച തുണി കൊണ്ടു് വച്ചുകെട്ടുക. 24 മുതൽ 48 മണിക്കൂറുകാംക്കുള്ളിൽ ഇതു വീണ്ടും ചെയ്യണം.

ചുമ, ആസ്ത്മാ ന്യുമോണിയാ, വായുമുട്ടൽ തുടങ്ങിയ സുഖക്കേടുകാംക്കു് ആദ്യം ചൂടുപിടിപ്പിക്കുക. പ്ലാസ്റ്റർ പിടിപ്പിച്ച തുണിവയ്ക്കുക. അതിനുശേഷം നേരെ എതിർവശത്തു് പുറത്തു് അതുപോലെ ചെയ്യുക. ആവശ്യാനുസരണം 24 മണിക്കൂർ കഴിഞ്ഞാൽ വീണ്ടും ചെയ്യുക.

കണ്ണിൽ വേദന, ചുമപ്പു്, രാത്രി കാഴ്ചയില്ലായ്മ തുടങ്ങിയ കണ്ണുരോഗങ്ങാംക്കും, തലവേദന, പല്ലുവേദന, തുടങ്ങിയവയ്ക്കും ആവശ്യാനുസരണം (കൺപോള, കണ്ണിന്റെ വശത്തു്, പുരികത്തിനു മുകളിൽ, നെററിയിൽ, കണ്ണിനുതാഴെ, ചെവിക്കുചുററും, കവിളിന്മേൽ) പ്ലാസ്റ്റർ തേച്ച തുണി പിടിപ്പിക്കുക.

തേറാം തുടങ്ങിയ വിഷജന്തുക്കളുടെ ദംശനമേററാൽ രക്തം ഒഴുക്കിക്കളഞ്ഞശേഷം അവിടം പ്ലാസ്റ്റർകൊണ്ടു പൊതിയുക.

മൂലക്കുരുവിനു് അല്പം നീളത്തിൽ തുണിക്കഷണമെടുത്തു് ഇരുവശവും നന്നായി പ്ലാസ്റ്റർചെയ്തു് മലദ്വാരത്തിൽക്കൂടി അകത്തേയ്ക്കു കയററുക. വേദനയും രക്തംപോക്കുമുണ്ടെങ്കിൽ. അല്ലാത്തപക്ഷം കുരുക്കളുള്ള സ്ഥലത്തു് പ്ലാസ്റ്റർ പതിച്ച തുണിവയ്ക്കുക. താഴെപ്പോകാതിരിക്കാൻ വെച്ചുകെട്ടുക. പ്ലാസ്റ്റർ ഉറച്ചുപോയാൽ തീയ്ക്കടുത്തു വച്ചു് ഉരുക്കുക. കൂടുതൽ ഫലംചെയ്യുവാൻ അല്പം ഒലിവ് എണ്ണ ചേർക്കുക.

ദേഹത്തുനിന്നും പ്ലാസ്റ്റർ കളയുന്നതിനു് അല്പം എണ്ണ പുരട്ടിയതിനുശേഷം സോപ്പുപയോഗിച്ചു് കഴുകുക.

# സർപ്പമൃത്യ

സർപ്പത്തിൻെറ മീതേ ഈ ഔഷധം തളിക്കുമ്പോൾ സർപ്പം ചത്തുപോകുന്നതിനാൽ ഈ ഔഷധത്തിൻെറ പേർ സർപ്പമൃത്യ എന്നാണ്. ഈ ഔഷധം ആയുർവ്വേദവിധിപ്രകാരം മുപ്പതുവർഷം മുമ്പ് ഉണ്ടാക്കിയതാണ്. ഇതു പ്രയോഗിച്ച് അതിൻെറ ഫലം പൂർണ്ണമായി തെളിയിക്കപ്പെട്ടതുമാണ്. സർപ്പദംശനമേററയാൾ ഇതുമൂലം പൂർണ്ണ ആരോഗ്യം പ്രാപിക്കുന്നു.

സർപ്പവിഷനിവാരണത്തിനു പുറമേ ഈ ഔഷധം കൊണ്ട് തേൾ, പഴുതാര, കടന്നൽ, (കുളവി), ഗൗളി, (പല്ലി), വിഷമുള്ള്, എലി, ചിലന്തി (എട്ടുകാലി), നായ്, ചെന്നായ്, കുറുക്കൻ, കരണ്ട് ഇത്യാദികളുടെ വിഷവും (ലേഖനാനുസരണം) ഉപയോഗിക്കുമ്പോൾ ഇല്ലാതാകുന്നു. കൂടാതെയും വായ്, നാക്ക്, പല്ല് എന്നിവയുടെ രോഗങ്ങളും വ്രണം, പരു, കുരു, മൂലക്കുരു (അർശ്ശസ്സ്), മന്ത്, എന്നിവക്കും ഫലപ്രദമാണ്. ധന്വന്തരി വിധിപ്രകാരമുള്ള ശസ്ത്രക്രിയയിലും കീടാണുക്കളെ നശിപ്പിക്കുന്നതിനും ഉപയോഗിക്കാം.

ഈ ഔഷധം കൈവശം വച്ചിരുന്നാൽ ആവശ്യപ്പെട്ടപ്പോൾ പ്രയോഗിക്കാം. ഇത് പുതുതായി കണ്ടുപിടിച്ച കലർപ്പില്ലാത്ത രസായനമാണ്. സുഖമുള്ള അവയവങ്ങളിൽ പരീക്ഷണാർത്ഥം ഇതു പുരട്ടിയാൽ ആ ഭാഗം പൊള്ളും. അറിയാതെ ശരീരത്തിൻെറ പല ഭാഗത്തും പററുന്നതിനിടയായാൽ ആ ഭാഗം തണുത്ത വെള്ളത്തിൽ കഴുകി വെളിച്ചെണ്ണയിൽ അല്പം കർപ്പൂരവും ചേർത്തു പുരട്ടിയാൽ പൊള്ളിയ ഭാഗം സ്വസ്ഥത പ്രാപിക്കും. വേറൊന്നും ഭയപ്പെടാനില്ല.

മരുന്നു പുരട്ടുന്നതുകൊണ്ട് ശരീരഭാഗത്തു് കറുത്തനിറം ഉണ്ടാകുന്നെങ്കിൽ പേടിക്കാനൊന്നുമില്ല. നിറം മാറിക്കൊള്ളും. ശരീരത്തിൻെറ സ്വതേയുള്ള നിറം വരുന്നതുവരെ എണ്ണ പുരട്ടിക്കൊണ്ടിരിക്കണം.

തീയുടെ അടുത്തോ ചൂടുള്ള സ്ഥലത്തോ ഔഷധം സൂക്ഷിക്കരുത്. ജലമയമുള്ള കുപ്പിയിൽ ഒഴിക്കരുത്. ആവശ്യപ്പെടുമ്പോൾ മരുന്ന് കുപ്പിയിൽനിന്നും എടുക്കുക. മേൽപ്പറഞ്ഞവിധം സൂക്ഷിച്ചാൽ ഒരുവിധത്തിലും മരുന്ന് മോശമാകുന്നതിനിടയാകുകയില്ല.

ഈ മരുന്ന് ഏതു തരത്തിലെങ്കിലും പാമ്പിൻെറ മീതേ ഒഴിക്കുകയോ മണപ്പിക്കുകയോ ചെയ്താൽ പാമ്പു ചാകും. അടയിരിക്കുന്ന പാമ്പിൻമുട്ടകളിൽ തളിച്ചാൽ പാമ്പു ചാകുന്നതാണ്. തേള്, പഴുതാര മുതലായവയും മരുന്ന് തളിച്ചാൽ ചാകും. വേണ്ടതുപോലെ പ്രയോഗിച്ചാൽ മരുന്ന് ഒരിക്കലും വിഫലമാകുകയില്ല. വിഷമുള്ള എല്ലാ ജന്തുക്കളേയും ഈ മരുന്നുകൊണ്ട് കൊല്ലാം. ആവശ്യംപോലെ പ്രയോഗിച്ച് ഫലംകാണുക.

പാമ്പുള്ള സ്ഥലത്ത് മരുന്നുതളിച്ചാൽ (മണം) ഗന്ധം അടിച്ച് പാമ്പു പൊയ്ക്കൊള്ളും. പാമ്പിരിക്കുന്ന മാളത്തിൻെറ വാതുക്കൽ തളിക്കുകയോ പഞ്ഞിയിൽ മുക്കി മാളത്തിനകത്തിടുകയോ ചെയ്താൽ പാമ്പ് ഇറങ്ങിപ്പോകും. പിന്നീട് ആ മാളത്തിൽ കയറുകയില്ല. തട്ടിനു മുകളിലോ പുരപ്പുറത്തോ പാമ്പുണ്ടെങ്കിൽ അവിടെ മരുന്നു തളിച്ചാൽ പാമ്പു പൊയ്ക്കൊള്ളും. പാമ്പിൻെറ പുറത്തുവീണാൽ ചാകും. മരുന്നിൻെറ ഗന്ധം കൊണ്ട് പാമ്പ് ഓടിപൊയ്ക്കൊള്ളും.

പാമ്പിനെ പിടിക്കുന്നതിനു് ആദ്യം കൈയിൽ കടുകിൻെറ എണ്ണ പുരട്ടണം പിന്നെ മരുന്നു പുരട്ടണം. അങ്ങനെ എണ്ണയും മരുന്നും കൈയിൽ പുരട്ടിയിട്ട് പിടിച്ചാൽ പാമ്പു കടിക്കുകയില്ല. അഥവാ കടിച്ചാൽ എണ്ണയും മരുന്നും പുരട്ടിയ ഭാഗത്ത് മനുഷ്യശരീരത്തിൽ വിഷം കയറുകയില്ല. പാമ്പ് ചത്തുപോകും. കിടക്കുന്ന കട്ടിലിനു അഥവാ കിടക്കയ്ക്കുചുററും മരുന്നു തളിച്ചാൽ മരുന്നു വലയം കടന്ന് പാമ്പു വരികയില്ല. പഞ്ഞിയിൽ മുക്കി കിടക്കയുടെ സമീപത്ത് ഇട്ടാലും മതി. മരുന്ന് തളിച്ച് വലയം ഉണ്ടാക്കിയ സ്ഥലത്തോ പാത്ര

ത്തിലോ പാമ്പിനെ ഇട്ട് എത്ര അടിച്ചാലും അത് ഓടി പ്പോകുകയില്ല. തല ഒളിക്കുന്നതിന് ശ്രമിച്ചുകൊണ്ടി രിക്കും. പാമ്പിന് ഈ മരുന്നിന്റെ ഗന്ധം സഹിക്കു വാൻ സാധിക്കുകയില്ല.

ഏതെങ്കിലും ആളെ പാമ്പു കടിച്ചാൽ ഉടനേതന്നെ കടിയേററ സ്ഥലത്തു മരുന്നു പുരട്ടിയാൽ വിഷം മാറും. കടിച്ചുകഴിഞ്ഞിട്ടു അധികം നേരമായെങ്കിൽ വിഷം എന്തുമാത്രം കയറി എന്നു പരിശോധിക്കണം (വിഷം കയറിയ ഭാഗത്തേ രോമം എഴുന്നുനിൽക്കും). വിഷം കയറിയ ഭാഗത്തിനു മുകളിൽ അല്പാല്പം അകലെയായി മൂന്നു കെട്ടുകൾ മുറുക്കി കെട്ടണം (ചരട്, നൂല്, തുണി എന്നിവകൊണ്ടു കെട്ടാം). കെട്ടിയതിനുശേഷം വിഷം ശാന്തമാകുന്നതുവരെ അരമണിക്കൂർ ഇടവിട്ടു രണ്ടുമൂന്നു പ്രാവശ്യം കടുകെണ്ണയിൽ കലർത്തി മരുന്ന് കുടിപ്പിക്കണം. വിഷം കുറയുമ്പോൾ വേപ്പില കടിച്ചാൽ കൈയ്പു തോന്നും. വിഷം ഉള്ളപ്പോൾ വേപ്പില കടിച്ചാൽ കയ്പു തോന്നുകയില്ല. വിഷമുണ്ടോ ഇല്ലയോ എന്നറിയുന്നതിന് വേപ്പില കടിച്ചാൽ മതി. 20 മിനിററ് ഇടവിട്ട് വേപ്പില അല്ലെങ്കിൽ കുരുമുളക് കടിച്ചുചവച്ച് വിഷമുണ്ടോ എന്ന് പരീക്ഷിക്കണം. വിഷമില്ലാതാകുമ്പോൾ മേൽപ്പറഞ്ഞവസ്തു (വേപ്പില, കുരുമുളക്) തീക്ഷ്ണമായ എരിവും കൈപ്പും അനുഭവപ്പെടും.

തണുപ്പുകാലത്ത് മരുന്ന് കട്ടിപിടിച്ചുപോയാൽ ചൂടുവെള്ളത്തിലോ വെയിലത്തോ മരുന്നുകുപ്പിവച്ച് മരുന്ന് ഉരുക്കി എടുക്കണം. കടി ഏററ ഭാഗത്ത് മൂർച്ചയുള്ള കത്തികൊണ്ട് മുറിവുണ്ടാക്കിയിട്ട് ശക്തിയായി ഞെക്കി കറുത്ത രക്തം പുറത്തുകളയണം. രക്തത്തിന്റെ കറുപ്പ് മാറി ചുവപ്പായാൽ 40–50 തുള്ളി മരുന്ന് പഞ്ഞിയിൽ മുക്കി മുറിവിൽ വെച്ചുകെട്ടണം. മരുന്ന് വെച്ചു കെട്ടി 20 മിനിററു കഴിഞ്ഞു വിഷം കയറുന്നതിനെതിരായി കെട്ടിയ കെട്ടുകൾ അഴിക്കണം. മേൽപ്പറഞ്ഞവ കൊണ്ട് വിഷം മാറാതിരുന്നാൽ രണ്ടു തോല കടുകെണ്ണയിൽ 10 മുതൽ 20 തുള്ളിവരെ മരുന്ന് കലർത്തി കുടി

പ്പിക്കുക വിഷം മാറും. മരുന്നു് കുടിപ്പിച്ചു ഒരു മണിക്കൂർ കഴിഞ്ഞു വിഷം മാറിയതിനുശേഷം ചൂടുവെള്ളം കൊടുത്തു് ഛർദ്ദിപ്പിക്കുകയാണെങ്കിൽ വയററിൽനിന്നും കടുകെണ്ണ മാറിക്കിട്ടും. ഛർദ്ദിപ്പിക്കാതിരുന്നാലും ദൂഷ്യമില്ല. ആമാശയംവരെ മരുന്നു് എത്തിക്കുന്നതിനു വേണ്ടിയാണു് എണ്ണ ചേർക്കുന്നതു്. അതിൽ ദൂഷ്യമൊന്നുമില്ല. എണ്ണയില്ലെങ്കിൽ മരുന്നു് റൊട്ടിയിൽ പൊതിഞ്ഞു് വിഴുങ്ങിയാലും മതി. അല്ലെങ്കിൽ മറേറതെങ്കിലും സാധനത്തോടു ചേർത്തു തിന്നുക രോഗി സുഖം പ്രാപിക്കും.

ഈ പ്രവൃത്തി (മരുന്നുതീററുക) വളരെ ശക്തിയുള്ള വിഷബാധയുള്ളപ്പോൾ മാത്രമേ ചെയ്യാവൂ. സാധാരണ വിഷബാധകൾക്കു് കടിയേററ ഭാഗത്തു് മരുന്നു തേച്ചും മണപ്പിച്ചും വിഷം മാററാവുന്നതാണു്.

വിഷ (സർപ്പവിഷം) ബാധയേററ ആളിനെ 40-50 തുള്ളി മരുന്നു് പഞ്ഞിയിൽ മുക്കി മണപ്പിച്ചാൽ വിഷം മാറും. വിഷബാധയേററു മൂർച്ഛിച്ച ആളിൻെറ പല്ലുകൾ കട്ടിപിടിച്ചിരിക്കുകയാണെങ്കിൽ മരുന്നിൻെറ എട്ടിരട്ടി എണ്ണ ചേർത്തു് മൂക്കിൽക്കൂടി ഊതിയാൽ മരുന്നിൻെറ ഗന്ധമേററു രോഗിക്കു ബോധമുണ്ടാകുന്നു. അപ്പോൾ 10—20 തുള്ളി മരുന്നു് കുടിപ്പിക്കുക. രോഗി പൂർണ്ണസുഖം പ്രാപിക്കും. കടുകെണ്ണയിൽ കലർത്തി കുടിക്കുമ്പോൾ മരുന്നു് ആമാശയംവരെ എത്തുന്നു. മരുന്നു് എണ്ണ കലർത്തി കുടിപ്പിക്കണം.

സർപ്പവിഷമേററയാൾ പെട്ടെന്നു മരിച്ചതായി തോന്നും. എന്നാൽ വാസ്തവത്തിൽ മരിക്കുന്നതു് വളരെ നേരം കഴിഞ്ഞുമാത്രമാണു്. ഇപ്രകാരം മരിച്ചതുപോലെ കിടക്കുന്ന ആളിൻെറ കണ്ണിനു നേരെ വിളക്കുകാണിക്കുമ്പോൾ കണ്ണിൽ പ്രകാശം കാണുന്നുണ്ടെങ്കിൽ താഴെ കാണുംവിധം ഉപചരിക്കുക (നിരാശപ്പെടരുതു്) മുപ്പതു നാല്പതു കുടം വെള്ളം കുളിക്കുവാൻ പാകത്തിനു് ചൂടുപിടിപ്പിച്ചു് രോഗിയെ പിടിച്ചിരുത്തി നാലഞ്ചുപേർ ചേ

ന്നു് ഇടമുറിയാതെ തലയിൽ ധാരയൊഴുക്കുക. ഒന്നാമത്തെ കുടത്തിലെ വെള്ളം തീരുന്നതിനുമുമ്പുതന്നെ രണ്ടാമത്തെ കുടത്തിൽനിന്നും വെള്ളം ഒഴിച്ചുതുടങ്ങണം. അങ്ങനെ ഇടമുറിയാതെ വെള്ളം വീഴ്ത്തണം. വെള്ളം ഒഴിക്കുന്നതിനുമുമ്പു് വാഴയിലയോ വേപ്പിലയോകൊണ്ടു് കുറെ നേരത്തേയ്ക്കു തലയിൽ തിരുമ്മണം, ചൂടുണ്ടാകുന്നതുവരെ. ഒരു മണിക്കൂർ നേരമാകുമ്പോഴേയ്ക്കു് രോഗി കണ്ണു തുറക്കും. എന്നാൽ രോഗി നല്ലതുപോലെ വിറയ്ക്കുന്നതുവരെ ജലധാരയൊഴുക്കണം. വിറയൽ ഉണ്ടായതിനുശേഷം ജലധാര നിറുത്തിയിട്ടു് 10 തുള്ളി മരുന്നു് കുടിപ്പിക്കണം. അവസ്ഥശേഷവും രോഗിക്കു സുബോധമുണ്ടാകുന്നില്ലെങ്കിൽ തുണി പിരിച്ചു പുറത്തടിക്കുക. അപ്പോൾ ശരീരാവയവങ്ങൾ പ്രവർത്തിച്ചുതുടങ്ങും. ചൂടുവെള്ളം കിട്ടാനില്ലെങ്കിൽ ശുദ്ധജലംകൊണ്ടും ധാരകൊടുക്കാം.

പാമ്പുകടികൊണ്ടു നീരുണ്ടാകുന്നുണ്ടെങ്കിൽ മൂക്കുമാത്രം വെളിയിലിട്ടു തുണികൊണ്ടു ശരീരം മൂടിക്കെട്ടി കട്ടിലിൽ കിടത്തി കട്ടിലിന്നടിയിൽ മൂന്നു നാലു പരന്ന പാത്രത്തിൽ ചൂടുവെള്ളംവെച്ചു് ശരീരത്തിൽ ആവി അടിപ്പിക്കുക. ശരീരത്തിൻെറ എല്ലാ ഭാഗത്തും ആവി കൊള്ളിക്കണം. ചൂടു് അധികം അനുഭവപ്പെടുന്നെങ്കിൽ തീയുടെ ശക്തി കുറയ്ക്കണം. വീക്കം മാറും. രോഗിക്കു ബോധമുണ്ടാകുമ്പോൾ ആവികൊള്ളിക്കൽ നിർത്തണം. സാധാരണ പാമ്പും മററു വിഷജന്തുക്കളും കടിച്ചാൽ മരുന്നു് കടുകെണ്ണ കലർത്തി കൊടുത്താൽ മതിയാകും. രോഗി സുഖം പ്രാപിക്കുമ്പോൾ എണ്ണ ഛർദ്ദിപ്പിച്ചുകളയുകയോ പമ്പു്ചെയ്തു് എടുക്കുകയോ ചെയ്യണം.

പാമ്പു കടിച്ചതാണോ എന്നു നിശ്ചയപ്പെടുത്തിയിട്ടേ മരുന്നു് പ്രയോഗിക്കാവൂ. മററു വിഷജന്തുക്കൾ കടിച്ചതാണെങ്കിൽ മരുന്നു് പുരട്ടുകയോ കുടിപ്പിക്കുകയോ ആവശ്യാനുസരണം ചെയ്യണം.

തേളു്, പഴുതാര, പട്ടി, കുറുക്കൻ, കുരങ്ങു് മുതലായവ കടിച്ചാൽ കടിയേററഭാഗത്തു് ഉടനെ മരുന്നു് തേക്കുക കുറേനേരം കഴിഞ്ഞെങ്കിൽ നല്ലതുപോലെ കഴുകിയിട്ടു

മരുന്നു പുരട്ടുക. വിഷം കൂടുതലാണെങ്കിൽ പാമ്പുവിഷം പോലെ ചികിത്സിക്കുക. തേള് കുത്തിയ ഭാഗത്തെ തൊലിക്കു അധികം കട്ടിയുണ്ടെങ്കിൽ മരുന്നു പുരട്ടിയതുകൊണ്ടുമാത്രം സുഖം കിട്ടുകയില്ല അപ്പോൾ തൊലി കീറിയിട്ടു മരുന്നു പുരട്ടണം. മരുന്നു പുരട്ടുമ്പോൾ ശരീരത്തിൻെറ മററു സുഖമുള്ള ഭാഗങ്ങളിൽ ഒലിച്ചുവീഴാതെ സൂക്ഷിക്കണം. കടിയേററ ഭാഗത്തിന്റെ ചുററിലും എണ്ണ പുരട്ടിയിട്ട് മുറിവിൽ മരുന്ന് പുരട്ടിയാൽ ഒലിച്ചുവീഴുന്നതുകൊണ്ട് ഉപദ്രവം ഉണ്ടാകുകയില്ല. തേളും മററു വിഷജന്തുക്കളും കടിച്ചഭാഗം കത്തികൊണ്ടു് കീറി മരുന്ന് പുരട്ടിയാൽ എളുപ്പം ഫലം ഉണ്ടാകുന്നു. ഈ അവസരങ്ങളിൽ മരുന്ന് കുടിപ്പിക്കുകയും ചെയ്യാം. പട്ടി കുറുക്കൻ, ചെന്നായ് ഇവ കടിച്ചതിനാൽ പേയുണ്ടാകുന്നെങ്കിൽ നാലു തുള്ളി മരുന്ന് രണ്ടു തോല കടുകെണ്ണയിൽ കലർത്തി ഒരു മണിക്കൂർ അഥവാ രണ്ടു മൂന്നു മണിക്കൂറിനുള്ളിൽ കുടിപ്പിക്കുന്നതിന്ന് തുടങ്ങുക. വെള്ളം കുടിപ്പിക്കരുതു്. അങ്ങനെ മരുന്ന് പല പ്രാവശ്യം കുടിപ്പിക്കുന്നതുകൊണ്ടു് വിഷം നഷ്ടപ്പെടുന്നു. മരുന്നു കലർത്തിയ എണ്ണ തിരിച്ചറിയാറാകുമ്പോൾ വിഷം ശമിച്ചു എന്നു മനസ്സിലാക്കാം. മരുന്നു കുടിപ്പിക്കൽ നിറുത്തിയിട്ട് കടുകെണ്ണ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ കൊടുക്കാം. ഒരാഴ്ചവരെ ഒരു തുള്ളി മരുന്ന് ഒരു തോല എണ്ണയിൽ ചേർത്തു് കുടിപ്പിച്ചുകൊണ്ടിരിക്കണം. വേറേ ഒന്നും ചെയ്യേണ്ടതില്ല.

പരു കുരു മുതലായതിന്ന് പഞ്ഞിയിൽവെച്ചു തച്ചു കൊടുക്കുക വററിക്കൊള്ളും. പഴുപ്പുണ്ടെങ്കിൽ കീറിയിട്ടു ഡ്രസ്സുചെയ്യുക. ഓരോ വ്രണവും നല്ലതുപോലെ കഴുകി (മരുന്നിൻെറ 200 ഇരട്ടി വെള്ളവും ചേർത്തു്) പഞ്ഞിയിൽ മരുന്ന് തച്ച്‌വെച്ചു തുല്യഭാഗം വേപ്പെണ്ണയിൽ ചേർത്തു് ഡ്രസ്സുചെയ്യുക (വെച്ചുകെട്ടുക). വ്രണം ഉണങ്ങും. ശരീരത്തിൽ വേദനയുണ്ടെങ്കിൽ മരുന്നിൻെറ എട്ടിരട്ടി കടുകെണ്ണ ചേർത്തു് ആ ഭാഗത്തു തിരുമ്മുക .തുണി ചൂടുപിടിപ്പിച്ചു് ചൂടുവെയ്ക്കുക പിന്നീടു് പഞ്ഞിവെച്ചു

കെട്ടണം. കാലത്തും വൈകിട്ടും അഞ്ചുതുള്ളി മരുന്ന് രണ്ടു തോല വെള്ളത്തിൽ കലർത്തി കുടിപ്പിക്കണം.

ചൊറി, ചിരങ്ങ് മുതലായ രോഗങ്ങൾക്ക് മരുന്നിന്റെ എട്ടിരട്ടി എണ്ണ ചേർത്ത് രോഗം നിശ്ശേഷം ഭേദമാകുന്നതുവരെ പുരട്ടുക.

വിസർപ്പം, തളർച്ച. പിത്തം മുതലായ രോഗങ്ങൾക്ക് ഇരട്ടി എണ്ണയോടുകൂടി മരുന്നുചേർത്ത് പുരട്ടുക. വെള്ളത്തിൽ 5 തുള്ളി മരുന്നുചേർത്തു ദിവസവും കഴിക്കുക.

ഉദരത്തേയും ആമാശയത്തേയും സംബന്ധിച്ച രോഗങ്ങൾക്ക് 4 തുള്ളികൾവീതം മരുന്ന് പഞ്ചസാരയിൽ കലർത്തി പല പ്രാവശ്യം കഴിക്കുക. പത്ഥ്യമായിരുന്ന് മോരൊഴിച്ച ചോറോ കിച്ചടിയോ കഴിക്കാം. (അരിയും പരിപ്പും ചേർന്ന അവിയൽ) മലമയഞ്ഞ് വിരേചന ശരിയായി വിശപ്പുണ്ടാകുന്നതുവരെ സേവ മുതലായ ഭക്ഷണസാധനങ്ങൾ ഇഷ്ടംപോലെ കഴിക്കുക.

പരു, വിഷക്കുരു മുതലായവയ്ക്ക് മരുന്നു മുക്കിയ പഞ്ഞികൊണ്ട് (ജണ്ടു്) പുരട്ടുകയോ നനച്ചുകെട്ടുകയോ ചെയ്യുന്നതു് ഉത്തമം. രോഗം ശാന്തമാകുന്നതുവരെ ഈ ക്രിയ തുടരണം.

തലവേദന മാറുന്നതിന് 4-5 തുള്ളി സർപ്പമൃത്യു പഞ്ഞിയിൽ നനച്ച് മണക്കുക. ഉദ്ദേശം $1\frac{1}{2}$ തോല എണ്ണയിൽ കലർത്തി മൂക്കിൽ വലിക്കുക.

പീനസരോഗത്തിന് മരുന്നിന്റെ എട്ടിരട്ടി ടർപ്പൻടൈൻ അല്ലെങ്കിൽ കടുകെണ്ണ ചേർത്തു പുരട്ടുക. അണുക്കളെക്കൊന്ന് രോഗം ശമിക്കുന്നു. മരുന്നിന്റെ 4 ഇരട്ടി മണ്ണെണ്ണചേർത്തു പുരട്ടുന്നതുകൊണ്ടും പീനസം ശാന്തമാകുന്നു. കീടങ്ങൾ നശിച്ചതിനുശേഷം പെരുങ്കടുകെണ്ണയിൽ $\frac{1}{4}$ ഭാഗം മരുന്നുചേർത്തു പുരട്ടുക. അംഗങ്ങളുടെ പുറത്തും മരുന്ന് അല്പമായി പുരട്ടുന്നതു് ഉപയോഗപ്രദമായിരിക്കും.

ദന്തരോഗങ്ങൾക്ക് പഞ്ഞിയിൽ നനച്ച മരുന്ന് പുരട്ടുക. മോണരോഗം ജിഹ്വാരോഗം തൊണ്ടയിലുണ്ടാകുന്ന രോഗം മുതലായവയ്ക്ക് പഞ്ഞികൊണ്ടുള്ള ജണ്ടിൽ മരുന്നുപുരട്ടി ഉള്ളിൽ രോഗമുള്ള സ്ഥാനത്ത് പുരട്ടുക. ദന്തചൂർണ്ണം ഉണ്ടാക്കണമെങ്കിൽ 4 ഇരട്ടി എണ്ണയിൽ മരുന്നുചേർത്ത് അല്ലെങ്കിൽ മരുന്നിൻെറ എതാനും തുള്ളികൾ വല്ല ദന്തചൂർണ്ണത്തിലും ചേർത്ത് ഉപയോഗിക്കുക. ഇപ്രകാരം ചെയ്യുന്നതു് പല്ല്, മോണ, നാവ്, തോൽ, അധരങ്ങൾ മുതലായവകൾക്കുണ്ടാകുന്ന രോഗങ്ങളുടെ ശമനത്തിന് ഉത്തമമാണ്. ടോൺസൽ വളരുന്നതിന് മരുന്ന് തുല്യമായി എണ്ണയിൽ ചേർത്തു കൈവിരലിൽ മുക്കി (വായുടെ ഉള്ളിൽ) രോഗസ്ഥാനത്തു പുരട്ടുക.

എട്ടിരട്ടി കടുകെണ്ണയിൽ സർപ്പമൃത്യു ഔഷധംചേത്തു പുരട്ടുന്നതുകൊണ്ടു് മുഖക്കുരു ഇല്ലാതായി മുഖം സുന്ദരമാകുന്നു.

അർശ്ശസ്, മൂലക്കുരു ഗുദദ്വാരത്തിലും അതിനകത്തും പുറത്തുമായി കുരുക്കളുണ്ടാകുന്ന രോഗം, ചതവുകൾ മുതലായവയ്ക്ക് പഞ്ഞിയുടെ ജണ്ടിൽ നനച്ച മരുന്ന് പല പ്രാവശ്യവും പുരട്ടുക. അഞ്ചുതുള്ളി മരുന്ന് വെള്ളത്തിൽ ചേർത്ത് സേവിക്കുക.

ചർമ്മത്തിലുണ്ടാകുന്ന പാണ്ഡിന് ഈ മരുന്ന് പുരട്ടുക. നിത്യവും രണ്ടുതുള്ളി മരുന്ന് 5 തോല വെള്ളത്തിൽ കലർത്തി കുടിപ്പിക്കുക. ഉപ്പുചേർന്നുള്ള ആഹാരം വർജ്ജിക്കണം. പാണ്ഡുകൾ മാറി ചർമ്മം ശരിയാകുന്നു.

കഷണ്ടി, മുടികൊഴിച്ചിൽ മുതലായവയ്ക്ക് മുടിയിൽ ഈ മരുന്നു പുരട്ടി ശരിയായി മുടി ചീകിവയ്ക്കുക.

ജിഹ്വാരോഗത്തിന് മരുന്നിൻെറ 100 ഇരട്ടി വെള്ളംചേർത്ത് കുലികുഴിയുക. അതുപോലെ 6 ഇരട്ടി എണ്ണയിൽ മരുന്നുചേർത്ത് തിരുമ്മുകയോ ജണ്ടിൽ മരുന്നുതളിച്ച നനച്ചുപുരട്ടുകയോ ചെയ്യുന്നതു ഉത്തമമാകുന്നു.

മൃഗങ്ങൾക്കുണ്ടാകുന്ന പുഴക്കൾ മാറുന്നതിനു് ഈ മരുന്നു് ഒഴിക്കുന്നതു് ഉപയോഗപ്രദമാണു്. മരുന്നു് മണ്ണിൽ കുഴച്ചുപുരട്ടുന്നതും ഫലപ്രദമത്രേ.

വിഷൂചികരോഗത്തിനു് ഏതെങ്കിലും മധുരപലഹാരത്തിൽ ചേർത്തു് ഔഷധം വിഴുങ്ങുക. അതുപോലെ റൊട്ടിയുടെ കഴമ്പിൽചേർത്തു് തിന്നുക. പഞ്ചസാരയിൽ ഉദ്ദേശം 8 തുള്ളി മരുന്നു് ഒഴിച്ചുതിന്നുക. രോഗം ശാന്തമാകുന്നതുവരെ അരമണിക്കൂർ ഇടയിട്ടു മരുന്നു കുടിക്കുക.

ജലദോഷം, തലവേദന, കഫരോഗം മുതലായവക്കു് ഉണങ്ങിയ ചുണ്ണാമ്പു് നവസാരം ഇവ തുല്യമായി കുപ്പിയിൽനിറച്ചു് അതിൽ സർപ്പമൃത്യുവിന്റെ കുറച്ചു തുള്ളികൾ ചേർക്കുക. അതിൽനിന്നും പുറപ്പെടുന്ന ഗ്യാസ് മണക്കുക രോഗം നിശ്ശേഷം ശാന്തമാകുന്നു.

കീടാനു ഇതരമായ രോഗങ്ങളിൽനിന്നും വിമുക്തി ലഭിക്കുവാൻ മുപ്പതിരട്ടി വെള്ളത്തിൽ മരുന്നുചേർത്തു എല്ലാ പ്രാഥമിക ആവശ്യങ്ങൾക്കും ഉപയോഗിക്കുക.

പെരുങ്കാൽ (മന്തു്) രോഗത്തിനു് 50 തുള്ളി പ്രമാണത്തിൽ മരുന്നു് രോഗസ്ഥാനത്തു് എണ്ണയിൽചേർത്തു് പുരട്ടുക. അതോടൊപ്പംതന്നെ 5 തുള്ളി മരുന്നിന്റെ ഒരു മാത്ര മധുരപലഹാരത്തിൽചേർത്തു് വിഴുങ്ങുക.

പഴകിയ നാഡീവ്രണങ്ങൾക്കു് അവ വൃത്തിയാക്കി കഴുകി മരുന്നിൽ നനച്ച പഞ്ഞി അതിനുള്ളിൽ വക്കുക. ഇങ്ങനെ നിത്യവും വക്കുമ്പോൾ നാഡീവ്രണങ്ങൾ സുഖപ്പെടുന്നു. ദിവസവും ഇവ വൃത്തിയാക്കണം. ആരംഭകാലങ്ങളിൽ ഇങ്ങനെ ചെയ്യാം. അല്ലെങ്കിൽ ഒരു വൈദ്യന്റെ ഉപദേശപ്രകാരം മരുന്നു് ഉപയോഗിക്കുക.

വ്രണങ്ങളിൽ ഔഷധം പുരട്ടുന്നതു് പഞ്ഞികൊണ്ടുള്ള ജണ്ടു് നനച്ചു അതുപയോഗിച്ചു് ആയിരിക്കണം.

വയററിൽ വേദനക്കു് 6 തുള്ളി മരുന്നു് ഉദ്ദേശം $\frac{1}{8}$ തോല മധുരപലഹാരത്തിലൊ പഞ്ചസാരയിലോ ചേർത്തു് കഴിക്കുന്നതുകൊണ്ടു് രോഗം ശാന്തമാകുന്നു. വേദന

കുറയുന്നില്ലെങ്കിൽ 3, 4 മാത്ര മരുന്നു് അര മണിക്കൂർ ഇട യിട്ടു കുടിക്കുന്നതു് ഉത്തമം അത്രേ

ഉള്ളംകാലിലുണ്ടാകുന്ന രോഗങ്ങൾക്കു് (തഴമ്പുരോഗം) ഈ മരുന്നു് പഞ്ഞിയുടെ ജണ്ടിൽമുക്കി പുരട്ടുക. അതിനുശേഷം ആവിയടിക്കുക കുറച്ചു ദിവസംകൊണ്ടു് അസുഖം തീർത്തുമാറുന്നു.

കഫം ഇളകുന്നതിനു് മൂന്നുപ്രാവശ്യം രണ്ടുതുള്ളി മരുന്നു് തുളസിയിലനീററിൽ $\frac{1}{2}$ തോല തേൻചേർത്തു് കുടിക്കുന്നതു് ഉത്തമമാകുന്നു.

കഫം ഇളകിപ്പോകാത്ത ശ്വാസരോഗങ്ങളിൽ ഒരു തോല കിരാസിൻ എണ്ണയിൽ 3 തുള്ളി മരുന്നുചേർത്തു് കുടിക്കുന്നതുകൊണ്ടു് കുറച്ചു നാൾക്കകം രോഗം ശമിച്ചു് ശ്വാസം നേരെയാകുന്നു. പത്ഥ്യം പാലിക്കേണ്ടതു് അത്യാവശ്യമാണു്.

രക്തസ്രാവത്തിനു് ആടലോടകത്തിലയോ മാതളനാരകത്തിലയോ പിഴിഞ്ഞു എടുത്ത നീരിൽ ഒരു തോലയെടുത്തു് അതിൽ 4 തുള്ളി സർപ്പമൃത്യു ചേർത്തു് കുടിക്കുന്നതുകൊണ്ടു് രക്തസ്രാവം മാറുന്നു.

കുട്ടികളുടെ ഉദരം, കൃമി, യകൃത്തു് മുതലായവയെ സംബന്ധിച്ച രോഗങ്ങൾക്കും അരുചി, ദഹനമില്ലായ്മ സാധാരണ അതിസാരം, അസ്ഥിയുടെ ബലക്കുറവു് മുതലായവയ്ക്കും ഒരുതുള്ളി മരുന്നു് $\frac{1}{2}$ തോല ചുണ്ണാമ്പുവെള്ളത്തിൽ ചേർത്തു് കുടിക്കുന്നതു് ഉപകാരപ്രദമാണു്. കുട്ടി തടിച്ചുവളരുകയും ചെയ്യുന്നു.

ഒരുതോല വെളിച്ചെണ്ണയിൽ ഉദ്ദേശം 10 തുള്ളി സർപ്പമൃത്യുചേർത്തു ദിവസം പല പ്രാവശ്യം പുരട്ടുന്നതുകൊണ്ടു് തീപ്പൊള്ളൽ കരിഞ്ഞു് സുഖമാകുന്നു. പൊള്ളലിന്റെ അടയാളം ഇല്ലാതാകുന്നു.

ചുണങ്ങു്, ചിരങ്ങു് മുതലായ ചർമ്മരോഗങ്ങൾക്കു് മരുന്നിനു് തുല്യമായി വെളിച്ചെണ്ണയും അത്രയും ചൂടാക്കിയ പൊൻകാരവും പൊടിച്ചുചേർത്തു് പുരട്ടുക നിശ്ചയമായും ചർമ്മരോഗം ശമിക്കുന്നു.

പകരുന്ന വില്ലൻചുമ (നിലങ്കാരിച്ചുമ) മാറുന്നതിന് രണ്ടുതുള്ളി മരുന്നിൽ കുറച്ച് (ഒരു കുന്നി) ഇന്തുപ്പും ¼ തോല തേനുംകൂടി ചേർത്ത് ഉപയോഗിക്കുക.

അജീർണ്ണത്തിന് 4 തുള്ളി മരുന്നിൽ കുറച്ച് പഞ്ചസാരചേർത്ത് ഉപയോഗിക്കുക.

കുറയെ (ഈരു് പേൻ) കൊല്ലുവാൻ ഒരുഭാഗം മരുന്നിൽ അതിൽ ആറിരട്ടി കടുകെണ്ണചേർത്ത് (തലയിൽ) പുരട്ടുക.

സർപ്പമൃത്യു എന്ന ഔഷധം വഴിയായി ഏതെങ്കിലും രോഗത്തിന് ശാന്തി കിട്ടണമെങ്കിൽ ശരീരാവയവങ്ങളിൽ എണ്ണയും മരുന്നും പുരട്ടുക. രോഗമില്ലാത്ത അവയവങ്ങളിൽ പുരട്ടുകയോ പുരട്ടാതിരിക്കുകയോ ചെയ്യാം. ഭക്ഷണപദാൎത്ഥങ്ങളായ റൊട്ടി, പഞ്ചസാര, മധുരപലഹാരങ്ങൾ മുതലായവയിലും മരുന്നുചേർത്ത് കഴിക്കാം. പുരട്ടുവാൻ എണ്ണയിൽചേർത്തും കഴിക്കുവാൻ ഏതെങ്കിലും ഭക്ഷ്യപദാൎത്ഥത്തിൽ ചേർത്തും ഉപയോഗിക്കാം.

എന്നാൽ മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് ഇവ കലർപ്പില്ലാതെതന്നെ ഉപയോഗിക്കാം. ഈ മരുന്ന് വളരെ ശക്തിയുള്ളതാണ് എന്ന് ഓർമ്മയിലിരിക്കട്ടെ. ഇതിന് ആവശ്യാനുസരണം വെള്ളം, കൽചുണ്ണാമ്പ്, മണ്ണ് മുതലായവയിൽ ചേർത്ത് ശക്തികുറച്ച് ഉപയോഗിക്കണം. വിഴുങ്ങുന്ന മരുന്ന് ഏതെങ്കിലും ഭക്ഷ്യപദാൎത്ഥത്തിൽ പൊതിഞ്ഞ് ഉപയോഗിക്കണം. മരുന്നു പുരട്ടുവാൻ ഉപയോഗിക്കുന്ന പഞ്ഞി തുണി മുതലായവ ശുഭ്രവും, വെള്ളം എണ്ണ മുതലായവ അരിച്ചു വൃത്തിയാക്കിയതും ആയിരിക്കണം. രോഗങ്ങൾക്ക് ഈ മരുന്നുപയോഗിക്കുമ്പോൾ ആദ്യം കുറഞ്ഞ മാത്രകൾ ഉപയോഗിക്കുകയും പിന്നീട് മാത്രകൾ വർദ്ധിപ്പിക്കുകയും ചെയ്യുക (ക്രമമായി വർദ്ധിപ്പിക്കണം). കുപ്പികൾ തുറക്കുമ്പോൾ കുട്ടികൾ സ്പർശിക്കാനിട വരരുത്. സ്പർശിക്കാനിടയായാൽ ഉടനെ എണ്ണപുരട്ടുക. മരുന്ന് സ്പർശി

ക്കാനിടയാകുന്നവർ നല്ലതുപോലെ കൈ കഴുകി വൃത്തിയാക്കണം. മരുന്നെടുക്കുമ്പോഠം ആദ്യമായി കൈകഠം ചൂടുവെള്ളത്തിൽ കഴുകിയിരിക്കണം. പകരുന്ന രോഗങ്ങഠംക്കു് മരുന്നു് പുരട്ടുകയോ ഉപയോഗിക്കുകയോ ചെയ്തശേഷം ഉടനേതന്നെ തൻെറ കൈകഠം ചൂടുവെള്ളത്തിൽ വൃത്തിയായി കഴുകുക. സർപ്പമൃത്യു കഴിക്കുന്നവർ പുളി, എണ്ണ, ശർക്കര, മുളകു് മുതലായവകഠംക്കു് പത്ഥ്യം പാലിക്കണം. ഇതിനു ആവശ്യാനുസരണം ഒരു വൈദ്യൻെറ അഭിപ്രായം ആരായുന്നതു് ഉത്തമമാണു്.

## കൊടിഞ്ഞിക്കു്

ഏതുവശത്തു് കൊടിഞ്ഞ ഉണ്ടാകുന്നുവോ ആ വശം നെററിയിൽ കൊടിവേലിക്കിഴങ്ങിൻെറ തൊലി ചുരണ്ടിയെടുത്തു് പച്ചവെള്ളത്തിൽ അരച്ചു് ടി സ്ഥാനത്തു പുരട്ടി കുമളച്ചതിനുശേഷം തലവേദന (കൊടിഞ്ഞ) മാറിയാൽ ഉടൻ തുടച്ചു് തുവരെത്തുവരെ പച്ചവെളിച്ചെണ്ണ പുരട്ടാം. ഇതു് സൂര്യൻ ഉദിക്കുന്നതിനുമുമ്പു് ചെയ്യണം. ഒരു ദിവസം ചെയ്താൽ മതി. ഏഴു ദിവസത്തേക്കു് തണുത്ത പദാത്ഥങ്ങഠം, തലനനച്ചുകുളി, ശരീരപത്ഥ്യം, രാത്രി ഉറക്കൊഴിവു് ഇവ വജ്ജിക്കണം.

## ചെന്നിക്കുത്തു് (സൂര്യാവത്തം)

### (കൊടിഞ്ഞ) വിട്ടുമാറുന്നതിനു്

അല്ല (വേനപ്പച്ച) യുടെ ഇല തിരുമ്മി മുലപ്പാലും കൂട്ടി യോജിപ്പിച്ചു് പ്രായാനുസരണം മൂന്നുതുള്ളി വീതമോ ആറുതുള്ളി വീതമോ അതിരാവിലെ കണ്ണിൽ പിഴിയുക. മൂന്നു ദിവസം.

മരുന്നു കണ്ണിലൊഴുക്കിയാൽ കലശലായ നീററം ഉണ്ടാകുന്നെങ്കിൽ ചെന്നികുത്തല്ല. മററു ചികിത്സ ചെയ്യണം.

## പരുവിനു്

അര ഔൺസ് മഹാതിക്തകകഷായവും, ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളവും കൂട്ടിച്ചേർത്തു് അതിൽ ഒരു കൈശോരഗുൽഗുലുവടകം അരച്ചുചേർത്തു ദിവസം രണ്ടു നേരം സേവിക്കുക. ഗോപാത്മരാദി കേരം തോരെത്തോരെ പുരട്ടുക. പഴപ്പും മററും പോന്നുകഴിഞ്ഞു് ജാത്യാദി ഘൃതമോ രസോത്തമാദി തൈലമോ തോരെത്തോരെ പുരട്ടുക. മഹാതിക്തകഘൃതം ഒരു ടീസ്പൂൺ ദിവസം രണ്ടുനേരംവീതം മൂന്നുദിവസത്തേയ്ക്കു് സേവിക്കുക. ഒരു മണിക്കൂർ കഴിഞ്ഞേ മററു ജലാംശം കഴിക്കാവൂ.

## പുറത്തുണ്ടാകുന്ന പരുവിനു്

മർമ്മാദി ഗുളിക തേനിൽ അരച്ചിടുക. മേൽപ്പടി കുറവില്ലെങ്കിൽ ഒരു കടുക്കാ നടുവേമുറിച്ചു് അതിൻെറ കുരുകളഞ്ഞു് ഒരു മുറിയിൽ എള്ളുനിറച്ചും മറേറ മുറിയിൽ ചന്ദനം അരച്ചതുംകൂട്ടി അമൃതിലകൊണ്ടു് പൊതിഞ്ഞു് കറുകവള്ളികൊണ്ടു് കെട്ടി പാലിൽ പുഴുങ്ങി അരച്ചു് വെണ്ണനെയ്യുംചേർത്തു് പൊട്ടുന്നതിനു് ഇടുക.

കുരു പൊട്ടിക്കഴിഞ്ഞാൽ ഉണങ്ങുന്നതിനു് ഉരുക്കു നെയ്യു് ചേർത്തു് ഇടുക.

## ഗ്യാസ്ട്രബിൾ

ദശമൂലബലാരിഷ്ടത്തിൽ ഒരു ധാന്വന്തരം ഗുളിക ചേർത്തു് ദിവസം രണ്ടുനേരം സേവിക്കുക. അഗസ്ത്യ രസായനം (കസ്തൂരിചേർന്നതു്) ഒരു ടീസ്പൂൺവീതം ദിവസം രണ്ടുനേരം അതിരാവിലെയും വൈകിട്ടു് കിടക്കാൻസമയത്തും സേവിക്കുക.

## മാസമുറ

12, 15, 18 വയസ്സുള്ള പെൺകുട്ടികൾക്ക് മാസമുറ 12–ം, 16–ം, 17–ം ദിവസത്തേയ്ക്കു് നീണ്ടുനില്ക്കുന്നവക്ക്

മരുന്നു്: ദശമൂല, അശോകാരിഷ്ടം ഇവ സമം കൂട്ടി ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക.

ദശമൂലഹരീതകി ദിവസം 2 നേരം സേവിക്കുക.

ക്രമത്തിന്നുള്ള മരുന്നു് മുകളിൽ ഉള്ളതു്. മാസമുറ തുടങ്ങുന്നതിനു് 3 ദിവസംമുമ്പു് ഈ മരുന്നു് സേവിക്കാൻ തുടങ്ങണം. അതു തീർന്നുകഴിഞ്ഞിട്ടു 3 ദിവസംകൂടി കഴിച്ചിരിക്കണം. അപ്പോൾ പിന്നെ ക്രമത്തിനു വന്നു തുടങ്ങും.

പത്ഥ്യം: മത്സ്യം, മാംസം, കിഴങ്ങുവർഗ്ഗം, കഠിനാദ്ധ്വാനം ഇവ പാടില്ല (മരുന്നു സേവിക്കുന്ന ദിവസങ്ങളിൽ മാത്രം).

○

# അരിഷ്ടാസവങ്ങൾ കൂട്ടി യോജിപ്പിച്ചതു്

## 1. അഭയാരിഷ്ടം

മലബന്ധം, മൂത്രബന്ധം, കാമില, കൃമി, ജ്വരം ഇവയ്ക്കു് അഭയാരിഷ്ടവും ത്രിഫലാരിഷ്ടവും അര ഔൺസ്വീതം കൂട്ടിച്ചേർത്തു് അതിൽ ഒരു ധാന്വന്തരം ഗുളിക ചേർത്തു് ദിവസം രണ്ടുനേരം സേവിക്കുക. ഗന്ധീര രസായനം ഒരു ടീസ്പൂൺവീതം അതിരാവിലെയും വൈകിട്ടു് കിടക്കാൻസമയത്തും സേവിക്കുക. അവിപത്തിലേഹ്യം ഒരു ടീസ്പൂൺവീതം ദിവസം ഒരുനേരം സേവിക്കുക.

## 2. അമൃതാരിഷ്ടം

സകല ജ്വരങ്ങൾക്കും ചുമയ്ക്കും അമൃതാരിഷ്ടവും പർപ്പടാരിഷ്ടവും ഒരേയളവിൽ കൂട്ടിച്ചേർത്തു് അതിൽ ഒരു സൂര്യപ്രഭാവടി ഗുളിക അരച്ചുചേർത്തു് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. അഗസ്ത്യരസായനം ഒരു ടീസ്പൂൺവീതം അതിരാവിലെയും വൈകിട്ടു് കിടക്കാൻ സമയത്തും സേവിക്കുക. ശരീരക്ഷീണവും ചുമയും തീർത്തു മാറുന്നില്ലെങ്കിൽ ച്യവനപ്രാശലേഹ്യം ഒരു ടേബിൾസ്പൂൺവീതം ദിവസം രണ്ടുനേരം സേവിക്കുക.

## 3. അശോകാരിഷ്ടം

ജ്വരം, രക്തപിത്തം, അർശ്ശസ്സ്, അഗ്നിമാന്ദ്യം, അരുചി, പ്രമേഹം, നീരു് ഇവയ്ക്കു് അശോകാരിഷ്ടവും വാശാരിഷ്ടവും കൂട്ടിച്ചേർത്തു ദിവസം രണ്ടുനേരം

സേവിക്കുക. കുടജാവലേഹ്യം ഒരു ടേബിറ്റംസ്പൂൺ വീതം കാലത്തും വൈകിട്ട കിടക്കാൻസമയത്തും സേവിക്കുക.

## 4. അശ്വഗന്ധാരിഷ്ടം

മോഹാലസ്യം, അപസ്മാരം, ശോഷം, ഭ്രാന്ത്. അർശ്ശസ്സ്, വാതരോഗം ഇവയ്ക്കു് അശ്വഗന്ധാരിഷ്ടവും ലോഹാസവവും കൂട്ടിച്ചേർത്ത് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. ബലാരിഷ്ടം ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. അരത്തുടം കല്യാണഘൃതം ചെറുതായി ചൂടാക്കി അതിരാവിലെയും കാൽതുടം നെയ്യു് ചൂടാക്കി വൈകിട്ടു് കിടക്കാൻസമയത്തും സേവിക്കുക. ഒരുതുടം ബ്രഹ്മിനീരിൽ മാനസമിത്രം ഗുളികചേർത്തു് കാലത്തു് പത്തുമണിക്കും വൈകുന്നേരം അഞ്ചുമണിക്കും സേവിക്കുക. മഹാലാക്ഷാദി എണ്ണ തേച്ച് അരമണിക്കൂർ കഴിഞ്ഞശേഷം ശരീരം തണുക്കെ പച്ചവെള്ളത്തിൽ കുളിക്കുക.

## 5. കുടജാരിഷ്ടം

ജ്വരങ്ങൾ, ഗ്രഹണി, രക്താതിസാരം മുതലായവക്കു് കുടജാരിഷ്ടവും മുസ്താരിഷ്ടവും ഒരൗൺസു കൂട്ടിചേർത്തു് അതിൽ ഒരു വിഷമജ്വരാന്തകം ഗുളിക അരച്ചു ചേർത്തു് ദിവസം രണ്ടുനേരംവീതം സേവിക്കുക. ഒരൗൺസു് ദശമൂലാരിഷ്ടത്തിൽ ഒരു ധാന്വന്തരംഗുളിക ചേർത്തു് ദിവസം രണ്ടുനേരംവീതം സേവിക്കുക.

## 6. ഖദിരാരിഷ്ടം

കുഷ്ടം, പാണ്ഡു്, അർബ്ബുദം, ഗുന്മം, മുഴ, കൃമി, ചുമ, പ്ലീഹം, വിയർപ്പ്, ഹൃദ്രോഗം മുതലായവക്കു് ഖദിരാരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്തു് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. അര ഔൺ

സു ഗ്ഗുൽഗുലുതിക്തകകഷായത്തിൽ ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളംചേർത്ത് അതിൽ കൈശോരഗ്ഗുൽഗുലുവടകം അരച്ചുചേർത്ത് ദിവസം രണ്ടുനേരം സേവിക്കുക. ദിവസം രണ്ടുനേരംവീതം ഒരു ടീസ്പൂൺ ഗ്ഗുൽഗുലുതിക്തകഘൃതവും സേവിക്കണം.

## 7. ഗണ്ഡീരാരിഷ്ടം

നീരു്, ഭഗന്ദരം, അർശ്ശസ്സ്, കൃമി, കുഷ്ടം, പ്രമേഹം, ശരീരശോഷം, വാതം, ഇക്കിളം മുതലായവക്കു് കുമാര്യാസവവും ഗണ്ഡീരാരിഷ്ടവും കൂട്ടിച്ചേർത്ത് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. കുശ്മാണ്ഡരസായനം ഒരു ടീസ്പൂൺവീതം ദിവസം രണ്ടുനേരം സേവിക്കുക. ദിവസം രണ്ടുനേരം ഒരു ടീസ്പൂൺ വീതം ധാന്വന്തരഘൃതവും സേവിക്കണം.

## 8. ജീരകാരിഷ്ടം

ഗ്രഹണി, അതിസാരം, അരുചി, വായുമുട്ടൽ, ചുമ, ഗുന്മം, ഭഗന്ദരം, വാതരോഗം, ക്ഷയം, ഛർദ്ദി, പാണ്ഡു്, കാമില, കുഷ്ഠം, അർശ്ശസ്സ് മുതലായവയ്ക്കു് ജീരകാരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്തു ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. അതിരാവിലെയും വൈകിട്ടു് കിടക്കാൻസമയത്തും ഒരു ടേബിൾസ്പൂൺവീതം വിദാര്യാദിഘൃതവും സേവിക്കണം.

## 9. ത്രൃഫലാരിഷ്ടം

ഹൃദ്രോഗം, തലകറക്കം, പ്രമേഹം, അരുചി, ഗുന്മം, ഭഗന്ദരം, അർശ്ശസ്സ്, പാണ്ഡു്, പ്ലീഹം, മഹോദരം, ചുമ, വായുമുട്ടൽ മുതലായവക്കു് ത്രൃഫലാരിഷ്ടവും കുശ്മാണ്ഡരസായനവും ഒരേയളവിൽ കൂട്ടിച്ചേർത്ത് ദിവസം രണ്ടുനേരം സേവിക്കുക. അതിരാവിലെയും വൈകിട്ടു് കിടക്കാൻസമയത്തും സുകുമാരരസായനം സേവിക്കണം. മരുന്നു സേവിച്ചു ഒരു മണിക്കൂർ കഴിഞ്ഞശേഷമെ ജലാംശം കഴിക്കാവൂ.

## 10. ദന്ത്യാരിഷ്ടം

അഭയാരിഷ്ടത്തിൻെറ ഗുണംതന്നെയാണ് ദന്ത്യാരിഷ്ടത്തിനുമുള്ളതു്.

## 11. ദശമൂലാരിഷ്ടം

ഗ്രഹണി, അരുചി, വായുമുട്ടൽ, ചുമ, ഗുന്മം, ഭഗന്ദരം, വാതം, ക്ഷയം, ഛർദ്ദി, പാണ്ഡു്, കാമില, കുഷ്ഠം, അർശ്ശസ്സ്, പ്രമേഹം, അഗ്നിമാന്ദ്യം, മഹോദരം, ആസ്മരി മുതലായവക്കു് ദശമൂലാരിഷ്ടവും ബലാരിഷ്ടവും കൂട്ടിച്ചേർത്തു് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. ഒരൗൺസ് തിളപ്പിച്ചാറിയ വെള്ളത്തിൽ അര ഔൺസ് ധാനപന്തരം കഷായം ചേത്തു് അതിൽ ഒരു ധാനപന്തരം ഗുളിക അരച്ചുചേത്തു് ദിവസം രണ്ടുനേരം സേവിക്കുക.

## 12. ദ്രാലഭാരിഷ്ടം

ഗ്രഹണി, അർശ്ശസ്സ്, കുഷ്ഠം, വിസർപ്പം, പ്രമേഹം, രക്തപിത്തം, കഫം മുതലായവക്കു് ദ്രാലഭാരിഷ്ടവും വാശാരിഷ്ടവും കൂട്ടിച്ചേർത്തു് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. ദിവസം രണ്ടുനേരം വീതം ഒരൗൺസു് ദ്രാക്ഷാലോഹാസവവും സേവിക്കണം.

## 13. ദേവദാർവ്വാരിഷ്ടം

വാതം, ഗ്രഹണി, അർശ്ശസ്സ്, മൂത്രക്ലിഷ്ടം, അസാദ്ധ്യമായ പ്രമേഹം ഇവകൾക്കു് ദേവദാർവ്വാരിഷ്ടവും ബലാരിഷ്ടവും കൂട്ടിച്ചേർത്തു് ദിവസം രണ്ടുനേരം വീതം സേവിക്കുക. ഒരു ടേബിൾസ്പൂൺവീതം ശതാവര്യാദി ലേഹ്യവും ദിവസം രണ്ടുനേരം സേവിക്കണം. റൊട്ടി, ഗോതമ്പുപലഹാരം, ജീരകം, പാലു്, ബലാരിഷ്ടം ഇവയും കഴിക്കുക.

## 14. ദ്രാക്ഷാരിഷ്ടം

ഉരക്ഷതം, ക്ഷയം, ചുമ, വായുമുട്ടൽ, കണ്ഠരോഗം, ഇവക്കു് ദ്രാക്ഷാരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്തു് ഒരൗൺസുവീതമെടുത്തു് അതിൽ ഒരു ധാന്വന്തരം ഗുളിക അരച്ചുചേർത്തു് ദിവസം രണ്ടുനേരം സേവിക്കുക. അതിരാവിലെയും വൈകിട്ടു് കിടക്കാൻസമയത്തും ഒരു ടേബിൾസ്പൂൺ ചവ്യനപ്രാശലേഹ്യവും സേവിക്കണം.

## 15. ധാത്ര്യാരിഷ്ടം

കാമില (മഞ്ഞപ്പിത്തം), ഹൃദ്രോഗം, രക്തവാതം, മഹാജ്വരം, ചുമ, ഇക്കിൾ, അരുചി, പാണ്ഡു് ഇവക്കു് ധാത്ര്യാരിഷ്ടവും പർപ്പടാരിഷ്ടവും കൂട്ടിച്ചേർത്തു് അതിൽ ഒരു കസ്തൂരിയാദി ഗുളിക അരച്ചുചേർത്തു ദിവസം രണ്ടുനേരംവീതം സേവിക്കുക. ഒരു ടേബിൾ സ്പൂൺ കല്യാണക്ഷാരം നെയ്യും തേനും ചേർത്തു സേവിക്കുക. ദിവസം ഒരു നേരംമാത്രം മതിയാകുന്നതാണു്. രാവിലെ ആഹാരത്തിനുമുമ്പും വൈകിട്ടു് അത്താഴം കഴിഞ്ഞും ഒരു ടേബിൾസ്പൂൺവീതം അഗസ്ത്യരസായന (കസ്തൂരി ചേർന്നതു്) വും സേവിക്കണം.

## 16. പർപ്പടാദ്യാരിഷ്ടം

ഗുന്മം, മഹോദരം, കാമില, ഹലീമകം, പ്ലീഹം, നീരു്, വിഷമജ്വരം, ഇടിത്തീ പററിയാലുള്ള അസുഖങ്ങൾ മുതലായവക്കു് പർപ്പടാദ്യാരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്തു ഒരൗൺസുവീതം ദിവസം 2 നേരം സേവിക്കുക. കാലത്തും വൈകിട്ടും ഒരു ടീസ്പൂൺവീതം അവിപത്തിലേഹ്യവും സേവിക്കണം.

## 17. ബലാരിഷ്ടം

എല്ലാവിധ വാതങ്ങളെയുമകററി ഉന്മേഷവും ആരോഗ്യവും പ്രദാനംചെയ്യുന്ന ഒന്നാണു് ബലാരിഷ്ടം. ബ

ലം, ശരീരപുഷ്ടി, ജഡരാഗ്നി ഇവ ഉണ്ടാകുന്നതിനു് ബലാരിഷ്ടവും കുമാര്യാസവവും കൂട്ടിച്ചേർത്തു് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. ദിവസം മൂന്നുനേരംവീതം ഒരു ടീസ്പൂൺ ദശമൂലഹരീതകിയും സേവിക്കണം.

## 18. മുസ്തകാരിഷ്ടം

അജീർണ്ണം, അഗ്നിമാന്ദ്യം, ഗ്രഹണി, അതിസാരം, അതികഠിനമായ വിഷൂചിക മുതലായവക്കു് മുസ്തകാരിഷ്ടവും ദശമൂലാരിഷ്ടവും ചേർത്തു് ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കുക. കാത്സ്യാടോണിക്കു് ഒരൗൺസുവീതമെടുത്തു് അതിൽ ഒരു വെട്ടുമാറൻ ഗുളികയും ചേർത്തു ദിവസം രണ്ടുനേരം സേവിക്കുക. അതിരാവിലെയും വൈകിട്ടു് കിടക്കാൻ സമയത്തും അമൃതപ്രാശലേഹ്യം ഒരു ടേബിൾസ്പൂൺവീതം സേവിക്കണം

## 19. വാശാരിഷ്ടം

ചുമ, വായുമുട്ടൽ, രക്തപിത്തം, കണ്ഠരോഗം, ഉരക്ഷതം ഇവക്കു് വാശാരിഷ്ടവും ദ്രാക്ഷാരിഷ്ടവും ഒരേയളവിൽ കൂട്ടിച്ചേർത്തു ദിവസം രണ്ടുനേരംവീതം സേവിക്കുക. ദശമൂലാരിഷ്ടം ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കണം. രാവിലെയും വൈകിട്ടു് കിടക്കാൻ സമയത്തും ഒരു ടീസ്പൂൺവീതം തിക്തകത്രയഘൃതവും സേവിക്കണം.

## 20. ശിരിഷാരിഷ്ടം

ശിരിഷാരിഷ്ടം അർശ്ശസ്സിനു വളരെ നല്ലതാണു്. സകലവിഷ ഉപദ്രവങ്ങളെയും നീക്കംചെയ്യുന്ന ഒന്നാണു് ശിരിഷാരിഷ്ടം.

## 21. സാരസ്വതാരിഷ്ടം

മനസ്സുഖം, ശരീരപുഷ്ടി, വാക്ശുദ്ധി, ഓമ്മശക്തി, ധൈര്യം ഇവയുണ്ടാകാൻ ദശമൂലാരിഷ്ടവും സാരസ്വതാരിഷ്ടവും കൂട്ടിച്ചേർത്ത് ദിവസം രണ്ടുനേരംവീതം സേവിക്കുക.

## 22. ലോഹാസവം

പിത്താധിക്യം, കണ്ണും തലയും കറങ്ങുക, ശരീരവളർച്ച, വിശപ്പുകുറവ്, രക്തക്കുറവ് ഇവക്ക് ഒരൗൺസു ദ്രാക്ഷലോഹാസവത്തിൽ ഒരു ധാന്വന്തരം ഗുളികചേർത്ത് ദിവസം രണ്ടുനേരംവീതം സേവിക്കുക. ദിവസം രണ്ടു നേരംവീതം ഒരൗൺസ് വാജീകരണസുധയും സേവിക്കണം.

## 23. വിജയാരിഷ്ടം

വയററിൽവേദന, അതിസാരം, ഗ്രഹണി, ഛർദ്ദി ഇവകൾക്ക് വിജയാരിഷ്ടം, കൈകണ്ട മരുന്നാണ്. വിജയാരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്താണ് സേവിക്കേണ്ടത്. ദഹനം, രുചി ഇവയ്ക്കും വിജയാരിഷ്ടം വളരെ നല്ലതാണ്.

## 24. കർപ്പൂരാസവം

വിഷൂചികയ്ക്ക് ശ്രേഷ്ഠമായ ഔഷധമാണിത്. ഗ്രഹണി, അതിസാരം, ദഹനക്ഷയം ഇവക്കും കർപ്പൂരാസവം വളരെ നല്ലതാണ്. കർപ്പൂരാസവത്തോട് അമൃതാരിഷ്ടവും ചേർത്തുപയോഗിക്കാവുന്നതാണ്.

## 25. ഭൃംഗരാജാസവം

ക്ഷയം, കാസം, ചുമ, വായുമുട്ടൽ ഇവയ്ക്ക് ഭൃംഗരാജാസവവും പുഷ്ക്കരമൂലാസവവും കൂട്ടിച്ചേർത്ത ദിവ

സം രണ്ടുനേരംവീതം സേവിക്കുക. പത്ഥ്യവും ആചരിക്കണം. ദിവസം രണ്ടുനേരംവീതം ഒരൗൺസ് കാത്സ്യാടോണിക്കും സേവിക്കണം.

## 26. വാജീകരണസുധ

ശരീരശോഷം, കാമില ഇവയ്ക്കു് വാജീകരണസുധ ഒരൗൺസുവീതം ദിവസം രണ്ടുനേരം സേവിക്കണം. ശരീരപുഷ്ടിക്കും ബലവർദ്ധനയ്ക്കും വാജീകരണസുധ വളരെ നല്ലതാണു്. പാലു്ധാരാളമായി കഴിക്കുന്നതുംനന്നു്.

## വിവിധ സുഖക്കേടുകൾക്കുപയോഗിക്കേണ്ട ആസവാരിഷ്ടങ്ങൾ

1. തലകറക്കവും ക്ഷീണവും കൂടുതലുള്ളപ്പോൾ ദശമൂലാരിഷ്ടവും ബലാരിഷ്ടവും കൂട്ടിച്ചേർത്തതു് ഒരൗൺസെടുത്തു അതിൽ ഒരു ധാന്വന്തരംഗുളിക അരച്ചുചേർത്തു ദിവസം രണ്ടുനേരംവീതം സേവിക്കുക.

2 ഛർദ്ദി, ഒഴിച്ചിൽ, നോവു് ഇവ ഉണ്ടാകുമ്പോൾ ഒരു വെട്ടുമാറൻഗുളിക ഊറൽ കളഞ്ഞെടുത്ത ഇഞ്ചിനീരിൽ അരച്ചു ദിവസം മൂന്നുനേരംവീതം സേവിക്കുക. (ഒരു പ്രാവശ്യത്തെ ഉപയോഗത്തിനു് ഒരൗൺസു് ഇഞ്ചിനീരുണ്ടായിരിക്കണം). മുസ്താരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്തതു ഒരൗൺസെടുത്തു അതിൽ ഒരു ധാന്വന്തരം ഗുളികചേർത്തു ദിവസം രണ്ടുനേരംവീതം സേവിക്കുക.

3. ദഹനക്കുറവു്, ഛർദ്ദിക്കാൻ തോന്നുക, വയർ കമ്പിക്കുക ഇവയ്ക്കു് ദശമൂലാരിഷ്ടവും അഭയാരിഷ്ടവും കൂട്ടിച്ചേർത്തതു് ഒരൗൺസെടുത്തു അതിൽ ഒരു ധാന്വന്തരംഗുളിക അരച്ചുചേർത്തു് ദിവസം രണ്ടുനേരംവീതം സേവിക്കുക. കപ്പ, ചക്ക, ചേന, ചേമ്പു്, ഏത്തപ്പഴം, മത്സ്യം,

മാംസം ഇവ കഴിക്കരുതു്. കൂടുതൽ വെള്ളം ചേർത്തു കാച്ചിയ പാലും, റൊട്ടിയും പൊടിയരിക്കഞ്ഞിയും വിശപ്പുണ്ടായാലുടനെ കഴിക്കാവുന്നതാണു്.

4. സ്ത്രീകാംക്കു രക്തസ്രാവത്തിന്നു്: അശോകാരിഷ്ടവും ദശമൂലാരിഷ്ടവും ഒരേയളവിൽ കൂട്ടിച്ചേർത്തതും ഒരൗൺസുവീതം കാലത്തും വൈകിട്ടും സേവിക്കുക. കുടജാവലേഹ്യം ഒരു ടേബിറസ്പൂൺവീതം അതിരാവിലെയും വൈകിട്ടു് കിടക്കാൻസമയത്തും സേവിക്കണം.

5. വയറുകടിക്കു്: ദശമൂലാരിഷ്ടവും കുടജാരിഷ്ടവും കൂട്ടിച്ചേർത്തെടുത്തു് അതിൽ ഒരു ധാന്വന്തരംഗുളിക അരച്ചുചേർത്തു ദിവസം മൂന്നുനേരംവീതം സേവിക്കുക. ചൗവ്വരിയും പാലും കാച്ചികുടിക്കുക. മൊരിച്ച റൊട്ടി കഴിക്കാം. മററാഹാരങ്ങളൊന്നും കഴിക്കരുതു്.

6. വയററിൽ വേദന, പനി, ക്ഷീണം, തളർച്ച ഇവക്കു് മുസ്താരിഷ്ടവും അമൃതാരിഷ്ടവും ഒരേയളവിൽ കൂട്ടിച്ചേർത്തതു് ഒരൗൺസെടുത്തു് അതിൽ ഒരു സൂര്യപ്രഭാവടി ഗുളിക അരച്ചുചേർത്തു ദിവസം രണ്ടുനേരംവീതം സേവിക്കണം. ക്ഷീണവും തളർച്ചയും വിട്ടുമാറുന്നില്ലെങ്കിൽ ബലാരിഷ്ടവും ദശമൂലാരിഷ്ടവും ഒരേയളവിൽ കൂട്ടിച്ചേർത്തു അതിൽ ഒരു ധാന്വന്തരം ഗുളിക അരച്ചുചേർത്തു സേവിക്കുക. അതിരാവിലെയും വൈകിട്ടു് അത്താഴം കഴിഞ്ഞും അഗസ്ത്യരസായനം ഒരു ടീസ്പൂൺവീതം സേവിക്കണം.

7. നീർവീഴ്ച, ചുമ, പനി, മൂക്കുവരാച്ച മുതലായവക്കു അമൃതാരിഷ്ടവും ചന്ദനാസവവും ഒരേയളവിൽ കൂട്ടിച്ചേർത്തു സേവിക്കുക. ഒരു വിഷമജ്വരം ഗുളികയും അരച്ചുചേർത്തു് ദിവസം രണ്ടുനേരം സേവിക്കുക. പനി കൂടുതലാണെങ്കിൽ മരുന്നു മൂന്നുനേരം സേവിക്കണം. വിലാദിലേഹ്യം ഒരു ടീസ്പൂൺവീതം ദിവസം രണ്ടുനേരം സേവിക്കുക.

8. വയററിൽവേദന, ഒഴിച്ചിൽ, ഛർദ്ദി, തലകറക്കം ഇവയ്ക്ക് ദശമൂലാരിഷ്ടവും മുസ്താരിഷ്ടവും കൂട്ടിച്ചേർത്ത് ഒരൗൺസെടുത്ത് ഒരു ധാന്വന്തരംഗുളിക അരച്ചുചേർത്ത് ദിവസം രണ്ടുനേരംവീതം സേവിക്കുക. ഒരൗൺസ് കുടജാരിഷ്ടമെടുത്ത് അതിൽ ഒരു കസ്തൂരാദിഗുളിക അരച്ചുചേർത്ത് ദിവസം രണ്ടുനേരംവീതം സേവിക്കുക.

9. മത്സ്യമാംസങ്ങൾ ഉപയോഗിച്ചതിനുശേഷം വയർ കമ്പിക്കുക, വായിൽകൂടി കിരുകിര വെള്ളം വരുക, വിശപ്പുകുറവ് അനുഭവപ്പെടുക മുതലായവയ്ക്കു ഒരൗൺസു ദശമൂലാരിഷ്ടത്തിൽ ഒരു ധാന്വന്തരംഗുളിക അരച്ചുചേർത്ത് ദിവസം രണ്ടുനേരംവീതം സേവിക്കുക. ഇഞ്ചി ഇടിച്ചുപിഴിഞ്ഞ നീര് ഊറൽ കളഞ്ഞെടുത്ത (ഒരൗൺസ്) അതിൽ ഒരു വെട്ടുമാറൻഗുളിക അരച്ചുചേർത്ത് ദിവസം മൂന്നുനേരംവീതം സേവിക്കുക. നല്ല വിശപ്പുണ്ടായാൽ പൊടിയരിക്കഞ്ഞി ചുട്ട പപ്പടവുംകൂട്ടി കുടിക്കാം.

10. പല്ലുവേദനയ്ക്ക് അരിമേദാദി എണ്ണ തലയിൽ വയ്ക്കുകയും കവിൾകൊള്ളുകയും ചെയ്യുക. നീരുണ്ടെങ്കിൽ കൃഷ്ണാദിഗുളിക തേനിൽ അരച്ചുചാലിച്ച് നീരിനുപുറമെ തോരത്തോരെയിടുക. വേദന കുറയുന്നില്ലെങ്കിൽ ശരപുംഖാദിതൈലം തലയിൽ തേക്കുക.

11. ചങ്കിനു നൊമ്പരമനുഭവപ്പെടുമ്പോൾ ബലാരിഷ്ടവും ദശമൂലാരിഷ്ടവും കൂട്ടിച്ചേർത്ത് ഒരൗൺസുവീതം ദിവസം മൂന്നുനേരം സേവിക്കുക. കലത്തിൽ അരിക്കാടി ഒഴിച്ച് കലത്തിനു വക്കിൽ തുണികെട്ടി അതിൽ ഉപ്പുനീർ ഒഴിച്ചിളക്കിയ തവിടുകൊണ്ടു കിഴികെട്ടിവെച്ച (രണ്ടെണ്ണം) ആവിയിൽ വെന്ത് സഹിക്കാവുന്ന ചൂടിൽ കിഴികുത്തുക. കലം മൂടിവയ്ക്കണം. ദിവസം രണ്ടോ മൂന്നോ നേരം ഇങ്ങനെ കിഴികുത്തുക.

# വെള്ളപ്പദീനം

## വെള്ളപ്പദീനത്തിനുള്ള കഷായങ്ങൾ

1. കാർകോലരി നാലു പലം എടുത്ത് രാത്രി ഗോമൂത്ര ത്തിലിടുകയും പകൽ ഗോമൂത്രത്തിൽനിന്നെടുത്തു വെയി ലിൽ വച്ചുണക്കുകയും പിറേറദിവസം വീണ്ടും പുതിയ ഗോമൂത്രത്തിലിടുകയും വീണ്ടും ഉണക്കുകയും ഇങ്ങനെ ആകെ എട്ടുദിവസം ചെയ്തശേഷം കാർകോലരിയെടു ത്തു തിരുമ്മി ഉമികളഞ്ഞശേഷം ഉണക്കി ശീലപ്പൊടി യാക്കി അതിൽനിന്നു് മുക്കാൽ കഴഞ്ചുവീതം എടുത്തു് മഹാതിക്തകം നെയ്യിൽ ചാലിച്ചു കാലത്തു ഭക്ഷണത്തി നു ഒരു മണിക്കൂർമുമ്പും രാത്രി ഭക്ഷണംകഴിഞ്ഞു് ഒരു മ ണിക്കൂറിനുശേഷവും സേവിക്കുക. വെള്ളപ്പദീനമുള്ളിട ത്തു് ഇതു് നെയ്യിൽ ചാലിച്ചു പുരട്ടുക. വെള്ളപ്പദീനം കഴുത്തിനു താഴെയാണെങ്കിൽ കാർകോലരിയും അരിതാ രവുംകൂടി സമം ഗോമൂത്രത്തിൽ പുഴുങ്ങി അരച്ചു പലവട്ടം പുരട്ടികഴുകുക.

2. ഉങ്ങിൻതൊലി, മുത്തങ്ങ, അമൃതു്, വെള്ളുടമ്പിൻ വേരു്, ആര്യവേപ്പിൻതൊലി, പാടക്കിഴങ്ങു്, അങ്കോ ലത്തിൻവേരു്, താഴുതാമവേരു് ഇവകൾ മൂന്നുകഴഞ്ചുവീ തം രണ്ടേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് രണ്ടുനാഴി യാക്കി ഉരിയെടുത്തു വററിച്ചു ഒന്നരത്തുടമാക്കി ഒരു ടീ സ്പൂൺ അവിപത്തിപ്പൊടി ചേർത്തു് കാലത്തും അര ടീസ്പൂൺ ഗുൽഗുലുതിക്തകം നെയ്യു് ചേർത്തു് വൈകി ട്ടും കഴിക്കുക.

## വെള്ളപ്പദീനത്തിനുള്ള കുഴമ്പു്

കരളകവേരു്, താഴുതാമവേരു്, ചെറുചീരവേരു്, നീലയമരിവേരു്, വാകസമൂലം, ചുക്കു്, കാട്ടുക്കാത്തോ ട്ടു് ഇവ സമം അരിക്കാടിയിൽ അന്നന്നരച്ചു തിളപ്പിച്ചു് ആറുമ്പോൾ ദേഹം മുഴുവൻ പുരട്ടി അരമണിക്കൂർ കഴിയു

മ്പോൾ ഉങ്ങിൻഇലയും കോൽപുളിയിലയും ഇട്ടുവെള്ളം വെന്തു ഉച്ചയ്ക്കു മുമ്പായി കുളിക്കുക. കുളികഴിഞ്ഞു നീലിതൈലം ചൂടാക്കി പുരട്ടി തലോടുക.

പത്ഥ്യങ്ങൾ: മത്സ്യം, മാംസം, കോഴിമുട്ട, എണ്ണക്കുളി, സോപ്പ്, ലഹരി ഇവ പതിനാറു ദിവസത്തേയ്ക്കു പാടില്ല പതിനാറു ദിവസത്തേയ്ക്കു കഷായം കുടിച്ചശേഷം കഷായം നിർത്തി ഗുൽഗുലുതിക്തകം നെയ്യ് അരഔൺസുവീതം അത്താഴശേഷം കിടക്കാൻനേരം സേവിക്കുക. അര ഔൺസ് ഖദിരാരിഷ്ടത്തിൽ ഒരു വില്വാദിഗുളികയുടെ പകുതിവീതം പൊടിച്ചിട്ട് വൈകിട്ടും കാലത്തും കഴിക്കുക.

ആഴ്ചയിൽ മൂന്നുദിവസംവീതം കുഴമ്പിട്ടുകുളിക്കുക. ഒന്നിടവിട്ട ദിവസങ്ങളിൽ ഒരു സ്പൂൺ തൃഫലപ്പൊടി ഗുൽഗുലുതിക്തകം നെയ്യിൽ ചേർത്തു രാത്രി കിടക്കാൻനേരം കഴിക്കുക. പത്ഥ്യങ്ങൾ പഴയതുപോലെ ഇരുപതു ദിവസം കാക്കണം.

## കാലിൽ ഞരമ്പുരുണ്ടുകൂടി പൊട്ടിയാലുള്ളതിനുള്ള കഷായം

1. മഞ്ചട്ടിപ്പൊടി 2. മുത്തങ്ങാക്കിഴങ്ങ് 3. കുടകപ്പാലയരി 4. അമൃത് 5. കൊട്ടം 6. ചുക്ക് 7. ചെറുതേക്ക് 8. പുത്തരിച്ചുണ്ടവേര് 9. വയമ്പ് 10 വേപ്പിൻതോൽ 11. മഞ്ഞൾ 12. മരമഞ്ഞത്തൊലി 13 തൃഫലത്തൊണ്ട് 14 പടവലം 15. കടുകരോഹിണി 16. പെരുംകുരുമ്പവേര് 17. വിഴാലരി 18. വേങ്ങക്കാതൽ 19. കൊടുവേലി ശുദ്ധിചെയ്തത് 20. ശതാവരിക്കിഴങ്ങ് 21. ബ്രഹ്മി 22. തിപ്പലി 23. കുടകപ്പാലവേരിന്മേൽതോൽ 24. കയ്യുന്നി 25. പെരുമരത്തുകൽ 26. പാടക്കിഴങ്ങ് 27. കരിങ്ങാലിക്കാതൽ 28. ചന്ദനം 29. തൃകോൽപ്പക്കൊന്ന 30. നീർമാതളത്തൊലി 31. കണ്ടകാരി 32. കാർകോലരി 33. കൊന്നത്തൊലി

34. മുതക്കിൻ വേരു് 35. ആര്യവേപ്പിൻ തൊലി 36. ഉങ്ങിൻതൊലി 37. അതിവിടയം 38. ഇരുവേലി 39. കാട്ടുവെള്ളരി 40. കൊടിത്തൂവവേരു് 41. നറുനീണ്ടിക്കിഴങ്ങു് 42. പപ്പടകപ്പുല്ലു് ഇവ ഓരോ കഴഞ്ചു വീതം ചതച്ചു് നാലിടങ്ങഴി വെള്ളത്തിൽ വെന്തു് ഒരിടങ്ങഴിയാക്കി അരിച്ചു് കുറുക്കി ആറുതുടമാക്കി അരതുടം വീതം അര ഔൺസു് ആവണക്കെണ്ണയും സ്വല്പം ഇന്തുപ്പും ശക്കരയും ചേർത്തു രാവിലെയും കൈശോര ഗുൽഗുലുവടകം പകുതി വീതം മേമ്പൊടി ചേർത്തു ഉച്ചയ്ക്കും വൈകിട്ടും സേവിക്കുക. ഇരുപത്തിനാലു നേരം കഴിച്ചിട്ടു് കുറയുന്നില്ലെങ്കിൽ പിന്നെയും മരുന്നു തുടരുക.

ചൂടുവെള്ളത്തിൽ പൊട്ടാസിയം പെർമാംഗനറു് ഇട്ടു് കുറെ സമയം കാലിറക്കി വച്ചു് രണ്ടുനാഴികയ്ക്കുശേഷം കഴുകിത്തുടച്ചു് 'Betnovaten ointment' പുരട്ടുക.

## ററോൺസിലിററിസിനു എണ്ണ

മുയൽ ചെവിയൻ നീരു് ഒരിടങ്ങഴി. മുയൽ ചെവിയൻ പറിച്ചു് നല്ലവണ്ണം കഴുകി വെള്ളം തുടാതെ രണ്ടു പ്രാവശ്യം ഇടിച്ചുപിഴിഞ്ഞു് എടുക്കുക. മൂന്നാം പ്രാവശ്യം വെള്ളം തൊട്ടു ഇടിച്ചു പിഴിയണം. ഇടങ്ങഴി നീരിൽ ഒരു പലം മുയൽ ചെവിയൻ പറിച്ചു് അരച്ചു് കൽക്കൻ ആയി ചേർത്തു് രണ്ടു നാഴി എണ്ണയും ചേർത്തു കാച്ചി മണൽ പാകത്തിലാക്കുക. ററോൺസിൽ വീക്കുകയും പനി ഉണ്ടാകുകയും ചെയ്യുമ്പോൾ എണ്ണ തലയിൽ വെക്കുകയും താടിയിൽ പുരട്ടുകയും ചെയ്യുക.

## ദേഹം നന്നാകാനുള്ള മരുന്നുകൾ

1. ചെങ്ങാലി പ്രായമായ ഒരു പിടക്കോഴിയെക്കൊന്നു് തലയും കാലും അകത്തുള്ള ദുഷ്ടം കളഞ്ഞതിനു ശേഷം ജീരകം മൂന്നു കഴഞ്ചും അരികളാറു് ഒരു കഴഞ്ചു വീതവും പൊടിച്ചു ഒരു കോഴിക്കു് ഈ കണക്കിൽചേർത്തു് ഉള്ളിൽ വെച്ചു ഉഴിഞ്ഞ വള്ളികൊണ്ടു കെട്ടി ഉരലിൽ ഇട്ടു ചൂടു നന്നായി പിടിക്കുന്നതുവരെ വേഗം ഇടിക്കണം. ജീര

കപ്പൊടിയും നെയ്യും ചേൎത്തു കുഴച്ച് സമീപം വെച്ച അതിൽ മുക്കി അല്പാല്പമായി സേവിക്കണം. തീരുന്നതുവരെ ഇപ്രകാരം ദിവസവും ഇടിക്കുകയും തിന്നുകയും വേണം. ഇങ്ങനെ തിന്നുന്ന ദിവസം മററാഹാരങ്ങളൊന്നും കഴിക്കരുത്. സ്വസ്ഥമായിട്ടിരിക്കണം. പിറേറദിവസം കുളിച്ച ചോറുണ്ണാം. ആ മാസം ഇപ്രകാരം പത്ഥ്യമായി മരുന്നു കഴിക്കണം. പാൽ, നെയ്യ്, ആട്ടിറച്ചി ഇവ ഉപയോഗിക്കണം. ഇപ്രകാരം സേവിച്ചാൽ ഏതുവിധ ക്ഷീണവും മാറും. ദേഹം തടിക്കുകയും ചെയ്യും. ശരീരപത്ഥ്യംമാത്രം മതി.

2. ചെത്തിപ്പൂവിനകത്തുള്ള നാളം വലിച്ചുകീറിക്കളഞ്ഞു വെയിലത്തുവെച്ചുണക്കി ശീലപ്പൊടിയാക്കി പൊടിക്കു സമം കാറത്തവിട്ട് (പുഴക്കലരിത്തവിട്ട്) ചേൎക്കുക. ഇവക്കു സമം കരിപ്പെട്ടി ആദ്യം ഉരലിലിട്ടിടിച്ചു പൊടിച്ചു പിന്നെ കുറേശ്ശെ പൊടിയും ഇട്ടിടിച്ചു ലേഹ്യമാക്കി വെച്ചുകൊണ്ട് ദഹനംപോലെ സേവിക്കുക. ഒന്നോ രണ്ടോ കഴഞ്ചു സേവിക്കണം.

3. ഇരട്ടിമധുരം നല്ല അമുക്കുരം ഇവ സമം എടുത്തു ചതച്ച് പശുവിൻപാലിൽ വേവിച്ച് ഉണക്കിപൊടിച്ചു സമം പഞ്ചസാരയും ചേൎത്തു മൂന്നു കഴഞ്ചുവീതം രാവിലെയും വൈകുന്നേരവും സേവിക്കുക. പാലിൽചേൎത്തു കഴിക്കുന്നതിന്നു വിരോധമില്ല. ഇപ്രകാരം രണ്ടുമാസം സേവിച്ചാൽ ശരീരം നന്നാകും.

4. സൂപ്പ്. ഒരു ആടിൻെറ കളയേണ്ട ഭാഗങ്ങളെല്ലാം കളഞ്ഞു ചെറുതായി നുറുക്കുക. അതിൽ അരികളാറ് ആറുകഴഞ്ചുവീതവും മുന്തിരിങ്ങാപ്പഴം അഞ്ചുപലവും ദശമൂലം ഓരോന്നും പന്ത്രണ്ടു കഴഞ്ചുവീതവും നന്നായി കഴുകി ഉണക്കിപ്പൊടിച്ച് എല്ലാംകൂടി തിരുമ്മി യോജിപ്പിച്ച് ഒരു വെള്ളഭരണിയിൽ എല്ലാംകൂടി വാരി മുക്കാൽ ഭാഗമാക്കി നിറക്കുക. പാത്രം നിറച്ചാൽ എല്ലാംകൂടി മുക്കാൽഭാഗമെ വരാവൂ. പാത്രത്തിന്ന് ആവശ്യമായ വലിപ്പം വേണമെന്നു സാരം. ഈ ഭരണി നല്ലവണ്ണം അടച്ചുകെട്ടണം. എന്നിട്ട് ഒരു കലത്തിൽ

ഭരണി ഇറക്കി വെയ്ക്കുക. ഭരണി വച്ചിരിക്കുന്ന കലത്തിൽ വെള്ളം ഒഴിച്ച് കലം അടുപ്പിൽവെച്ച് ചൂടാക്കുക. തൊണ്ണൂറു നാഴിക കഴിഞ്ഞു വാങ്ങി ഭരണി എടുത്തു തുറന്നു ചൂടാറിയാൽ പിഴിഞ്ഞരിച്ചെടുക്കുക. സമം നല്ല ബ്രാണ്ടിയും ചേർത്തുവച്ച് കുപ്പിയിൽ സൂക്ഷിക്കുക. ഒരു തുടംവീതം ദിവസം രണ്ടുനേരം കുടിക്കുക.

5. അമൃതപ്രാതരസായനം ഒരു ടേബിററസ്പൂൺ വീതം ദിവസം രണ്ടുനേരം സേവിക്കുക. മത്സ്യമാംസാദികറ കഴിക്കരുത്. ശരീരപത്ഥ്യവും കാക്കണം.

6. ദശമൂലാരിഷ്ടം ബലാരിഷ്ടം ഇവ സമം കൂട്ടിച്ചേർത്തു അതിൽ ഒരു ധാന്വന്തരം ഗുളികയും അരച്ച് ചേർത്തു ഒരൗൺസുവീതം സേവിക്കുക.

DHARAM COLLEGE LIBRARY BANGALORE 34913

വിദാര്യാദി ലേഹ്യമോ ചവ്യനപ്രാശ ലേഹ്യമോ ഒരു ടീസ്പൂൺവീതം അതിരാവിലെയും വൈകിട്ട് കിടക്കാൻസമയത്തും സേവിക്കുക. സഹചരാദി കുഴമ്പ് ശരീരത്തിലും ധാന്വന്തരം എണ്ണ തലയിലും തേച്ച് അരമണിക്കൂർ കഴിഞ്ഞു കുളിക്കുക. കുഴമ്പു നേരിയതായി ചൂടാക്കിയതായിരിക്കണം. ലഹരികളോ സ്ത്രീസേവയോ വിയർപ്പോ അതിവ്യായാമമോ പാടില്ല.

7. (ക്ഷയത്തിനുള്ളതു്) ഒരു ആടിൻെറ നാലുകാലും നട്ടെല്ലും വെടിപ്പാക്കി കൊത്തിനുറുക്കി ഇടിച്ചതുപോലെയാക്കി ആറിടങ്ങഴി വെള്ളത്തിൽ വെന്തു് മൂന്നിടങ്ങഴിയാക്കി മൂന്നിടങ്ങഴി തെങ്ങിൻകള്ളും അതിൽ നാഴി കൊത്തമല്ലിയും മുഴക്കു ജീരകവും അതിൻെറ പകുതി അയമോദകവും ഇട്ടു മൂടിക്കെട്ടി വച്ചിരുന്നു് ചാരായം വാററുന്നതുപോലെ വാററി ഒന്നരക്കുപ്പി ചാരായമെടുത്തു അതിൽ അരക്കുപ്പി നല്ല വീഞ്ഞും ചേർത്തു ഓരോ ഔൺസ് വീതം കാലത്തും വൈകിട്ടും കുറേശ്ശെ പഞ്ചസാരയും ചേർത്തു കുടിക്കുക.

## കാത്സ്യാടോണിക്ക്

നശിച്ചുപോയ ആരോഗ്യത്തെ വീണ്ടെടുക്കുന്നതിനു പററിയ ഒരു സിദ്ധൗഷധമാണ് കാത്സ്യാടോണിക്ക്. രക്തക്കുറവുള്ളവർക്കും പിത്തഹരങ്ങളായ രോഗംകൊണ്ടു വലയുന്നവർക്കും കാത്സ്യാടോണിക്ക് ആശ്വാസം പകരുന്നു. ചങ്കെരിച്ചിൽ, വയററിൽ വേദന, തലകറക്കം, ആരോഗ്യക്കുറവ് മുതലായവയ്ക്കും അത്യുത്തമമാണ് കാത്സ്യാടോണിക്ക്.

# നേത്രരോഗ ചികിത്സകൾ

കണ്ണിൽ വെള്ളം വരുന്നതിന്: നെല്ലിക്കാ, താന്നിക്കാ, കടുക്കാ, ഇരട്ടിമധുരം ഇവ സമം പൊടിച്ച് പഴയ പശുവിൻനെയ്യിൽ ചാലിച്ച് അത്താഴഭക്ഷണം കഴിഞ്ഞു സേവിക്കുക. വായുമേഘഗുളികയും സുനേത്രഗുളികയും സേവിക്കണം.

കണ്ണിൽ ധാര കോരുന്നതിനുള്ള മരുന്ന്: മുന്തിരിങ്ങാപ്പഴം, ഇരട്ടിമധുരം, ദേവതാരം, ചന്ദനം, മുത്തങ്ങാക്കിഴങ്ങ്. രാമച്ചം, ത്രിഫല, കരിമ്പിൻവേരു്, പാച്ചോററിത്തൊലി, മരമഞ്ഞൾത്തൊലി ഇവ ഓരോ കഴഞ്ചുവീതം ഒന്നേകാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാഴിയാക്കി ഒരുതുടം കഷായമരിച്ചെടുത്തു രണ്ടു പാത്രത്തിലാക്കി ചെറുതേൻ മേമ്പൊടിചേർത്തു നൂറെറാന്നു തുള്ളിവീതം രണ്ടുകണ്ണിലും ധാരചെയ്യുക.

നെയ്യ്: കണ്ണിലുണ്ടാകുന്ന ഏതുവിധ വ്യാധികൾക്കുമുള്ള നെയ്യാണിതു്. നെയ്യുണ്ടാക്കുന്നവിധം താഴെ ചേർക്കുന്നു. അടപൊതിയൻകിഴങ്ങ്, പടവലം, വേപ്പിൻതൊലി, കടുകുരോഹിണി, മരമഞ്ഞൾത്തൊലി, രാമച്ചം, ത്രിഫലത്തോട്, ആടലോടകം, കൊടിത്തൂവ, ബ്രഹ്മി, പർപ്പടകപ്പുല്ല് ഇവ പതിമൂന്നുകഴഞ്ചുവീതം എട്ടിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ഇടങ്ങഴിയാക്കി

പിഴിഞ്ഞരിച്ച കൽക്കത്തിന്നു് നീലക്കരിമ്പു്, കാകോളി, തിപ്പലി, പാച്ചോററിത്തൊലി, ഇന്തുപ്പു്, ചതകുപ്പ, ഇരട്ടിമധുരം, മുന്തിരിങ്ങാപ്പഴം, പഞ്ചസാര, ദേവതാരം, ത്രിഫല, മുത്തങ്ങാക്കിഴങ്ങു്, പുത്തരിച്ചുണ്ടവേരു്, കുടകപ്പാലയരി, അയമോദകം, ചന്ദനം ഇവ ഒന്നര കഴഞ്ചുവീതം അരച്ചുകലക്കി ഇരുന്നാഴി പശുവിൻനെയ്യും ചേർത്തു കാച്ചി ചെളിപാകത്തിൽ ഇരുനാഴി ആട്ടിൻപാലും ചേർത്തു ചെളിയാക്കി ഇരുനാഴി നെല്ലിക്കാനീരും ചേർത്തു കാച്ചി പാകത്തിൽ അരിക്കുക. കണ്ണിലുണ്ടാകുന്ന വ്യാധികൾക്കുള്ള നെയ്യാണിതു്. ഇരുനാഴി നെയ്യ് മുപ്പതുദിവസത്തേയ്ക്കു കഴിക്കുക. ചോറുമാത്രമുണ്ണാം. വെള്ളം പാടില്ല. ഇന്തുപ്പു്. കുരുമുളകു്, നെയ്യ് ഇവ ചേർത്തു പാവയ്ക്കാ കൂട്ടാം.

## കർപ്പൂരാദിതൈലം

കർപ്പൂരാദിതൈലവും സമം ചെറുതേനും ചേർത്തു ചാലിച്ചു കണ്ണിലെഴുതുക. കണ്ണിൻെറ ഇമ മേലും പോളമേലുമുള്ള സർവ്വ സുഖക്കേടുകളും ശമിക്കും. കണ്ണിലുള്ള കുരുക്കൾ, പോളയിലുള്ള കുരുക്കൾ, കൺപീലി പൊഴിച്ചിൽ, കൺകുരു ഇവയ്ക്കെല്ലാം ഇതു നല്ലതാണു്.

## ചന്ദനാദി ഗുളിക

കണ്ണിലെ സകല സുഖക്കേടുകൾക്കും ചന്ദനാദിഗുളിക നല്ലതാണു്. കണ്ണിലെ ചുവന്നതും വെളുത്തതുമായ പടലങ്ങൾക്കു പ്രത്യേകിച്ചും ഇതുപയോഗിക്കാം.

ഉപയോഗക്രമം: ചന്ദനാദിഗുളിക പനിനീരിൽ അരച്ചു് എഴുതുകയോ നിറുത്തുകയോ ചെയ്യണം. പുളിയിലനീർ, മുലപ്പാൽ, പച്ചവെള്ളം, തുളസിയിലനീർ ഇവയിലേതെങ്കിലും നീരിൽ ഒരു ഗുളികയുടെ നാലിലൊരുഭാഗം വീതം ദിവസം രണ്ടുനേരം ഉപയോഗിക്കണം.

## ചന്ദനാദിചൂർണ്ണം

കണ്ണിൻെറ പുറമേയുള്ള നീർക്കെട്ടുകൾക്കു് മുലപ്പാലിലോ ചെറുതേനിലോ ചന്ദനാദിചൂർണ്ണം ചാലിച്ചു നെററിയിലും നിറുകയിലും എഴുതുക.

തലക്കുത്തു്, കണ്ണിൽക്കൂടി വെള്ളംവരുക, പുരികം പൊട്ടുക ഇവക്കു ചന്ദനാദിചൂർണ്ണം മുലപ്പാലിൽ ചാലിച്ചു് നിറുകയിലും നെററിയിലും പുരട്ടുക.

## രത്നാദിഗുളിക

വ്രണശുക്ലാദികൾക്കു് രത്നാദിഗുളിക വാളൻപുളിയിലനീരിലോ, മുലപ്പാലിലോ അരച്ച് കണ്ണിൽ എഴുതുകയോ നിറുത്തുകയോ ചെയ്യുക.

## വായുമേഘഗുളിക

കണ്ണിലെ സർവ്വവിധ സുഖക്കേടുകൾക്കും വായുമേഘഗുളിക ചെറുതേനിലരച്ച കണ്ണിൽ എഴുതുകയോ നിർത്തുകയോ ചെയ്യുക. അസുഖം കുറയുന്നില്ലെങ്കിൽ സമുദ്രജിഹ്വാദിഗുളിക തേനിലരച്ചു് കണ്ണിലെഴുതുകയോ നിറുത്തുകയോ ചെയ്യുക.

## വിമലഗുളിക

കണ്ണിലനുഭവപ്പെടുന്ന ചൂടു്, ചുവപ്പു്, വേദന ഇവക്കു് വിമല ഗുളികയുടെ നാലിലൊരുഭാഗം പനിനീരിലരച്ച കണ്ണിൽ എഴുതുക. കണ്ണിൽനിന്നും വെള്ളംവരുന്ന സുഖക്കേടിനും വിമല ഗുളിക ഉപയോഗിക്കാം.

## ബാലപീയൂഷം

കൊച്ചുകുട്ടികൾക്കുണ്ടാകുന്ന സകല നേത്രരോഗങ്ങൾക്കും ബാലപീയൂഷം തള്ളയുടെ മുലഞെട്ടിൽ തേച്ചു് മുല കൊടുക്കുക.

## ദന്തവർത്തി ഗുളിക

ഈ ഗുളിക തേനിലരച്ചു് കണ്ണിലെഴുതുക. കണ്ണിലെ സർവ്വരോഗങ്ങളും ശമിക്കും.

## ശിലാജിതൈലം

ശ്ലേഷ്മതിമിരം, ഫില്ലം, അർമ്മം, ശോഷം ഇവക്കു് ശിലാജിതൈലം കണ്ണിലെഴുതുക.

## രസാജ്ഞനംഗുളിക

ശുക്ലം, കാചം, മർമ്മം, തിമിരം ഇവക്കു് രസാജ്ഞനംഗുളിക തേനിലരച്ച കണ്ണിലെഴുതുക.

## സുനേന്ദ്രിവടകം

കണ്ണിലുണ്ടാകുന്ന നീണ്ടോ അരിമുറിപോലെയോ ഒക്കെയുള്ള വ്യാധികൾക്കു സുനേന്ദ്രിവടകം പച്ചവെള്ളത്തിലോ മുലപ്പാലിലോ വാളൻപുളിയുടെ നാരോടുകൂടിയ ഇല കൈയിലിട്ടു തിരുമ്മിപിഴിഞ്ഞ നീരിലോ കുറേശ്ശെ അരച്ചുചേർത്തു കണ്ണിൽ നിർത്തുകയോ എഴുതുകയോ ചെയ്യുക.

## പുറമ്പട

കണ്ണിൽ നീർക്കെട്ടുണ്ടായാൽ ത്രിഫല, കാവിമണ്ണു് ചന്ദനംരണ്ടും, മഞ്ഞൾ, മരമഞ്ഞൾത്തൊലി, പാച്ചോററിത്തൊലി, നറുനീണ്ടിക്കിഴങ്ങു് നാരും മൊരിയും കളഞ്ഞതു്, പേരാൽമൊട്ടു്, കറുക. രാമച്ചം, വേപ്പില ഇവ സമം പാലിലരച്ചു് ഗുളികയാക്കി ചെറുതേനിലോ മുലപ്പാലിലോ അരച്ച പുറമ്പടയിടുക. നീരു ശമിക്കും.

## താമ്രരാജൻഗുളിക

അതിസൂക്ഷ്മം, അതിമാംസം, വ്രണശുക്ലം, കുക്കുണം, തിമിരം, കാജം, പടലം ഇവ ശമിക്കുന്നതിനു് താമ്രരാജൻഗുളിക പച്ചവെള്ളത്തിലോ ആട്ടിൻപാലിലോ മുലപ്പാലിലോ അരച്ച കണ്ണിൽ നിറുത്തുകയോ എഴുതുകയോ ചെയ്യുക.

## താമ്രാദിഗുളിക

ക്ഷതശുക്ലാദികൾ ശമിക്കുന്നതിനു താമ്രാദിഗുളിക പാലിലരച്ച കണ്ണിലെഴുതുകയോ നിറുത്തുകയോ ചെയ്യുക.

## പച്ചക്കുഴമ്പു്

വെളുത്ത കാസാവില, വാളൻപുളിയില, കോവലില, നെല്ലിയില, ചെത്തിപ്പൂവു് ഇവ സമം ഇടിച്ച

പിഴിഞ്ഞ നീരിൽ ചന്ദനാദിഗ്ഗുളികയോ ചന്ദനാദിചൂർണ്ണമോ ചേർത്തു ചാലിച്ച് നിറുകയിൽ രൂപാവട്ടത്തിൽ തളംവെയ്ക്കുക രണ്ടു കണ്ണിൻെറയും പോളയ്ക്കുചുററും പുരട്ടണം. കണ്ണിനു മുകളിലുള്ള എല്ലാ അസുഖങ്ങൾക്കുമുള്ള കുഴമ്പാണിതു്.

## കണ്ണിൽ സുഖക്കേടിനു വയറിളക്കുകഷായം

മുന്തിരിങ്ങാപ്പഴം, ചെറുതിപ്പലി ഇവ മുമ്മൂന്നുകഴഞ്ചുവീതവും കടുക്കാത്തോടു് ആറുകഴഞ്ചും ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു നാഴിയാക്കി ഒരുതുടം കഷായത്തിൽ തൃകോൽപ്പക്കൊന്ന പൊടിച്ച് മേമ്പൊടി ചേർത്തു അത്താഴംകഴിഞ്ഞും വെളുപ്പാൻകാലത്തും സേവിക്കുക (ഒരു തുടംവീതം). വയറിളകിയാൽ പിന്നെ കുടിക്കരുതു്.

## കണ്ണിൽ ചുണ്ണാമ്പുപോയാൽ

ചെറുപൂള പിഴിഞ്ഞെടുത്ത നീരു്, കണ്ണിൽ വീഴ്ത്തുക. വെററിലനീരും ഉപയോഗിക്കാം.

## കണ്ണു മുറിഞ്ഞാൽ

നല്ല വെററില എടുത്തു ഒന്നിൽ വെണ്ണനെയ്യ് പുരട്ടി മറേറ വെററിലയിൽ ഇന്തുപ്പുകൂട്ടി എണ്ണയിൽ മുക്കി തിരികത്തിച്ച ആ തിരിക്കു് ഈ വെററിലകാട്ടി പൊട്ടാതെ ക്രമത്തിൽ വാട്ടി തുണിയിലിട്ടു കണ്ണിൽ പിഴിയുക. നെല്ലിൻെറ ഓവുകൊണ്ടു മുറിഞ്ഞാൽ തകരയില തിരുമ്മിപ്പിഴിഞ്ഞാൽ മതി.

## കണ്ണിൽ ചതവുപററിയാൽ

കണ്ണിൽ ചതവുപററിയിട്ടുണ്ടെങ്കിൽ മൊരികളഞ്ഞ മുത്തങ്ങ ചതച്ച് കണ്ണിൽ കിഴികെട്ടിയാൽ മതി. അല്ലെങ്കിൽ വെററിലയിൽ നല്ലെണ്ണപുരട്ടി ചൂടാക്കി ചെറുചൂടിൽ രണ്ടുമൂന്നുതുള്ളി കണ്ണിൽ പിഴിയുക. ചണ്ണക്കുവയുടെ തണ്ടു് വാട്ടിപ്പിഴിഞ്ഞു ചെറുചൂടോടെ രണ്ടുമൂന്നുതുള്ളി കണ്ണിലൊഴിച്ചാലും മതി.

വൈദ്യ

സൈമൺ

CT Library
*00034913*
Q64 M90



നമ്മുടേതു്. അതുകൊണ്ടു തന്നെ ആധുനിക വൈദ്യശാസ്ത്രത്തിൻെറ അഭിനന്ദനാർഹങ്ങളായ നേട്ടങ്ങളൊന്നും നമ്മുടെയിടയിലേയ്ക്കു കടന്നുവരുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും നമുക്കഭിമാനിക്കത്തക്ക രീതിയിലുള്ളൊരു വൈദ്യശാസ്ത്രം--ആയുർവ്വേദം — നമുക്കുണ്ടു്. നാമതിൽ നിന്നും വേണ്ടത്ര ഫലമെടുക്കുന്നില്ലെന്നു മാത്രമെയുള്ളു. നമ്മുടെയിടയിൽ സാധാരണ കണ്ടുവരാറുള്ള പല രോഗങ്ങൾക്കും ആയുർവ്വേദമരുന്നുകളാണു് പലപ്പോഴും ഉപകാരപ്രദമായി കാണാറുള്ളതു്. വലിയ ചെലവൊന്നും കൂടാതെ പ്രയോഗിക്കാവുന്ന ആയുർവ്വേദ ഔഷധങ്ങളെപ്പററി നമുക്കു സാമാന്യം നല്ല അറിവുണ്ടാവുകയാണെങ്കിൽ അതു നമുക്കു വലിയൊരനുഗ്രഹമായിരിക്കും. വൈദ്യചന്ദ്രികയുടെ ലക്ഷ്യവും മറെറാന്നല്ല. നമുക്കു സാധാരണയനുഭവപ്പെടുന്ന അസുഖങ്ങൾ, അവയ്ക്കു ചെയ്യേണ്ട പ്രതിവിധികൾ, മരുന്നുകൾ സജ്ജമാക്കുന്നവിധം ഇവയെല്ലാം വൈദ്യചന്ദ്രികയിലുണ്ടു്. നീണ്ട അറുപതു വർഷക്കാലമായി വി... ചികിത്സയും മററു ആയുർവ്വേദ ചികിത്സകളും നടത്തുന്ന പരിചയ സമ്പന്നനാണു് വൈദ്യചന്ദ്രികയുടെ കർത്താവു്. ആതുര ശുശ്രൂഷയിൽ മഹനീയ സേവനമനുഷ്ഠിക്കുന്ന ഈ യോഗീവര്യൻെറ അനുഭവസമ്പത്തു നമ്മുടെ ആയുർവ്വേദ വൈദ്യശാസ്ത്രത്തിനു ഒരു മുതൽക്കൂട്ടുതന്നെയാണു്.

വില 2.50

...പി... ബുക്ക് ഹൗസ്,
കോട്ടയം — 686 001.

# വൈദ്യ ചന്ദ്രിക

മൂലക്കാട്ട്

DEEPIKA BOOK HOUSE KOTTAYAM

264
M90

Indic Digital Archive Foundation
gpura.org